യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്

സെപ്റ്റംബർ 2025 | വാല്യം 52 ലക്കം 6 | പേജ് 12 | വില ₹10.00

UNITY Monthly | September 2025 | Volume 52 Issue 6 | Chief Editor: JAISON JOSEPH | Page 12 | Price ₹10.00

അവകാശസമരചരിത്രത്തിലെ അനിതരസാധാരണമായ അദ്ധ്യായമായി രചിക്കപ്പെട്ട ഒരു തൊഴിലാളി സമരത്തിന് കഴിഞ്ഞ ആറുമാസമായി കേരളം സാക്ഷ്യം വഹിക്കുകയാണ്. അവകാശലംഘനങ്ങളാൽ അപമാനിതരാകുന്ന മുഴുവൻ മനുഷ്യർക്കും ശിരസ്സുയർത്തി നിലകൊള്ളാൻ ആത്മവിശ്വാസം നൽകിയ ആശാസമരമാണത്. ആശാസമരത്തിന്റെ വിജയം, പിറവികൊള്ളാനിരിക്കുന്ന മുഴുവൻ തൊഴിലാളിസമരങ്ങൾക്കും ഊർജ്ജസ്രോതസ്സായി മാറുമെന്ന് നമ്മുടെ രാജ്യത്തെ പണിയെടുക്കുന്നവരൊന്നാകെ ദൃഢമായി വിശ്വസിക്കുന്നു. അതിനാൽ അവരൊന്നാകെ ആശാസമരത്തിന്റെ വിജയം അഭിലഷിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ ലക്ഷക്കണക്കിന് തൊഴിലാളികൾ ആശാസമരത്തിന് നൽകുന്ന അളവറ്റ പിന്തുണ ഈ അഭിലാഷത്തിന്റെ പ്രതിഫലനമാണ്.

200 രാപകൽ പിന്നിടുന്ന ആശാസമരം

അണയാത്ത സമരവീര്യത്തിന്റെ അപരാജിത മുന്നേറ്റം

ആശാ ഹെൽത്ത് വർക്കേഴ്സ് അസ്സോസിയേഷന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റ് നടയിൽ നടന്നുവരുന്ന സമരത്തിന്റെ 193-ാം ദിവസമായ ആഗസ്റ്റ് 20ന് എൻഎച്ച്എം ഓഫീസിലേക്കുനടന്ന മാർച്ച്.

ഓണറേറിയം 21,000 രൂപയായി വർദ്ധിപ്പിക്കുക, വിരമിക്കൽ ആനുകൂല്യം 5 ലക്ഷം രൂപ നൽകുക, ഓണറേറിയം നിശ്ചയിക്കുന്നതിനായുള്ള മുഴുവൻ മാനദണ്ഡങ്ങളും പിൻവലിക്കുക, 62 വയസ് പൂർത്തിയാക്കുന്ന ആശമാരെ പിരിച്ചുവിടാനുള്ള ഉത്തരവ് പിൻവലിക്കുക, പെൻഷൻ അനുവദിക്കുക തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഫെബ്രുവരി 10ന് സെക്രട്ടറിയേറ്റ് പടിക്കൽ കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ ആരംഭിച്ച സമരമാണ് കേരളത്തിൽ പുതിയ സമര ചരിത്രമെഴുതി മുന്നേറുന്നത്. ജനുവരി 25ന് സെക്രട്ടറിയേറ്റ് പടിക്കൽ നടത്തിയ സൂചന സമരത്തിൽ സംസ്ഥാനത്തിന്റെ വാർഷിക ബജറ്റിൽ ആശമാരുടെ ആവശ്യങ്ങൾ പരിഗണിക്കണമെന്നും ആനുകൂല്യം പ്രഖ്യാപിക്കണമെന്നും ഇല്ലെങ്കിൽ രാപകൽ സമരത്തിലേക്ക് കടക്കുമെന്നും പ്രഖ്യാപിച്ചിരുന്നു. ആശാവർക്കർമാരെ തീർത്തും അവഗണിച്ച ബജറ്റിനെതിരെ ശക്തമായ പ്രതിഷേധം ഉയർത്തിയാണ് സമരം തുടങ്ങിയത്. കൂലിയും അർഹതപ്പെട്ട അവകാശങ്ങളും നിർദ്ദാക്ഷിണ്യം നിഷേധിക്കപ്പെടുമ്പോൾ

(ശേഷം 3-ാം പേജിൽ)

ജനാധിപത്യവിരുദ്ധമായ 130-ാം ഭരണഘടനാഭേദഗതി ബിൽ ഉടൻ പിൻവലിക്കണം

അഞ്ചുവർഷമോ അതിൽ കൂടുതലോ ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യത്തിന്റെ പേരിൽ ഒരു മന്ത്രിക്ക് (പ്രധാനമന്ത്രിയും മുഖ്യമന്ത്രിമാരുമടക്കം) തുടർച്ചയായി 30 ദിവസം അറസ്റ്റ് ചെയ്യപ്പെട്ട് കസ്റ്റഡിയിൽ കഴിയേണ്ടി വന്നാൽ രാജിവയ്ക്കുകയോ മന്ത്രിസ്ഥാനം നഷ്ടമാകുകയോ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്ന 130-ാം ഭരണഘടനാ ഭേദഗതി ബിൽ പാർലമെന്റിൽ അവതരിപ്പിച്ചിരിക്കുന്നു.പ്രത്യക്ഷത്തിൽ ഇത് അഴിമതിക്കെതിരായ കുരിശുയുദ്ധമായാണ് തോന്നുക. എന്നാൽ സിബിഐ, ഇഡിപോലുള്ള കേന്ദ്ര അന്വേഷണ ഏജൻസികളെ ആയുധമാക്കിക്കൊണ്ട് പ്രതിപക്ഷത്തുള്ള ഏതൊരു മന്ത്രിയെയും കേസിൽ കുടുക്കാൻ കേന്ദ്രഭരണം കൈയാളുന്നവർക്ക് അനിയന്ത്രിതമായ അധികാരം നൽകുകയെന്ന ഗൂഢോദ്ദേശ്യമാണ് ഈ ഭേദഗതിക്ക് പിന്നിലുള്ളത്. 'കുറ്റവാളി എന്ന് തെളിയിക്കപ്പെടുംവരെ നിരപരാധി' എന്ന വ്യവസ്ഥാപിതമായ തത്വത്തെ തകിടം മറിക്കുന്നതും 1951ലെ ജനപ്രാതിനിധ്യനിയമത്തിന്റെ ലംഘനവുമാണിത്. അതുകൊണ്ടുതന്നെ ഈ ബില്ലിനെ ഞങ്ങൾ ശക്തമായി എതിർക്കുകയും ഇത് പൂർണമായും പിൻവലിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. ■

ചൂരൽമല:

ദുരന്തം ബാക്കിവച്ച ജീവിതങ്ങൾ പറയുന്നത്

മതിലുകളില്ലാത്ത, സ്നേഹ സൗഹാർദ്ദങ്ങൾക്കതിരുകളില്ലാത്ത ഇടമായിരുന്നു ചൂരൽമലയെന്ന് ദുരന്തം ബാക്കിവച്ച ജീവിതങ്ങൾ ഗൃഹാതുരതയോടെ ഓർമ്മിക്കുന്നു. ഉത്സവവും പെരുന്നാളും നോമ്പുതുറയുംഒരുപോലെആഘോഷമാക്കിയിരുന്ന, അത്രമേൽ ഒരു കുടുംബംപോലെ കഴിഞ്ഞുവന്നിരുന്ന ചൂരൽമല നിവാസികൾ ചിന്നിച്ചിതറി തെറിച്ചുപോയതിന്റെ നൊമ്പരവും നീറ്റലും വർഷമൊന്നു പിന്നിട്ടിട്ടും തെല്ലും കുറയുന്നില്ല. കൽപ്പറ്റയിലും മേപ്പാടിയിലും മറ്റെവിടേയ്ക്കൊക്കെയോ ചിതറിപ്പോയ ജീവിതം തുന്നിക്കൂട്ടാനുള്ള കഠിന പരിശ്രമത്തിലാണ് അതിജീവിതർ. ദുരന്തവാർഷികത്തിൽ മേപ്പാടിയും ചൂരൽമലയും സന്ദർശിച്ച യൂണിറ്റി മീഡിയ ടീമിന് കാണാനായ സങ്കടക്കാഴ്ചകളേറെയും അധികാരികളുടെ നിരുത്തരവാദനിലപാടുകളുടെ അനന്തരഫലങ്ങളായിരുന്നു. ചൂരൽമലയിലും മേപ്പാടിയിലും കൽപ്പറ്റയിലുമായി അതിജീവിതരെ സന്ദർശിക്കുകയും സംസാരിക്കുകയും ചെയ്തതിൽ നിന്ന് വ്യക്തമായ ചില കാര്യങ്ങളാണ് ലേഖനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിലെ ചൂരൽമല, മുണ്ടക്കൈ, പുഞ്ചിരിമട്ടം എന്നീ മൂന്നുഗ്രാമങ്ങളെത്തന്നെ തുടച്ചുനീക്കിയ 2024ജൂലൈ 30ന്റെ ഉരുൾപൊട്ടൽ കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും മാരകമായ പ്രകൃതി ദുരന്തമാണ്. മേപ്പാടി പഞ്ചായത്തിലെ 10,11,12 വാർഡുകളാണിവ. മുണ്ടക്കൈ പതിനൊന്നാം വാർഡും ചൂരൽമല പന്ത്രണ്ടാം

(ശേഷം 2-ാം പേജിൽ)

പലസ്തീൻ ജനതക്കൊപ്പം...

സയണിസ്റ്റ് ഇസ്രയേൽ അമേരിക്കൻ പിന്തുണയോടെ ഗസയിൽ നടത്തുന്ന വംശഹത്യക്കെതിരെ 'സേവ് ഗസ' പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ കോഴിക്കോട് മൊഫ്യൂസൽ സ്റ്റാൻഡിനടുത്ത് നടന്ന പൗരസംഗമം ഡോ.ഡി.സുരേന്ദ്രനാഥ് ഉദ്ഘാടനം ചെയ്യുന്നു. ഡോ.ഖദീജ മുംതാസ് മുഖ്യപ്രസംഗം നടത്തി.

രൂക്ഷമാകുന്ന മുതലാളിത്ത പ്രതിസന്ധി: ആഗോളീകരണത്തിന്റെ അവകാശവാദങ്ങൾ പൊളിയുന്നു

ലോകത്തെ പ്രമുഖ സാമ്പത്തികവിദഗ്ദ്ധരും വ്യവസായികളും രാഷ്ട്രനേതാക്കളുമൊക്കെ, ഇക്കഴിഞ്ഞ 30 വർഷത്തെ കാലയളവിനെ, ആഗോളവൽക്കരണത്തിന്റെ യുഗമായാണ് വിശേഷിപ്പിച്ചുകൊണ്ടിരുന്നത്. അന്താരാഷ്ട്ര വാണിജ്യത്തിനുള്ള എല്ലാ തടസ്സങ്ങളും നീക്കി, രാജ്യങ്ങളുടെ ആഭ്യന്തര വിപണികൾ തുറന്നുകൊടുത്ത്, ആഗോള മൂലധനത്തിന് വിവിധ രാജ്യങ്ങളിലൂടെയുള്ള സുഗമസഞ്ചാരത്തിനുള്ള വഴിയൊരുക്കുന്നതിലൂടെ, ലോകത്ത് വികസനവും, സമ്പത്തും സമാധാനവും കാര്യശേഷിയും കൈവരുമെന്നാണ് നിയോലിബറൽ പണ്ഡിതർ ഇതുവരെ പറഞ്ഞുകൊണ്ടിരുന്നത്. ചരക്കുകളുടെയും സേവനങ്ങളുടെയും മൂലധനത്തിന്റെയും സുഗമമായ സഞ്ചാരം ലോകത്തെമുഴുവൻ ഒറ്റ ഗ്രാമംപോലെ മാറ്റിത്തീർക്കുമെന്നും രാജ്യാതിർത്തികൾതന്നെ അർത്ഥശൂന്യമാവുമെന്നുമൊക്കെയായിരുന്നു അവകാശവാദം. കമ്പോളശക്തികൾക്കായി വിപണികൾ തുറന്നുകൊടുത്ത്, നിയമങ്ങളിൽ ഇളവുകൊടുത്ത്, സ്വകാര്യവൽക്കരണത്തിലൂടെയും ഉദാരവൽക്കരണത്തിലൂടെയും വിദ്യാഭ്യാസവും ആരോഗ്യവുമടക്കമുള്ള മേഖലകൾ സ്വകാര്യ ലാഭശക്തി

(ശേഷം 4-ാം പേജിൽ)

ചൂരൽമല

വൈകുന്ന പുനഃരധിവാസം മാപ്പർഹിക്കാത്ത പാതകം

(1–ാം പേജിൽ നിന്ന്)

വാർഡുമാണ്. 403 പേരുടെ മരണം സ്ഥിരീകരിക്കപ്പെട്ടു. 150പേരെ ഇനിയും കണ്ടെത്താനായിട്ടില്ല. തേയിലത്തോട്ടങ്ങളിൽ പണിയെടുത്തിരുന്ന ഇതരസംസ്ഥാനത്തൊഴിലാളികൾ എത്രയെന്നോ അവരിൽ എത്ര പേർ മരണപ്പെട്ടു എന്നോ കണക്കില്ല. ഔദ്യോഗിക കണക്കുകൾ പ്രകാരം 1555ലധികം വീടുകൾ, സ്കൂളുകൾ, ഒരു ഡിസ്പെൻസറി, പഞ്ചായത്ത് ഭവൻ, വൈദ്യുതി ബോർഡ് ഓഫീസ്, മൂന്ന് പാലങ്ങൾ, 300ഓളം കടമുറികൾ, കിലോമീറ്ററുകളോളം ഗ്രാമീണ റോഡുകൾ എന്നിവ ഇല്ലാതെയായി. 1500 ഏക്കർ ഭൂമി ഒലിച്ചുപോയി. ഇതിൽ 700 ഏക്കറോളം കൃഷിഭൂമി ആയിരുന്നു. ചൂരൽമലയിലും മുണ്ടക്കൈയിലും അവശേഷിച്ചിരുന്ന കടകളും അടച്ചുപൂട്ടി. ചെറുകിട വ്യാപാരമേഖലയിൽ മാത്രം 25 കോടിയിലേറെ നഷ്ടമുണ്ടായതായാണ് വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ കണക്കുകൾ പറയുന്നത്.

രേഖപ്പെടുത്തപ്പെട്ട കണക്കുകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതാണോ ദുരന്തത്തിന്റെ വ്യാപ്തി? ഈ കണക്കുകൾക്കും എത്രയോ മേലെയാണ് ദുരന്തത്തിന്റെ പ്രത്യാഘാതം. രേഖപ്പെടുത്തപ്പെട്ട കണക്കുകൾതന്നെ കൃത്യമാണോ? സമാനതകളില്ലാത്ത ദുരിതമാണ് 2024 ജൂലൈ 30ന് സംഭവിച്ച ഉരുൾപൊട്ടൽ ബാക്കിവച്ചത്. ഉരുളു ബാക്കിവെച്ച മനുഷ്യരുടെയോ പ്രകൃതിയുടെയോ മുറിവുണങ്ങിത്തുടങ്ങിയിട്ടില്ല. മേപ്പാടിമുതൽ മുണ്ടക്കൈവരെയുള്ള സ്ഥലത്ത് പതിറ്റാണ്ടുകളായി ജീവിച്ചുവന്നിരുന്ന ഒരു ജനസമൂഹം പ്രകൃതിശക്തികളോടും വന്യമൃഗങ്ങളോടും പടവെട്ടി സൃഷ്ടിച്ചെടുത്തൊരു ആവാസവ്യവസ്ഥയും ജീവിതതാളവുമാണ് അമ്പേ തകർന്നുതരിപ്പണമായത്. പ്രധാനമായും കാർഷികവൃത്തിയെ ആശ്രയിച്ചുകഴിഞ്ഞുപോന്നിരുന്ന ജനങ്ങൾ തിങ്ങിപ്പാർത്തിരുന്ന ഈ പ്രദേശത്ത് ജീവിതം പുനരാരംഭിക്കുക മരണത്തെ അതിജീവിച്ചവർക്കും അത്ര എളുപ്പമല്ല. കാർഷികവൃത്തിയിലും അനുബന്ധ പണികളിലും ഏർപ്പെട്ടിരുന്നവരായിരുന്നു മഹാഭൂരിപക്ഷവും. ഇല്ലായ്മകളിലും സങ്കടങ്ങളിലും പരസ്പരം ചേർത്തുനിർത്തി ആശ്വസിപ്പിക്കാനുള്ള മനുഷ്യത്വം ദുരന്തബാധിതർ കാണിക്കുമ്പോഴും സാങ്കേതികമായി മാത്രം നഷ്ടങ്ങളുടെ കണക്കെടുത്ത് മരണമടഞ്ഞവരെ സംസ്കരിച്ചതടക്കമുള്ളതിന്റെ ചെലവുകൾ പർവ്വതീകരിച്ചുകാണിച്ച് പിആർ വർക്ക് നടത്തി തൃപ്തിയടയുകയാണ് സർക്കാർ. അല്ലെങ്കിൽത്തന്നെ ചൂരൽമലയിലെ ദുരിതാശ്വാസപ്രവർത്തനത്തിന് സർക്കാർ ചെലവഴിച്ച തുകയിനങ്ങൾകണ്ട് ജനം മൂക്കത്ത് വിരലുവച്ച് നിൽക്കുകയാണ്. പുഴയിലെ മണൽ നീക്കാനും പാലം പണിയാനും കോടികളാണത്രേ ഇതിനകം ചെലവാക്കിയത്. പുഴ നന്നാക്കാനെന്ന പേരിൽ കോരി ഇരുവശത്തും വച്ച മണലാകട്ടെ അടുത്ത മഴയ്ക്ക് ഒഴുകി പുഴയിൽതന്നെ വീഴുകയും ചെയ്തു. ചൂരൽമലയിൽ തളംകെട്ടിനിൽക്കുന്ന മൂകതയും ജനങ്ങളുടെ അനിശ്ചിതത്വവും അരക്ഷിതാവസ്ഥയും മറികടക്കണമെങ്കിൽ ആ പ്രദേശത്തെ മുഴുവനാളുകൾക്കും ജീവിതം തിരിച്ചുപിടിക്കാനാവശ്യമായതെന്തൊക്കയാണോ അതെല്ലാം കൊടുക്കുക തന്നെവേണം.

ചൂരൽമല നിവാസികളുടെ ഇപ്പോഴത്തെ സ്ഥിതി

കൽപ്പറ്റയിൽ 410 വീടുകളുടെ നിർമ്മാണം നടക്കുന്നതൊഴിച്ചാൽ പുനരധിവാസ പ്രവർത്തനങ്ങൾ എങ്ങുമെത്തിയിട്ടില്ല. ഭാഗികമായും പൂർണമായും വീടുനഷ്ടപ്പെട്ടവർ, ഭൂമി നഷ്ടപ്പെട്ടവർ, കൃഷി നഷ്ടപ്പെട്ടവർ, കാപ്പിയും കുരുമുളകുമടക്കം കൊയ്തെടുത്ത വിളവ് നഷ്ടമായവർ, കടമുറികൾ നഷ്ടപ്പെട്ടവർ, വാടകയ്ക്കെടുത്ത കടമുറികൾ നഷ്ടമായവർ, വാഹനങ്ങൾ നഷ്ടമായവർ, ഒരായുസ്സിന്റെ മുഴുവൻ സമ്പാദ്യവും നഷ്ടമായവർ തുടങ്ങി നിത്യജീവനോപാധികളെല്ലാം കൈവിട്ടുപോയവരാണ് പ്രദേശവാസികൾ. തുടർചികിത്സയും അതിനാവശ്യമായ പണവും ജനങ്ങൾക്ക് ബാലികേറാമലയാണ്. പലർക്കും ചികിത്സ നീട്ടിവയ്ക്കേണ്ടി വരുന്നു, അല്ലെങ്കിൽ മറ്റുള്ളവരുടെ കാരുണ്യത്തിന് കൈനീട്ടേണ്ടിവരുന്നു. ഇതിനൊക്കെപ്പുറമേയാണ് ജനങ്ങൾ അനുഭവിക്കുന്ന തൊഴിലില്ലായ്മ. ആവാസഭൂമിയിൽ നിന്ന് പറിച്ചുമാറ്റപ്പെട്ടതിനാൽ ബഹുഭൂരിപക്ഷത്തിനും ചെയ്തുവന്ന ജോലി തുടരാനാകുന്നില്ല, നിത്യവൃത്തി അനിശ്ചിതത്വത്തിലാണ്. നിലയില്ലാത്ത അനിശ്ചിതത്വത്തിലേയ്ക്കാണവർ എടുത്തെറിയപ്പെട്ടിരിക്കുന്നത്. മരിച്ചവർ ഭാഗ്യവാന്മാർ എന്നുപോലും അവർ പറഞ്ഞുതുടങ്ങിയിരിക്കുന്നു.

വായ്പാക്കെണിയാണ് ഏറെ ആളുകളുടെയും മുന്നിലുള്ള മറ്റൊരു പ്രശ്നം. കേരള ബാങ്കുൾപ്പെടെ പൊതുമേഖലാ ബാങ്കുകളിൽനിന്നും സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്തവർ, വായ്പയെടുത്ത് വീടുവച്ചവർ, വാഹനമെടുത്തവർ, കാർഷികവായ്പയെടുത്തവർ, വിദ്യാഭ്യാസ വായ്പയെടുത്തവർ എല്ലാം ഇക്കൂട്ടത്തിൽപെടും. വായ്പ എഴുതിത്തള്ളും എന്ന പ്രഖ്യാപനം വന്നിരുന്നുവെങ്കിലും നടപടികൾ എന്തെങ്കിലും നീങ്ങിയതായി അറിയില്ല എന്നാണ് പ്രദേശവാസികൾ പറയുന്നത്, വായ്പ എഴുതിത്തള്ളിയതിന്റെ രേഖകളൊന്നും ഒരു ബാങ്കും കൈമാറിയിട്ടില്ല. ജോൺ മത്തായി കമ്മീഷന്റെ തിട്ടൂരപ്രകാരം അതിരുതിരിച്ച് കല്ലിട്ടിരിക്കുന്നതിനും പുറത്ത് ചൂരൽമലയിൽ താമസിക്കുന്ന ആളുകൾക്ക് ബാങ്കുകൾ വായ്പനൽകുന്നില്ല എന്ന ഒരു പുതിയ പ്രശ്നവും ജനങ്ങൾക്ക് അഭിമുഖീകരിക്കേണ്ടിവന്നിരിക്കുന്നു. വന്യമൃഗഭീഷണിയാണ് ചൂരൽമലക്കാർ ഇപ്പോൾ അഭിമുഖീകരിക്കുന്ന പുതിയ പ്രശ്നം. പ്രദേശത്തുനിന്ന് ആൾപ്പാർപ്പൊഴിഞ്ഞപ്പോൾ ആനയും പുലിയുമടക്കം കാട്ടുമൃഗങ്ങൾ നാട്ടിലേക്കിറങ്ങിത്തുടങ്ങിയിരിക്കുന്നു.

പുനഃരധിവാസ പദ്ധതി പൂർത്തിയാകുന്നതുവരെ പ്രതിമാസം 6000 രൂപ വീട്ടുവാടക ഇനത്തിൽ നൽകും എന്നായിരുന്നു സർക്കാർ പ്രഖ്യാപനം. എന്നാൽ കഴിഞ്ഞ ഏതാനും മാസങ്ങളായി ഇത് ലഭിക്കുന്നില്ല, വീടിനുള്ള ലിസ്റ്റിൽ പേരുവന്നിരിക്കുന്നവർക്ക് പ്രത്യേകിച്ചും. ഒട്ടുമിക്ക വാടകവീടുകൾക്കും ആറായിരം രൂപയ്ക്കുമേലെയാണ് പ്രതിമാസ വാടക. ഈ അധിക തുക കണ്ടെത്തുക എന്നതും നിത്യേന തൊഴിൽ ഉറപ്പല്ലാത്ത ജനങ്ങൾക്ക് സൃഷ്ടിക്കുന്ന ബുദ്ധിമുട്ട് ചെറുതല്ല. ആവശ്യക്കാരായിരിക്കുന്ന ആളുകളിൽ മൂന്നിലൊന്നുപോലും മാതൃകാഭവന പദ്ധതിയിൽ ഉൾപ്പെടുത്തപ്പെട്ടിട്ടില്ല. ഒന്നിലേറെ കുടുംബങ്ങൾ ഒരു വീട്ടിൽ താമസിച്ചിരുന്നതിൽ എല്ലാ കുടുംബങ്ങളും ലിസ്റ്റിൽ ഇല്ല, വാടകയ്ക്ക് താമസിച്ചിരുന്നവർ ലിസ്റ്റിൽ ഉൾപ്പെടുത്തപ്പെട്ടിട്ടില്ല. ഉപജീവനമാർഗ്ഗമായിരുന്ന വാഹനങ്ങൾ നഷ്ടപ്പെട്ടവരിൽ ചിലർക്കെങ്കിലും വാഹനം തിരികെ ലഭിച്ചത് സർക്കാർ സഹായംകൊണ്ടല്ല, സന്നദ്ധസംഘടനകളുടെയോ സുമനസ്സുകളുടെയോ ഉദാരമനസ്സുകൊണ്ടാണ്. വ്യാപാരസ്ഥാപനങ്ങൾ നഷ്ടപ്പെട്ടവരുടെയും സ്ഥിതി വ്യത്യസ്തമല്ല. ചൂരൽമലയിൽനിന്നും മുണ്ടക്കൈയിൽനിന്നും പറിച്ചെറിയപ്പെട്ടെങ്കിലും ചിലർക്കെങ്കിലും മേപ്പാടിയിലും പരിസരത്തും വ്യാപാരസ്ഥാപനങ്ങൾ പുനരാരംഭിക്കാനായതും വ്യക്തികളുടെയും സന്നദ്ധസംഘടനകളുടെയും സഹായംകൊണ്ടാണ്. സ്ത്രീകളുടെ ചെറിയ സംഘങ്ങൾ സ്വയംതൊഴിൽ ആരംഭിച്ചിരിക്കുന്നതും ഇങ്ങനെതന്നെ. നിത്യജീവിതത്തിന് വകകണ്ടെത്താൻ ക്ലേശിക്കുന്ന ജനങ്ങൾ ഇപ്പോൾ ഏറെ സമയവും ചെലവഴിക്കുന്നത് പരാതികൊടുക്കാൻ കളക്ടേറ്റും സർക്കാർ ഓഫീസും കയറിയിറങ്ങാനാണ്. ഈ സ്ഥിതിയിലും പുനരധിവാസവും നഷ്ടപരിഹാരവും ആവശ്യപ്പെട്ട് ദുരന്തബാധിതർ സമരത്തിനിറങ്ങേണ്ടിവരുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് സർക്കാരിന്റെ കെടുകാര്യസ്ഥതകൊണ്ടുമാത്രമാണ്.

ജനങ്ങൾ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങളാണ് എവിടെയും ചർച്ചചെയ്യപ്പെടാതെ പോകുന്നത്. ദുരന്തത്തിന്റെ ആഘാതത്തിൽനിന്നും കുട്ടികൾപോലും ഇനിയും കരകയറിയിട്ടില്ല. ഒറ്റരാത്രികൊണ്ട് അവർക്ക് നഷ്ടമായത് നിരവധി കൂട്ടുകാരെയാണ്. വെള്ളാർമല സ്കൂൾ ഇപ്പോൾ പ്രവർത്തിക്കുന്നത് മേപ്പാടിയിലാണെങ്കിലും വെള്ളാർമല സ്കൂൾ എന്നപേരിൽ പ്രത്യേക ബ്ലോക്കായിട്ടാണ് പ്രവർത്തിക്കുന്നത്, അങ്ങനെയേ അവർക്കത് ഉൾക്കൊള്ളാനാകൂ. ദുരന്തമുണ്ടാക്കിയ ആഘാതം പെരുമാറ്റവൈകല്യങ്ങളായി, രോഗാവസ്ഥകളായി പുറത്തുവരുന്നു. മഴക്കാറും ഇരുട്ടും രാത്രിയും അവരെ ഭയപ്പെടുത്തുന്നു. വീടിനുമുകളിലെ ടാങ്കിൽ വെള്ളം നിറഞ്ഞുകവിയുമ്പോഴുണ്ടാകുന്ന ശബ്ദംപോലും പലരെയും ഭയപ്പെടുത്തുന്നു. കുട്ടികൾ ഒരുപക്ഷേ കാലവിളംബമില്ലാതെ ആരോഗ്യസ്ഥിതി വീണ്ടെടുത്തേക്കാം. എന്നാൽ മക്കളെയും അയൽക്കാരെയും ബന്ധുക്കളിൽ ഒട്ടുമിക്കവരെയും നഷ്ടമായ മുതിർന്നവർക്ക് കണ്ണീർ ഇനിയും തോർന്നിട്ടില്ല. ഒരുനിമിഷത്തേയ്ക്കുപോലും ആ രാത്രിയും ഒറ്റരാത്രികൊണ്ട് എന്നേക്കുമായി മറഞ്ഞുപോയ മുഖങ്ങളും മനസ്സിൽ നിന്ന് മായുന്നില്ല. തങ്ങളെ ജീവിതത്തിലേയ്ക്ക് കൈപിടിച്ചു കയറ്റിയവർ പലരും ഇന്നില്ല എന്നവർ വേദനയോടെ ഓർമ്മിക്കുന്നു. അവരെല്ലാം തങ്ങളെ വിട്ടുപോയെന്ന് ഇനിയും വിശ്വസിക്കാൻ സാധിക്കുന്നില്ലെന്ന പ്രശ്നം അഭിമുഖീകരിക്കുന്നവരും ഏറെയാണ്. അവരുടെ ശബ്ദം കേൾക്കുന്നതായും ആൾക്കൂട്ടത്തിൽ അവരുടെ മുഖം മിന്നിമായുന്നതു കാണുന്നതായും പറയുമ്പോൾ പലർക്കും കണ്ണീരടങ്ങുന്നില്ല. വിധവകളായിപ്പോയവർ, ദുരന്തമുഖത്ത് മക്കളോ മാതാപിതാക്കളോ കൈയിൽനിന്ന് ഊർന്നുപോയവർ, കുടുംബാംഗങ്ങളെയെല്ലാം നഷ്ടമായവർ, അട്ടിയട്ടിയായി വൻമരങ്ങൾ വീണടിഞ്ഞിരിക്കുന്ന താഴ് വാരങ്ങളിൽ മണ്ണിനടിയിൽ ഇപ്പോഴും വേണ്ടപ്പെട്ടവരുണ്ടെന്ന് കരുതി നിത്യേന സന്ദർശനം നടത്തുന്നവർ, ഹൃദയഭൂമി നിത്യേന സന്ദർശിച്ച് എല്ലാ കുഴിമാടങ്ങളും സന്ദർശിക്കുന്നവർ, മക്കൾ കൈവിട്ടുപോയി എന്ന സത്യം അംഗീകരിക്കാനാകാതെ അവരുടെ കളിപ്പാട്ടങ്ങളും ചിത്രങ്ങളുമൊരുക്കി വീടലങ്കരിക്കുന്ന മാതാപിതാക്കൾ എന്നിങ്ങനെ നൊമ്പരക്കാഴ്ചകൾക്ക് പഞ്ഞമില്ല, മേപ്പാടിയിലും ചൂരൽമലയിലും പരിസരപ്രദേശങ്ങളിലും. അവരെ ചേർത്തു നിർത്തുക എന്നതാണ് ഏറ്റവും അടിസ്ഥാനപരമായ പ്രവർത്തനം. ഒരുപരിധിവരെ അതു സാധിക്കുന്നത് ജീവനോപാധികൾ തിരികെ ലഭിക്കുമ്പോഴാണ്. ഈ സാഹചര്യമാണ് അധികാരികൾ മനസ്സിലാക്കേണ്ടത്. ഭൂമിയിലെ സ്വർഗ്ഗം അതായിരുന്നു ചൂരൽമലക്കാർക്ക് സ്വന്തം നാട്. അത് തിരികെക്കൊടുത്തുകൊണ്ടല്ലാതെ പുനഃരധിവാസ പ്രവർത്തനങ്ങൾ പൂർണ്ണമാകില്ല.

ദുരന്തത്തിൽ തകർന്നുപോയിട്ടില്ലെങ്കിലും മോഹിച്ച് പണികഴിപ്പിച്ച വീടുകൾ ദുരന്തമേഖലയിലായതിനാൽ വിട്ടുപേക്ഷിച്ചുപോരേണ്ടിവന്നവരുമുണ്ട്. ദുരന്തത്തിനു ശേഷം പ്രദേശം സന്ദർശിച്ച ജോൺ മത്തായി കമ്മീഷൻ, അപകടസാദ്ധ്യതയുടെ തീവ്രത അളന്ന് പുഴയോരത്തുനിന്നും മുപ്പത മീറ്റർ ബഫർസോണായി പ്രഖ്യാപിച്ചിരിക്കുകയാണ്. ബഫർസോണിന് തൊട്ടുചേർന്നു കിടക്കുന്ന വീടുകളും ദുരന്തമുക്തമല്ല എന്നതാണ് യാഥാർത്ഥ്യം. ഇവിടെ രണ്ടു പ്രശ്നങ്ങൾ ഉണ്ട്. ബഫർസോണിൽ അകപ്പെട്ട വീടുകളിലെആളുകളുടെപുനരധിവാസത്തിന്റെ സ്ഥിതി എന്താണ്. ബഫർസോണിനു പുറത്ത് അവശേഷിക്കുന്ന വീടുകളിൽ താമസിക്കാൻ നിർബന്ധിതരായിരിക്കുന്ന ആളുകൾ ദുരന്തഭീതിയിൽ കഴിയേണ്ടിവരും. അവരുടെ ഉപജീവനമടക്കം പ്രതിസന്ധിയിലാകും. ഉദാഹരണത്തിന് പടവെട്ടിക്കുന്നിൽ ഇപ്പോൾ അവശേഷിക്കുന്നത് 37 കുടുംബങ്ങളാണ്. അവരുടെ ഭാവി അനിശ്ചിതത്വത്തിലാകും എന്നവർ ഭയപ്പെടുന്നു.

പുനരധിവാസം സമയബന്ധിതമായി പൂർത്തിയാക്കുക

ദുരന്തത്തിനിരയായവരുടെ സാമ്പത്തിക ഭൗതിക നഷ്ടങ്ങൾ പരിഹരിക്കാൻ മതിയായ തുക ജനങ്ങൾ നൽകിയിട്ടുണ്ട്. അതിന്റെ കസ്റ്റോഡിയൻ മാത്രമാണ് സർക്കാർ. അതു യഥാസമയം വിനിയോഗിച്ചു കഷ്ടനഷ്ടങ്ങൾ പരിഹരിക്കാതിരിക്കുന്നതുവഴി ഒരു സർക്കാരിന്റെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ ക്ഷമിക്കാനാവാത്ത വിധം പരാജയപ്പെട്ടിരിക്കുകയാണ് പിണറായി സർക്കാർ. പുനഃരധിവാസം സമയബന്ധിതമായി പൂർത്തിയാക്കുക എന്നതാണ് സർക്കാർ ചെയ്യേണ്ടത്. അത് ഔദാര്യമല്ല, അവരുടെ അവകാശമാണ്. വൈകിയെത്തുന്ന നീതി, നീതി നിഷേധം തന്നെയാണ് എന്നത് മറക്കാതിരിക്കുക.

പ്രദേശത്തെ ആളുകളുടെ ജീവിതം തിരിച്ചുപിടിക്കാൻ സർക്കാർ അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങൾ ഇവയാണ്. ആവശ്യക്കാരായ മുഴുവൻ ആളുകൾക്കും ദുരന്ത സാധ്യതയുള്ള മേഖലകളിൽ അവശേഷിക്കുന്നവരുൾപ്പെടെ, വീട് നിർമ്മിച്ചുനൽകണം. നിയമത്തിന്റെ നൂലാമാലകൾ ഒഴിവാക്കി എത്രയുംവേഗം അതിനുള്ള സ്ഥലം കണ്ടെത്തണം. വീടുപണി പൂർത്തിയാകുന്നതുവരെ പ്രതിമാസ വാടക ഉറപ്പാക്കണം. നിത്യജീവിതം കരുപ്പിടിക്കാൻ തൊഴിൽ ഉറപ്പാകുംവരെ സഹായധനം നൽകണം. കൃഷിഭൂമി, വിളകൾ, വാഹനങ്ങൾ, കടമുറികൾ, വ്യാപാരസ്ഥാപനങ്ങൾ തുടങ്ങിയ നഷ്ടപ്പെട്ടവർക്ക് ഉടൻ നഷ്ടപരിഹാരം നൽകണം. എല്ലാവിധ വായ്പാകുടിശികകളും സർക്കാർ ഏറ്റെടുക്കണം. എല്ലാവിധ ആധുനിക സൗകര്യങ്ങളോടുംകൂടിയ സർക്കാർ ആശുപത്രി മേപ്പാടിയിൽ ഉടൻ ആരംഭിക്കണം. ഉരുൾപൊട്ടലിൽ തകർന്ന റോഡുകൾ യുദ്ധകാലാടിസ്ഥാനത്തിൽ പുനഃസ്ഥാപിക്കണം. പ്രദേശത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ ശാസ്ത്രീയമായി പഠിക്കാൻ വിദഗ്ധ സമിതിയെ നിയോഗിക്കണം. മുണ്ടക്കൈ,ചൂരൽമലതുടങ്ങിയപ്രദേശങ്ങളെക്കുറിച്ച് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കണം. ഇതെല്ലാമുൾക്കൊള്ളുന്നതാണ് പുനരധിവാസം എന്ന് സർക്കാരുകൾ തിരിച്ചറിഞ്ഞേ മതിയാകൂ. ■

രാജ്യത്തെ പത്തുലക്ഷം ആശമാർക്കും ഇൻസെന്റീവ് വർദ്ധനവ് നേടിക്കൊടുത്ത ഐതിഹാസികമായ ആശാസമരം

(1–ാം പേജിൽ നിന്ന്)

ഒന്നുറക്കെ നിലവിളിക്കാൻ പോലുമാകാതെ കീഴടങ്ങുന്ന തൊഴിലാളിപ്രസ്ഥാനങ്ങളുടെ സ്ഥാനത്ത് പതറാത്ത ഇഛാശക്തിയുടെയും വീറിന്റെയും വിളംബരമായി ഈ സ്ത്രീ തൊഴിലാളി സമരം മാറി. ആദ്യദിവസം മുതൽതന്നെ അധിക്ഷേപങ്ങളും പരിഹാസങ്ങളും കേൾക്കേണ്ടിവന്ന ആശമാർ പിന്തിരിയുകയല്ല, കൂടുതൽ ശക്തമായി മുന്നോട്ടു വരികയാണ് ചെയ്തത്. മുന്നിലുയർന്ന ഒരു പ്രതിബന്ധത്തെയും അവർ ഗണിച്ചില്ല. രോഗികളും നിരാശ്രയരുമായ ഉറ്റവരെ വീടുകളിൽ തനിച്ചാക്കി അവർ സമരപ്പന്തലിലെത്തി. പരമതുഛമായ കൂലി മാത്രമുള്ള നിസ്വരായ ഈ സ്ത്രീത്തൊഴിലാളികൾ, വിവരണാതീതമായ സാമ്പത്തികവിഷമങ്ങൾ നേരിട്ട് ഈ ഇരുനൂറാം ദിനത്തിലും സെക്രട്ടേറിയറ്റ് നടയിലെത്തുന്നു. ഒരു ദിവസമല്ല, ഒരാഴ്ചയല്ല, എത്രയോ മാസങ്ങളായി സമരകേന്ദ്രത്തിലെ കഞ്ഞിയും കുടിച്ച് തെരുവിലുറങ്ങുന്നു. ഒന്നും അവരെ പിന്തിരിപ്പിക്കുന്നില്ല. വിവിധ ട്രേഡ് യൂണിയനുകളിൽ അംഗമായിരുന്ന ആശമാർപോലും കക്ഷിരാഷ്ട്രീയത്തിന് അതീതമായി പ്രവർത്തിക്കുന്ന അസോസിയേഷനൊപ്പം അണിനിരന്നു. കക്ഷിരാഷ്ട്രീയത്തിന്റെ സ്ഥാപിത താൽപ്പര്യങ്ങൾക്കു പരിയായി സ്ത്രീത്തൊഴിലാളികൾ വളർത്തിയെടുത്ത ഐക്യം അവരെ ഒരൊറ്റ ശിലയാക്കി മാറ്റി. ഈ തൊഴിലാളി സമരത്തിന്റെ പരമപ്രധാനമായ സവിശേഷതയായി അത് രേഖപ്പെടുത്തപ്പെട്ടു. സമരപോരാളികളായ ആയിരങ്ങൾക്കിടയിലെ അസാധാരണമായ കെട്ടുറപ്പും ഐക്യവും ഏവരെയും അത്ഭുതപ്പെടുത്തി. സാംസ്കാരികരംഗത്തെ പ്രമുഖരുടെ അനിഷേധ്യമായ പിന്തുണ ഉൾച്ചേർത്തുകൊണ്ട്, യോജിപ്പിക്കാവുന്ന മുഴുവൻ ശക്തികളെയും കോർത്തിണക്കി, സമരത്തിന്റെ മുന്നിലുയർത്തപ്പെട്ട എല്ലാവിധ സങ്കീർണ്ണതകളെയും ഇഴയഴിച്ചുകൊണ്ട് ഒരു വീഴ്ചയുംകൂടാതെ ഐതിഹാസികമായ ഈ സമരത്തെ നയിക്കുന്ന ഒരു പ്രഗൽഭനേതൃത്വവും ആശമാരിൽ നിന്നുൾപ്പടെ ഉയർന്നുവന്നു. അങ്ങിനെ കേരളത്തിൽ തൊഴിലാളികൾക്കും സാധാരണമനുഷ്യർക്കും അചഞ്ചലമായ ഒരു പ്രക്ഷോഭത്തിന്റെ ഒട്ടേറെ വിലപ്പെട്ട പാഠങ്ങൾ പകർന്നുനൽകിയാണ് ആശാസമരം ഇരുനൂറ് ദിനരാത്രങ്ങൾ പിന്നിടുന്നത്. ലജ്ജാകരമാംവിധം താഴ്ന്നകൂലിക്ക്, താങ്ങാനാകാത്ത ജോലിഭാരവും വഹിച്ച് പണിയെടുക്കുന്ന ആശമാരോട് പൊതുസമൂഹവും ഒന്നടങ്കം ഐക്യപ്പെടുന്ന കാഴ്ച അനിതരസാധാരണമായ ഒരനുഭവമായി മാറി. മറ്റൊരു തൊഴിലാളി സമരത്തിലും മുമ്പ് കണ്ടിട്ടില്ലാത്ത വിധം കേരളമെമ്പാടും രാഷ്ട്രീയ വ്യത്യാസമില്ലാതെ ജനങ്ങൾ സമരത്തിന്റെ ന്യായയുക്തയുടെ പക്ഷത്ത് അടിയുറച്ചുനിന്നു. സമരത്തെ പിന്തുണച്ചു. നാൾക്കുനാൾ പിന്തുണ ഏറി വന്നു. നൂറ്റി എഴുപതോളം സംഘടനകളും ഒട്ടനവധി നേതാക്കളും സാധാരണക്കാരായ തൊഴിലാളികളും വീട്ടമ്മമാരുംവരെ ദിനംപ്രതി സമരപ്പന്തലിലേക്ക് അഭിവാദ്യമർപ്പിച്ച് ഒഴുകിയെത്തി. സാഹിത്യ-സാംസ്കാരിക-സിനിമമേഖലയിലെ നിരവധി വ്യക്തിത്വങ്ങൾ പിന്തുണയുമായി സമരപന്തലിൽ എത്തി. റോഡുവക്കിൽ സമരം ആരംഭിച്ച ആശമാർ മഴയെ നേരിടാൻ, തലയ്ക്കു മുകളിൽ പിടിച്ച ടാർപോളിൻ മാറ്റാൻ പോലീസ് നൽകിയ നിർദ്ദേശം മുതൽ സമരക്കാരെ അടിച്ചമർത്താനും ബുദ്ധിമുട്ടിക്കാനും എല്ലാവിധ ശ്രമങ്ങളും നടന്നു. എന്നാൽ മഴ നനഞ്ഞും കുടപിടിച്ചും പെൺപോരാളികൾ സമരം തുടർന്നു. മഴ നനയുന്ന ആശവർക്കർമാർക്ക് പിന്തുണ പ്രഖ്യാപിച്ച് കുടയുമായെത്തിയ കേന്ദ്രമന്ത്രിയുടെ പ്രവൃത്തിയെപ്പറ്റി അശ്ലീലച്ചുവയോടെ സർക്കാർ അനുകൂലികൾ പ്രചരിപ്പിച്ചപ്പോൾ സമൂഹമനസ്സാക്ഷി അവരെ ഒറ്റപ്പെടുത്തുന്നത് കേരളം കണ്ടു.

ആശാസമരത്തിന്റെ അഞ്ചാം ഘട്ടമായി സംസ്ഥാനമെമ്പാടും ആയിരം പ്രതിഷേധ സദസ്സ് സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ആലുവ കുട്ടമശ്ശേരിയിൽ നടന്ന പ്രതിഷേധ സദസ്സിൽ കെഎഎച്ച്ഡബ്ല്യുഎ സംസ്ഥാന ജനറൽ സെക്രട്ടറി എം.എ.ബിന്ദു പ്രസംഗിക്കുന്നു.

വീറുറ്റ സമരത്തിന്റെ ഉയർന്ന ഘട്ടങ്ങളും നിരവധി സമരമുറകളും പിന്നിട്ട ആശാസമരം രാജ്യത്തിനുപുറത്തുപോലും ശ്രദ്ധിക്കപ്പെട്ടു. ഇന്ത്യയിലെ മുഴുവൻ ആശാവർക്കർമാരുടെയും സമീപരാജ്യങ്ങളിലെ ഉൾപ്പെടെ അടിസ്ഥാന ആരോഗ്യ പ്രവർത്തകരുടെയും തൊഴിലും വരുമാനവും ആനുകൂല്യങ്ങളും സംബന്ധിച്ച് വലിയ ചർച്ച ഉയർത്തിയാണ് സംസ്ഥാനത്ത് ആരംഭിച്ച സമരം ചരിത്രത്തിൽ ഇടം നേടുന്നത്. കേരളത്തിലെ ആശാസമരത്തിന്റെ അലയൊലികൾ പാർലമെന്റിന്റെ ഇരുസഭകളിലും ശക്തമായി ഉയർന്നു വന്നു. സംസ്ഥാനത്തു നിന്നുള്ള ഒൻപത് എംപിമാരാണ് ആശമാർ നേരിടുന്ന മനുഷ്യത്വരഹിതമായ ചൂഷണം ദേശീയശ്രദ്ധയിലേക്ക് കൊണ്ടുവന്നുകൊണ്ട് വിഷയം അവതരിപ്പിച്ചത്. തുടർന്ന് കേന്ദ്ര ആരോഗ്യമന്ത്രി, കേന്ദ്ര സർക്കാർ ഉടൻ തന്നെ ഇൻസെന്റീവ് വർദ്ധിപ്പിക്കുമെന്ന് രാജ്യസഭയിൽ പ്രസ്താവിക്കുകയുണ്ടായി. ഇപ്പോൾ പാർലമെന്റിലെ ചോദ്യത്തിനുള്ള ഉത്തരമെന്ന നിലയിൽ പുറത്തുവന്നിട്ടുള്ള വസ്തുത കഴിഞ്ഞ ഏപ്രിൽ മാസം തന്നെ ദേശീയ ആരോഗ്യ മിഷന്റെ ഉന്നതയോഗം ആശമാരുടെ ഇൻസെന്റീവ് 1500 രൂപയായും വിരമിക്കൽ ആനുകൂല്യം മുപ്പതിനായിരം രൂപ വർദ്ധിപ്പിക്കാനും തീരുമാനിച്ചിരിക്കുന്നു എന്നതാണ്. അതായത് രാജ്യമെമ്പാടുമുള്ള പത്തുലക്ഷം ആശാപ്രവർത്തകരുടെ പ്രതിമാസ പ്രതിഫലം വർദ്ധിപ്പിക്കാനും അവർക്ക് അമ്പതിനായിരം രൂപ വിരമിക്കൽ ആനുകൂല്യം ലഭ്യമാക്കാനുമുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്ന ആശാസമരത്തിന്റെ അഭിമാനകരമായ വിജയമാണ്. ഇത്തരമൊരു നേട്ടമേ ഉണ്ടായിട്ടില്ലെന്ന് പ്രചരിപ്പിക്കുന്ന സർക്കാർ അനുകൂലസംഘടനകൾ, പൊരുതി നേടിയെടുത്ത അവകാശങ്ങൾ പോലും നിഷേധിക്കാനുള്ള സംസ്ഥാന സർക്കാർ നീക്കത്തിന് കൂട്ടുനിൽക്കുകയാണ്.

ആശാസമരം 200 രാപകലുകൾ പൂർത്തിയാക്കിയതിനോടനുബന്ധിച്ച് സെക്രട്ടേറിയറ്റ് നടയിൽ ആശാപ്രവർത്തകർ പട്ടിണിപ്പുക്കളമിട്ടപ്പോൾ.

ആരോഗ്യ മേഖലയെ കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജനപ്രതിനിധികളും പോലീസും തുടങ്ങി ഏതൊരാളും ഏൽപ്പിക്കുന്ന ജോലികൾ അനുസരണയോടെ ചെയ്തുതീർക്കണം എന്ന അലിഖിത നിയമം തകർത്ത് സ്വന്തം ജോലി തിരിച്ചറിയാനും അത് കൃത്യമായി ചെയ്യാനും സമരമുഖത്തുനിന്ന് ആശമാർ പഠിച്ചു. മാത്രമല്ല, അത് അധികാരികളെക്കൊണ്ട് അംഗീകരിപ്പിക്കാനും സമരത്തിന് കഴിഞ്ഞു. സന്നദ്ധ സേവകർ എന്ന വിശേഷണം നൽകി, 2008ൽ പ്രവർത്തനം ആരംഭിച്ചതു മുതൽ തുച്ഛമായ കൂലി നൽകിയും നൽകാതെയും ഏൽപ്പിച്ചിരുന്ന ജോലികളിൽ തങ്ങളുടെ ഉത്തരവാദിത്തത്തിൽ അല്ലാത്തത് ചെയ്യില്ല എന്ന് ഉറപ്പിച്ചുപറയാൻ ആശമാരെ സമരം പ്രാപ്തമാക്കി. എത്ര വലിയ തൊഴിൽ ചൂഷണമാണ് ആശമാർ ഉൾപ്പടെയുള്ള സ്ത്രീത്തൊഴിലാളികൾ നേരിട്ടിരുന്നതെന്ന് പുറംലോകത്തിന് അറിയാനും അത് അടിയന്തിരമായി പരിഹരിക്കക്കേണ്ടതാണെന്ന് അധികാരഘടനയെ ബോധ്യപ്പെടുത്താനും ഇട നൽകിയത് ആശാ സമരമാണ്. യാതൊരു ആനുകൂല്യവും ഇല്ലാതെ 62 വയസ്സ് പൂർത്തിയായവർ പിരിഞ്ഞുപോകണം എന്ന സർക്കാർ ഉത്തരവ് പിൻവലിക്കുക, അനാവശ്യ ജോലികളിൽനിന്ന് ഒഴിവാക്കുക, ഓണറേറിയത്തിന് ഏർപ്പെടുത്തിയിരുന്ന മാനദണ്ഡങ്ങൾ പൂർണ്ണമായും പിൻവലിക്കുക, ഓണറേറിയം എന്നെങ്കിലും ലഭിക്കുക എന്നപതിവ് രീതി വിട്ട് മാസാമാസം കൃത്യമായി ലഭിക്കുക തുടങ്ങി നിരവധി ആവശ്യങ്ങൾ നേടിയാണ് അശവർക്കർമാർ സമരം തുടരുന്നത്.

ആയിരം പ്രതിഷേധ സദസ്സിന്റെ ഇടുക്കി ജില്ലാ ഉദ്ഘാടനം തൊടുപുഴയിൽ പി.ജെ.ജോസഫ് എംഎൽഎ നിർവ്വഹിക്കുന്നു.

കേരളത്തിൽ നടന്ന സമരത്തിന്റെ ഫലമായി കേന്ദ്രസർക്കാർ രാജ്യമാകെയുള്ള ആശമാരുടെ ഇൻസെന്റീവ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചതോടൊപ്പം വിവിധ ആനുകൂല്യങ്ങളും പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. മുമ്പ് പ്രഖ്യാപിച്ചിരുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന് ആശമാരും സംഘടനകളും അറിഞ്ഞതും സമീപകാലത്താണ്. വർഷങ്ങളായി നിലവിലുള്ള 20,000 രൂപ വിരമിക്കൽ തുകയുൾപ്പടെ ഒട്ടനവധി ആനുകൂല്യങ്ങൾ സംസ്ഥാനത്ത് ഒരൊറ്റആശാപ്രവർത്തകക്കുപോലും നൽകാൻ സംസ്ഥാന സർക്കാർ തയ്യാറിയില്ല എന്ന വസ്തുതയും ഇപ്പോൾ ആശാ സമരം പുറത്തുകൊണ്ടുവന്നിട്ടുണ്ട്.

സമരത്തെത്തുടർന്ന് സംസ്ഥാന സർക്കാർ നിയോഗിച്ച സമിതി ആശമാരുടെ ആവശ്യങ്ങൾ സംബന്ധിച്ച് പഠനം നടത്തുകയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ യൂണിയനുകളുടെയും അഭിപ്രായങ്ങൾ ആരായുകയും ചെയ്തിരുന്നു. കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസ്സോസിയേഷൻ ആശമാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സമഗ്രമായി പഠിച്ചുകൊണ്ട് തയ്യാറാക്കിയ, 27 ഇന ആവശ്യങ്ങളടങ്ങിയ സബ്മിഷൻ കമ്മീഷന് സമർപ്പിച്ചിരുന്നു. സമിതിക്ക് മുമ്പാകെ എല്ലാ ട്രേഡ് യൂണിയനുകളും ഓണറേറിയം വർദ്ധിപ്പിക്കുക എന്ന ആവശ്യം മുന്നോട്ടു വച്ചതും അതു നൽകേണ്ടത് സംസ്ഥാന സർക്കാരാണെന്ന് അസന്നിഗ്ദ്ധമായി വ്യക്തമാക്കിയതും ഈ സമരം ഉയർത്തിയ ആവശ്യങ്ങളുടെ ന്യായയുക്തത വെളിവാക്കുന്നതായിരുന്നു. ആശമാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി നിയോഗിച്ച കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചതായി ഇപ്പോൾ വാർത്തകൾ പുറത്തുവന്നിട്ടുണ്ട്. റിപ്പോർട്ടിന്റെ ഉള്ളടക്കത്തെ സംബന്ധിച്ച് വന്നിട്ടുള്ള വാർത്തകൾ ശരിയെങ്കിൽ, ആശമാർ ഉയർത്തുന്ന ഏറ്റവും ന്യായമായ ആവശ്യങ്ങളെഉൾക്കൊള്ളുന്നതിൽ കമ്മീഷൻ പരാജയപ്പെട്ടു എന്ന് വിലയിരുത്താം. കേന്ദ്ര സർക്കാർ ഇൻസെന്റീവ് വർദ്ധിപ്പിച്ചാൽ സംസ്ഥാനം ഓണറേറിയം വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കാൻ ഏറ്റവും ഉചിതമായ സന്ദർഭമെന്ന നിലയിൽ കമ്മീഷൻ റിപ്പോർട്ടുകൂടി വന്നിരിക്കുന്ന സാഹചര്യത്തിൽ, കണികയെങ്കിലും ഇടതുപക്ഷ സമീപനം അവശേഷിക്കുന്നുവെങ്കിൽ ആശാ സമരം ഒത്തുതീർപ്പാക്കാൻ സർക്കാർ മുന്നോട്ടുവരണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

ആയിരം പ്രതിഷേധ സദസ്സിന്റെ കോട്ടയം ജില്ലയിലെ ഉദ്ഘാടനം കളക്ട്രേറ്റിനുമുന്നിൽ തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ നിർവ്വഹിക്കുന്നു.

നിരവധി ആവശ്യങ്ങൾ നേടിയെടുത്ത് അഭിമാനത്തോടെയാണ് ഐതിഹാസികമായ ആശാ സമരം ഇരുനൂറാം ദിവസത്തിലേക്ക് എത്തുന്നത്. എത്ര ദിവസങ്ങൾ

(ശേഷം 4–ാം പേജിൽ)

ഐഎംഎഫും ലോകബാങ്കും വികസ്വര രാജ്യങ്ങൾക്ക് വായ്പ നൽകി ഘടനാപരമായ സാമ്പത്തിക പരിഷ്കാരങ്ങൾ അടിച്ചേൽപ്പിക്കുന്നു

(1–ാം പേജിൽ നിന്ന്)

കൾക്കായി കൈമാറി സർക്കാരുകൾ പിന്മാറിയതും ഇതിന്റെ ഭാഗമായാണ്. വികസനവും വളർച്ചയും എത്രത്തോളം ലോകത്തിലെ സാധാരണക്കാരനിലെത്തി? ആരൊക്കെയാണ് ആഗോളവൽക്കരണത്തിലൂടെ യഥാർത്ഥത്തിൽ വളർന്നത്? എന്താണ് യഥാർത്ഥത്തിൽ ആഗോളവൽക്കരണത്തിന്റെ അനന്തരഫലങ്ങൾ? തുടങ്ങിയ കാര്യങ്ങൾ വസ്തുനിഷ്ഠമായി വിലയിരുത്തപ്പെടേണ്ടതുണ്ട്. എന്നാൽ ഇക്കാലമത്രയും കൊട്ടിഘോഷിച്ച വാഗ്ദാനപ്പാട്ടുകൾക്കപ്പുറം, ആഗോളവൽക്കരണത്തിന് മുതലാളിത്ത പ്രതിസന്ധി പരിഹരിക്കാനായില്ല എന്ന് ഇന്ന് പറയാതെ പറയുന്നത് സാമ്രാജ്യത്വ-മുതലാളിത്ത ലോകം തന്നെയാണ്. അനുദിനം രൂക്ഷമാകുന്ന വ്യാപാരയുദ്ധവും താരിഫ് ഭീഷണികളും കുടിയേറ്റത്തിനെതിരെയും ഇറക്കുമതിക്കെതിരെയും മൂലധന കയറ്റുമതിക്കെതിരെയും അമേരിക്കയടക്കമുള്ള പല രാജ്യങ്ങളും ഇന്ന് കടുത്ത നടപടികളിലേക്കു നീങ്ങുന്നതും ഇതിന്റെ കൃത്യമായ സൂചനയാണ്. അതിലുപരി, ആഗോളതലത്തിൽ മുതലാളിത്തം നേരിടുന്ന പ്രതിസന്ധി അപരിഹാര്യമാം വിധം രൂക്ഷമായിരിക്കുന്നു എന്നും ഇത് കാട്ടിത്തരുന്നു.

രൂക്ഷമാകുന്ന മുതലാളിത്ത പ്രതിസന്ധി

ലോകത്തിന്റെ പല ഭാഗത്തും ഇന്ന് നടന്നുകൊണ്ടിരിക്കുന്ന യുദ്ധങ്ങളും യുദ്ധസാഹചര്യങ്ങളും, അതുപോലെ ചില രാജ്യങ്ങളിൽ ഉയർന്നുവന്ന തീവ്രവലതുപക്ഷ നേതാക്കളുമാണ് ഈ പ്രതിസന്ധി സൃഷ്ടിക്കുന്നതിൽ പങ്കുവഹിച്ചത് എന്ന് ചിലർ വാദിക്കുന്നു. എന്നാൽ വാസ്തവത്തിൽ രൂക്ഷമാകുന്ന മുതലാളിത്ത പ്രതിസന്ധി തന്നെയാണ് ഇത്തരം യുദ്ധങ്ങൾക്കും, ലോകത്തിന്റെ പല ഭാഗങ്ങളിലും വർദ്ധിച്ചുകൊണ്ടിരിക്കുന്ന വംശീയതയ്ക്കും വിദേശീയരോടുള്ള വിദ്വേഷത്തിനും തീവ്രദേശീയവാദത്തിനും, ശക്തമാകുന്ന തീവ്രവലതുപക്ഷ രാഷ്ട്രീയശക്തികൾക്കും വഴിവെയ്ക്കുന്നത് എന്നതാണ് യാഥാർത്ഥ്യമെന്ന് സാമാന്യയുക്തി ഉപയോഗിച്ച ചിന്തിച്ചാൽ നമുക്ക് മനസ്സിലാക്കാം. ലോകത്തെ എല്ലാ പ്രശ്നങ്ങൾക്കും, മുതലാളിത്തത്തിന്റെ സമസ്ത പ്രതിസന്ധികൾക്കും പരിഹാരമായി ഉയർത്തിക്കാട്ടിയ ആഗോളവൽക്കരണത്തിന്റെ അവകാശവാദങ്ങൾ ദയനീയമായി തകർന്നടിയുന്ന ചിത്രമാണ് ഇതിലൂടെ നാം കാണുന്നത്.

ആഗോളവൽക്കരണം: സാമ്രാജ്യത്വ–മുതലാളിത്തത്തിന്റെ കപടമുഖം

സോവിയറ്റ് യൂണിയന്റെ തകർച്ചക്കു ശേഷം ഏറക്കുറെ ഏകധ്രുവ ലോകമായി മാറിയ കാലഘട്ടത്തിലാണ്, പ്രധാനമായും അമേരിക്കയുടെ മൂലധന താത്പര്യങ്ങൾക്കനുസരിച്ച് നയങ്ങൾ ചിട്ടപ്പെടുത്തിയ ലോകബാങ്കിന്റെയും ഇന്റർനാഷണൽ മോണിറ്ററി ഫണ്ട് എന്ന ഐഎംഎഫിന്റെയും കടന്നുകയറ്റം ലോകത്തിന്റെ സാമ്പത്തികഘടനയിൽ ശക്തമാകുന്നത്. സാമ്രാജ്യത്വ മൂലധനത്തിന്റെ താത്പര്യത്തിനനുസരിച്ച് വികസ്വര രാജ്യങ്ങൾക്ക് വായ്പകൾ നൽകി, പകരം അവരുടെ സമ്പദ്ഘടനയിൽ ഘടനാപരമായ പരിഷ്കാരങ്ങൾ നടപ്പാക്കാൻ ആഗോളവൽക്കരണത്തിന്റെ നടത്തിപ്പുകാരായ ഈ സ്ഥാപനങ്ങളാണ് മുൻകൈയെടുത്തത്. കൂടാതെ, സേവനങ്ങളിലും കാർഷികമേഖലയിലുമടക്കം തുറന്ന വിപണിയ്ക്കായി നിലവിൽവന്ന ലോകവ്യാപാരസംഘടനയുടെ പ്രവർത്തനങ്ങൾ, പുതുക്കിയ ഗാട്ട് അടക്കമുള്ള കരാറുകൾ എന്നിവയിലൂടെ ലോകത്തിന്റെ ഓരോ കോണും സാമ്രാജ്യത്വ-മുതലാളിത്തത്തിന്റെ അജണ്ടയിലേക്ക് കണ്ണിചേർക്കപ്പെടുകയായിരുന്നു. സോവിയറ്റ് യൂണിയന്റെയും സോഷ്യലിസ്റ്റ് ചേരിയുടെയും തകർച്ചയാണ് സാമ്രാജ്യത്വ-മുതലാളിത്തത്തിന്റെ ഈ കുതിച്ചു കയറ്റത്തിനു വഴിവെച്ചത്. ഇന്ത്യയടക്കമുള്ള രാജ്യങ്ങളിലെ സർക്കാരുകൾ വികസനമന്ത്രം പാടി ഇതിനനുസൃതമായി നയങ്ങൾ പൊളിച്ചെഴുതി.

നവലിബറൽ സിദ്ധാന്തങ്ങൾക്കനുസരിച്ച് സാമ്പത്തികനയങ്ങൾ മാത്രമല്ല മാറ്റിയെഴുതിയത്. സേവനമേഖലകളടക്കം കച്ചവടത്തിനായി തീറെഴുതി കൊടുത്തപ്പോൾ, ഇന്ത്യയിലടക്കം ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ളം എന്നീ മേഖലകളുൾപ്പെടെ സ്വകാര്യ മൂലധനത്തിനായി തുറന്നിടപ്പെട്ടു. ഈ മേഖലകളിൽനിന്നും സർക്കാരിന്റെ പിന്മാറ്റം ഉറപ്പാക്കി, പൊതുമേഖലയെ തകർത്ത്, സ്വകാര്യമൂലധനത്തെ കുത്തകയാക്കി വളർത്തുന്നതിനുള്ള ഘടനാപരമായ പരിഷ്കാരങ്ങൾ സർക്കാരുകൾ നടപ്പാക്കി. അതിന്നും ഇന്ത്യപോലെയുള്ള രാജ്യങ്ങളിൽ തുടർന്നു കൊണ്ടിരിക്കുന്നു. കേരളത്തിൽ നടപ്പാക്കിയ ഡിപിഇപിയിൽ തുടങ്ങി, ഇന്നെത്തി നിൽക്കുന്ന എൻഇപി വരെയുള്ള പൊതുവിദ്യാഭ്യാസ നശീകരണ പദ്ധതികളിലെല്ലാംതന്നെ ലോകബാങ്കിന്റെ കൈയൊപ്പു കാണാം. പൊതുസംവിധാനങ്ങളെ ഘടനാപരമായി പൊളിച്ചെഴുതി, സേവനമേഖലകളെ ക്രമേണ ലാഭമേഖലകളാക്കി സ്വകാര്യമൂലധനത്തെ ഏൽപ്പിക്കുന്ന വിശാലദൗത്യത്തിന്റെ ഭാഗമായ പങ്കാളിത്തവികസനമാതൃകയും ലോകബാങ്കുവഴി മുന്നോട്ടുവെച്ച നവലിബറൽ ആശയമാണ്. ഇന്ത്യയിലെ അതിന്റെ പരീക്ഷണശാലയാക്കി കേരളത്തെ മാറ്റിയത് ഇടതുപക്ഷമെന്ന ലേബലിൽ ഇവിടെ ഭരിച്ച സിപിഐ(എം)ഉം കൂട്ടാളികളുമാണ് എന്നതിൽ നിന്നുതന്നെ, ആഗോളവൽക്കരണ - നവലിബറൽ മേലങ്കിയണിഞ്ഞ സാമ്രാജ്യത്വ-മുതലാളിത്തത്തിന്റെ നീരാളിക്കൈകൾ എത്ര ആഴത്തിലെത്തിയിരുന്നു എന്നു നമുക്കു മനസ്സിലാക്കാം.

കമ്പോളങ്ങൾ വികസിപ്പിക്കേണ്ടതിന്റെ ആവശ്യകതയാൽ നിർബന്ധിതരായി മുതലാളിത്തം "ഭൂഗോളത്തിലാകെ ഓടിപ്പാഞ്ഞുനടക്കുന്നു" എന്ന് കാൾ മാർക്സ് നിരീക്ഷിച്ചതിന്റെ പ്രത്യക്ഷ അനുഭവമായി ആഗോളവൽക്കരണത്തെ കണക്കാക്കാവുന്നതാണ്. ശീതയുദ്ധാനന്തര ദശകങ്ങൾ, ലോക വ്യാപാര സംഘടനയുടെ ഉയർച്ച, വികസിച്ച ആഗോള കമ്പോള ശൃംഖലകൾ, മൂലധനത്തിന്റെ അഭൂതപൂർവമായ ചലനാത്മകത എന്നിവയാൽ അത് അടയാളപ്പെടുത്തി. മുതലാളിത്ത വികാസത്തിന്റെ ചരിത്രപരമായ ഒരു ഘട്ടത്തെയാണ് ഇത് പ്രതിനിധീകരിക്കുന്നത്. ഏഷ്യ, ആഫ്രിക്ക, ലാറ്റിൻ അമേരിക്ക എന്നിവിടങ്ങളിലെ വിലകുറഞ്ഞ അധ്വാനശക്തിയും സാമ്പത്തിക ഉദാരവൽക്കരണവും, സാമ്രാജ്യത്വ സ്വഭാവമാർജ്ജിച്ച മൂലധനത്തെ പുതിയ പ്രദേശങ്ങളിലേക്ക് നുഴഞ്ഞുകയറാനും, ഉൽപ്പാദനം പുനഃക്രമീകരിക്കാനും, കൊള്ളലാഭം കവർന്നെടുക്കാനും അനുവദിച്ചു. ഇന്ത്യയടക്കം അധ്വാനശക്തിക്ക് വില കുറവുള്ളയിടങ്ങളിലേക്ക് ഔട്ട്സോഴ്സിങ്ങ് എന്ന പേരിൽ സേവനവ്യവസായം വ്യാപിച്ചു. വിശേഷിച്ചും വിവരസാങ്കേതികവിദ്യയിലെ സാങ്കേതികവളർച്ചയുടെ സാഹചര്യം ഇതിനുള്ള അവസരമൊരുക്കി. വിവരസാങ്കേതികവിദ്യയുടെ ഈ വികാസഘട്ടത്തിൽ, ഇംഗ്ലീഷ് ഭാഷയിലും സാങ്കേതികവിദ്യയിലും പ്രാവീണ്യമുള്ളവരുടെ ആവശ്യകത വൻതോതിലുണ്ടായി. കുറഞ്ഞ ചെലവിൽ ഇത് നൽകാനായ ഇന്ത്യ പോലെയുള്ള രാജ്യങ്ങളിലേക്ക് ഇത്തരം ജോലികൾ പ്രവഹിച്ചു. ഇതിന് ഇടനില നിന്നുകൊണ്ട് ഇത്തരം സേവനമേഖലകളിൽ പ്രവർത്തിച്ച ഈ രാജ്യങ്ങളിലെ ദേശീയ കോർപ്പറേറ്റുകൾക്കും പെട്ടെന്ന് വളർച്ച കൈവരിക്കാനായി. അതേപോലെതന്നെ ഉത്പാദനരംഗത്തും, കുറഞ്ഞ ചെലവിൽ ഉൽപ്പന്നങ്ങൾ നിർമ്മിച്ചുതരാനാകുന്ന ചൈന ഉൾപ്പെടെയുള്ള രാജ്യങ്ങളിലേക്ക് അത്തരം വ്യവസായിക അവശ്യകതകളും പ്രവഹിച്ചു. ഇലക്ട്രോണിക്സ് ഘടകങ്ങളുടെ നിർമ്മാണത്തിൽ ചൈന, ദക്ഷിണ കൊറിയ, തയ്‌വാൻ പോലെയുള്ള രാജ്യങ്ങളും, മരുന്നുൽപ്പാദനം പോലെയുള്ള കാര്യങ്ങളിൽ ഇന്ത്യയും, തുണിത്തരങ്ങളിൽ ഇന്ത്യയും ബംഗ്ലാദേശും, അങ്ങനെ വിവിധ വികസ്വര രാജ്യങ്ങളിലേക്ക്, തുടക്കത്തിൽ ആഗോളവൽക്കരണത്തിന്റെ ഭാഗമായുള്ള ഗുണഫലങ്ങൾ എത്തിത്തുടങ്ങി. ഇതിലൂടെ ശാക്തീകരിക്കപ്പെട്ട അതത് രാജ്യങ്ങളിലെ ദേശീയ മൂലധനം, ക്രമേണ വിവിധ മേഖലകളിൽ ആഗോളതലത്തിൽ തന്നെ മത്സരക്ഷമത നേടി. ആ രാജ്യങ്ങളിലെ വികസിച്ച വിപണികൾ ലക്ഷ്യമാക്കി വിദേശ മൂലധനവും ഒഴുകിയെത്തിത്തുടങ്ങി. എവിടെ ലാഭമുണ്ടോ അവിടെ ദേശാതിർത്തികൾ കടന്ന് മൂലധനം ഇങ്ങനെ കടന്നെത്തുന്നതിനും തിരികെ പോകുന്നതിനും സുഗമമായ അവസ്ഥ ആഗോളവൽക്കരണം സൃഷ്ടിച്ചു. ഒപ്പം, അമേരിക്കയടക്കമുള്ള വികസിതവും എന്നാൽ അധ്വാനശക്തി ആവശ്യമുള്ളതുമായ രാജ്യങ്ങളിലേക്ക് പ്രാവീണ്യമുള്ളവരുടെ കുടിയേറ്റവും വലിയ അളവിൽ പ്രോത്സാഹിപ്പിക്കപ്പെട്ടു.

എന്നാൽ, 2008ൽ അമേരിക്കയിൽ ആരംഭിച്ച മുതലാളിത്ത സാമ്പത്തികത്തകർച്ച ആഗോളതലത്തിൽ കണ്ണിചേർക്കപ്പെട്ട എല്ലാ രാജ്യങ്ങളിലേക്കും അതിവേഗം വ്യാപിച്ചു. 2019–20ലെ കോവിഡ് മഹാമാരിയും അടച്ചുപൂട്ടലുകളുംഈപ്രതിസന്ധിയുംആഗോള മുതലാളിത്തത്തിന്റെ വൈരുദ്ധ്യങ്ങൾ മൂർച്ഛിപ്പിച്ചു. ആഗോളവൽക്കരണം നടപ്പാക്കിയ മാറിയ കമ്പോള സാഹചര്യങ്ങൾ ആവശ്യപ്പെട്ട ശേഷികൾ കൈവരിക്കാൻ സാധിച്ച

(ശേഷം 5–ാം പേജിൽ)

ആശാസമരം...

(3–ാം പേജിൽ നിന്ന്)

പിന്നിട്ടാലും എത്രയാതനകൾ സഹിക്കേണ്ടിവന്നാലും ഓണറേറിയ വർദ്ധന ഉൾപ്പെടെയുള്ള പ്രധാന ആവശ്യങ്ങൾ നേടുന്നതുവരെ സമരം ശക്തമായി തുടരുമെന്ന തീരുമാനത്തിൽ അടിയുറച്ചു നിൽക്കുകയാണ് സ്ത്രീതൊഴിലാളികൾ. സമരങ്ങളിലൂടെ ഒന്നും നേടാൻ കഴിയില്ല എന്ന പൊതുബോധം ഏറെ ശക്തമായിരിക്കുന്ന കാലഘട്ടത്തിലാണ് ഡിമാന്റുകൾ പലതും നേടിയെടുത്തുകൊണ്ട് ആശാസമരം മുന്നേറുന്നത്. ഇടതുപക്ഷമെന്ന് അകാശപ്പെടുന്നവരുടെ ഭരണം ഒരു പതിറ്റാണ്ടാകുമ്പോൾ കേരളം സമരരഹിതമായിരിക്കുന്നു. വിവരണാതീതമായ ജീവിതദുരിതങ്ങളും ബുദ്ധിമുട്ടുകളും തൊഴിലവകാശ നിഷേധങ്ങളും ഉണ്ടായിട്ടും ചെറുത്തു നിൽപ്പിന്റേതായ പ്രതിഷേധത്തിന്റേതായ ഒരു സൂചനയും സംഘടിത മേഖലകളിൽ നിന്നുപോലും ഉണ്ടാകുന്നില്ല. വ്യവസ്ഥാപിത രാഷ്ട്രീയ പ്രസ്ഥാനങ്ങളും ട്രേഡ് യൂണിയനുകളും ജനങ്ങളെ കൈയൊഴിയുന്നു. സമരത്തെകുറിച്ച് ചിന്തിക്കാൻപോലും കഴിയുന്നില്ല. അക്ഷരാർത്ഥത്തിൽ നിരാലംബരാക്കപ്പെട്ടവർ - പിടിച്ചു നിൽക്കാൻ കഴിയാതെ ആത്മഹത്യയിൽ അഭയം തേടുന്ന ഭയാനകമായ, വേദനാജനകമായ വാർത്തകളാണ് എന്നും കേൾക്കുന്നത്. സംഘടിത പോരാട്ടത്തെക്കുറിച്ച് ചിന്തിക്കുന്നില്ല. അവിടെയാണ് സ്ത്രീതൊഴിലാളികൾ പർവ്വതസമാനമായ ബുദ്ധിമുട്ടുകൾ സഹിച്ചുകൊണ്ട് പ്രതീക്ഷയറ്റവരുടെ മുന്നിൽ പ്രകാശഗോപുരംപോലെ ആശാസമരം ആറു മാസം പിന്നിടുന്നത്. ആ പ്രതീക്ഷയാണ് അപരാജിതമായി ആശാസമരം നിലനിൽക്കാൻ പ്രചോദനമാകുന്നത്. ■

രൂക്ഷമായ വിലക്കയറ്റത്തിനെതിരെ...

വിലക്കയറ്റം തടയുക, പൊതുവിതരണം ശക്തിപ്പെടുത്തി അവശ്യസാധനങ്ങൾ ന്യായവിലക്ക് ലഭ്യമാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ആഗസ്റ്റ് 22 പ്രതിഷേധ ദിനമായി ആചരിച്ചു. അതിനോടനുബന്ധിച്ച് നടന്ന കൊല്ലം കളക്ടറേറ്റ് മാർച്ച് ജില്ലാ സെക്രട്ടറി ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്യുന്നു. ▌പ്രതിഷേധദിനത്തോടനുബന്ധിച്ച് ചങ്ങനാശ്ശേരിയിൽ നടന്ന പ്രകടനം. ▌കണ്ണൂരിൽ നടന്ന പ്രതിഷേധ സംഗമം ജില്ലാ സെക്രട്ടറി കെ.കെ.സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.

ലോകമെമ്പാടുമുള്ള തൊഴിലാളിവർഗ്ഗത്തിന്റെ അദ്ധ്വാനം സൃഷ്ടിക്കുന്ന മിച്ചമൂല്യം കവർന്നെടുക്കാനുള്ള കിടമത്സരമാണ് താരിഫ് യുദ്ധം

(4–ാം പേജിൽ നിന്ന്)

ഒരു വിഭാഗം ആളുകൾക്കും, പുതിയ കമ്പോളത്തിന്റെ സാധ്യതകൾ ചൂഷണംചെയ്ത് വളരാൻ സാധിച്ച ഒരുവിഭാഗം പ്രാദേശിക മുതലാളിത്തത്തിനും കുറച്ചു നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടാകാം. പൊതുവിൽ സാമ്രാജ്യത്വ-മുതലാളിത്തത്തിന്റെയും, സവിശേഷമായി ആഗോള കോർപ്പറേറ്റുകളുടെയും, വികസ്വര രാജ്യങ്ങളിൽനിന്നും ആഗോളവൽക്കരണത്തിന്റെ ഗുണഫലങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കരുത്താർജ്ജിച്ച ദേശീയ കുത്തകകളുടെയും മാത്രം താത്പര്യങ്ങളാണ് ആത്യന്തികമായി സംരക്ഷിക്കപ്പെട്ടത്. വികസനം എന്നപേരിൽ ഈ രാജ്യങ്ങളിലെ ഭരണവർഗം അവതരിപ്പിച്ചു നടപ്പാക്കിയ വമ്പിച്ച നിർമ്മാണപ്രവർത്തനങ്ങൾ, സാങ്കേതികവിദ്യയിലെ വികാസം എന്നിവയിലൂടെ ചില പുതിയ തൊഴിൽ മേഖലകൾ തുറക്കപ്പെട്ടു. പക്ഷേ, മറുവശത്ത്, ഭീകരമാംവിധം സാമ്പത്തിക അസമത്വം വളരുകയായിരുന്നു. ക്ഷേമരാഷ്ട്ര സങ്കൽപ്പങ്ങൾ തകിടംമറിക്കപ്പെട്ട രാജ്യങ്ങളിൽ, അടിസ്ഥാന ആവശ്യങ്ങൾ പോലും സാധാരണക്കാർക്ക് കിട്ടാക്കനിയായി. കുറ്റകൃത്യങ്ങൾ ഏറി. ജീവിതങ്ങൾ അനിശ്ചിതത്വത്തിലായി. തൊഴിലില്ലായ്മ സാർവത്രികമായി. ഇതോടൊപ്പം, മുതലാളിത്തം അതിന്റെ താത്പര്യസംരക്ഷണത്തിനായി വളർത്തിക്കൊണ്ടുവന്ന അഴിമതിയും സ്വജനപക്ഷപാതവും വളരെ സാർവത്രികവും സാധാരണക്കാരന്റെ ജീവിതദുരിതങ്ങളെ വർദ്ധിപ്പിക്കുന്നതുമായി. ഇതൊക്കെ സാധാരണ ജനങ്ങളിൽ വ്യാപകമായ അസംതൃപ്തി സൃഷ്ടിച്ചു. ഈ അസംതൃപ്തി, വ്യവസ്ഥിതിയിലെ ചൂഷണത്തിനെതിരെ തിരിഞ്ഞാൽ അത് തങ്ങളുടെ അന്ത്യംകുറിയ്ക്കുമെന്നു മനസ്സിലാക്കിയ മുതലാളിവർഗ്ഗം, അതുകൊണ്ടുതന്നെ, ജനങ്ങൾക്കിടയിൽ മതപരവും വംശീയവും പ്രാദേശികവും ഭാഷാപരവുമൊക്കെയായ വിഭജനങ്ങൾ ആളിക്കത്തിച്ച് ഐക്യത്തിനു വിഘാതം സൃഷ്ടിക്കാൻ കരുക്കൾ നീക്കി. 1929ലെ സാമ്പത്തികത്തകർച്ചയുടെ കാലത്തെ ഓർമ്മിപ്പിച്ചുകൊണ്ട്, വിവിധ രാജ്യങ്ങളിൽ തീവ്രവലതുപക്ഷ രാഷ്ട്രീയശക്തികൾ കരുത്താർജ്ജിക്കുന്ന കാഴ്ച്ചയാണ് ആഗോളവൽക്കരണത്തിന്റെ ഇക്കഴിഞ്ഞ അവസാനദശകത്തിൽ കാണുന്നത്. സാങ്കേതികവിദ്യയിലെ വളർച്ചയുടെ ഭാഗമായി സൃഷ്ടിക്കപ്പെടുകയും മുതലാളിത്ത കുത്തകകളുടെ മേൽനോട്ടത്തിൽ പടർന്നുപന്തലിക്കുകയുംചെയ്ത സമൂഹമാധ്യമങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട്, ഇത്തരം പ്രവണതകൾ ഓരോ രാജ്യത്തും ശക്തിപ്പെട്ടത് മുതലാളിവർഗ്ഗത്തിന്റെ അറിവോടും സമ്മതത്തോടും കൂടിയായിരുന്നു. തീവ്രദേശീയവാദം ഉയർത്തിപ്പിടിക്കുന്ന വലതുശക്തികളും നവഫാസിസ്റ്റുകളും പല രാജ്യങ്ങളിലും അധികാരം കൈയടക്കി. ട്രംപും എർദോഗനും നെതന്യാഹുവും മോദിയുമൊക്കെ ഒരേ വർഗ്ഗതാത്പര്യങ്ങളുടെ വിവിധ മുഖങ്ങളായി അധികാരമേറി. സർക്കാരുകൾ കൂടുതൽ ഏകാധിപത്യസ്വഭാവം പുലർത്തിത്തുടങ്ങി. ബൂർഷ്വാ ജനാധിപത്യത്തിന്റെയും മാനവവാദത്തിന്റെയും പുരോഗമനപരമായ വശങ്ങളും മറയില്ലാതെ കൈയൊഴിഞ്ഞുതുടങ്ങി. സാധാരണക്കാരുടെയും തൊഴിലാളികളുടെയും ഇടയിൽ ജീവിതദുരിതങ്ങളിൽ നിന്നുയർന്നുവന്ന അസംതൃപ്തിയെ വെറുപ്പിന്റെ രാഷ്ട്രീയം പടർത്തി ഇക്കൂട്ടർ വഴിതിരിച്ചുവിടാൻ ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. വർദ്ധിക്കുന്ന മുതലാളിത്ത പ്രതിസന്ധിയെ മറികടക്കാനും മറച്ചുവെയ്ക്കാനും അതുകൊണ്ടൊന്നും മതിയാകാതെ വന്നപ്പോൾ വ്യാപാരയുദ്ധത്തിലേക്ക് കാര്യങ്ങൾ നീങ്ങിയിരിക്കുന്നു.

രൂക്ഷമാകുന്ന മുതലാളിത്ത പ്രതിസന്ധി

താരിഫ് യുദ്ധങ്ങളുടെയും, സാങ്കേതിക ഉപരോധങ്ങളുടെയും, ഭൗമരാഷ്ട്രീയ മത്സരങ്ങളുടെയും പുനരുജ്ജീവനം ആഗോളവൽക്കരണത്തിന്റെ പരിമിതികളെ വ്യക്തമായി തുറന്നുകാട്ടുന്നു. ഇതോടൊപ്പം ആഗോളതലത്തിൽ പൊതുകടം വർദ്ധിക്കുകയാണ്. വികസ്വര രാജ്യങ്ങളെയാണ് ഇത് കൂടുതൽ ബാധിക്കുന്നത്. മാർക്സിസ്റ്റ് വീക്ഷണകോണിൽ, ഈ സംഭവവികാസങ്ങൾ അസാധാരണത്വങ്ങളല്ല, മറിച്ച് മുതലാളിത്തത്തിന്റെതന്നെ ആന്തരിക വൈരുദ്ധ്യങ്ങളുടെ യുക്തിസഹമായ ഫലമാണ്. വ്യാപാരയുദ്ധം പ്രതിസന്ധിയുടെ കാരണമല്ല; അത് ഒരു ലക്ഷണമാണ് - അടിസ്ഥാനപരമായി പരാജയപ്പെടുന്ന ഒരു ആഗോള വ്യവസ്ഥയുടെ ആന്തരിക വൈരുദ്ധ്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി, മത്സരിക്കുന്ന ദേശീയ ബൂർഷ്വാസികൾ പയറ്റുന്ന നിരാശാജനകവും പ്രതിപ്രവർത്തനപരവുമായ തന്ത്രം. ഒപ്പം, എല്ലാ പ്രശ്നങ്ങളുടെയും പരിഹാരമായി സാമ്രാജ്യത്വ-മുതലാളിത്തം മുന്നോട്ടുവെച്ചആഗോളവൽക്കരണ പദ്ധതിയുടെ ദയനീയ പരാജയം കൂടി ഇത് ചൂണ്ടിക്കാട്ടുന്നു.

മുതലാളിത്ത ആഗോളവൽക്കരണത്തിലെ വൈരുദ്ധ്യങ്ങൾ

മുതലാളിത്തവ്യവസ്ഥ അതിലെ മുഖ്യവൈരുദ്ധ്യങ്ങൾമൂർച്ഛിക്കുന്നതുകൊണ്ടുതന്നെ പ്രതിസന്ധികളാൽ മരണാസന്നമായ ഒന്നാണ്. മൂലധനവും അദ്ധ്വാനവും തമ്മിലും ഉത്പാദനവും ഉപഭോഗവും തമ്മിലും, മുതലാളിത്ത രാഷ്ട്രങ്ങൾ തമ്മിൽ തമ്മിലുമുള്ള വൈരുദ്ധ്യങ്ങൾ പരിഹരിക്കാനോ കുറക്കാനോ ആഗോളവൽക്കരണത്തിനായോ? ആയിട്ടില്ലെന്നു മാത്രമല്ല, വർദ്ധിപ്പിക്കാൻ മാത്രമേ സഹായിച്ചിട്ടുള്ളൂ എന്നാണ് വ്യക്തമാകുന്നത്. ഉത്പാദനത്തെ അത് ആഗോളവത്ക്കരിച്ചു. ഉദാഹരണത്തിന്, ഒരു യൂറോപ്യൻ കമ്പനിക്ക് മൊബൈൽ ഫോൺ നിർമ്മിക്കുന്നതിനുള്ള ഘടകങ്ങൾ യൂറോപ്പിൽനിന്നും ചൈനയിൽനിന്നും, അതിനു വേണ്ട സോഫ്റ്റ്‌വെയർ യുഎസിൽ നിന്നുമാകും എത്തുക. ഇവ സംയോജിപ്പിച്ച് ഫോൺ നിർമ്മിക്കുന്നത് ഇന്ത്യയിലാകും. അവിടെനിന്ന് അത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കയറ്റി അയയ്ക്കപ്പെടുന്നു. ഇങ്ങനെ, ഉത്പാദനശക്തികൾ – സാങ്കേതികവിദ്യ, വിതരണശൃംഖല, അദ്ധ്വാനം തുടങ്ങിയവ ആഗോളവൽക്കരിക്കപ്പെട്ടിരിക്കുന്നു. പക്ഷേ, ഇതിന്റെ ഉടമസ്ഥതയും അതുപോലെ മിച്ചമൂല്യം കൈവശപ്പെടുത്തുന്നതും ദേശീയതലത്തിലാണ്. ആഫ്രിക്കയിൽ ഖനനം നടത്തി കയറ്റുമതി ചെയ്യുന്ന ഇന്ത്യൻ കോർപ്പറേറ്റ് കമ്പനി, അതിലൂടെ ഉണ്ടാക്കുന്ന ലാഭം ആഫ്രിക്കയിൽ ചെലവഴിക്കുന്നില്ല. ഇന്ത്യയിലേക്കുതന്നെയാണ് അയക്കുന്നത്. ആഫ്രിക്കൻ രാജ്യത്തിന് അതിൽ നിന്നുള്ള താത്ക്കാലിക നേട്ടങ്ങൾ മാത്രം. ആഗോളതലത്തിൽ പ്രവർത്തിക്കുന്ന ബഹുരാഷ്ട്ര കമ്പനികളായാലും അവർ ഏതെങ്കിലും ഒരു രാജ്യത്ത് കേന്ദ്രമായി പ്രവർത്തിക്കുന്നവരും അവിടത്തെ ദേശീയ മുതലാളിവർഗ്ഗ താത്പര്യം സംരക്ഷിക്കുന്നവരുമായിരിക്കും. അവരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി അതത് മുതലാളിത്ത രാഷ്ട്രങ്ങളുടെ രാഷ്ട്രീയ-സൈനിക ശക്തി ഒപ്പം നിൽക്കുന്നു. അതായത്, ഈ വ്യവസ്ഥയുടെ പ്രവർത്തനം ആഗോളതലത്തിലായെങ്കിലും അതിലെ ഘടകങ്ങൾ അതത് ദേശീയ മുതലാളിത്തത്തിന്റെ ഭാഗമായിത്തന്നെ നിലകൊള്ളുകയും മേധാവിത്വത്തിന് പരസ്പരം പോരടിക്കുകയും ചെയ്യുന്നു. സാമ്രാജ്യത്വ-മുതലാളിത്തത്തിന്റെ ഈ വൈരുദ്ധ്യത്തെ ഇല്ലാതാക്കാനല്ല, രൂക്ഷമാക്കാനേ ആഗോളവൽക്കരണം സഹായിച്ചിട്ടുള്ളൂ എന്നതാണ് അനുഭവത്തിൽ വന്ന യാഥാർത്ഥ്യം. മുതലാളിത്ത രാഷ്ട്രങ്ങൾക്കിടയിലെ വൈരുദ്ധ്യം മൂർച്ഛിക്കുന്നതാണ് വ്യാപാരയുദ്ധത്തിന്റെ രൂപത്തിൽ നാമിന്നു കാണുന്നത്.

ആഗോളവൽക്കരണത്തിന്റെ തുടക്കകാലത്ത്, കൂലി കുറവുള്ള ചൈനയിലെയും ഇന്ത്യയിലെയും ദക്ഷിണേഷ്യൻ രാജ്യങ്ങളിലേയും അദ്ധ്വാനശേഷിയെ ചൂഷണം ചെയ്യുകൊണ്ട്, ആഗോള മുതലാളിത്തത്തിന് മിച്ചമൂല്യം വർദ്ധിപ്പിച്ച് ലാഭം കൂട്ടാനായി. അതുപോലെതന്നെ, വികസിതമായ മുതലാളിത്തരാജ്യങ്ങളിലെ പരിസ്ഥിതി-തൊഴിൽ നിയമങ്ങളുടെ കാർക്കശ്യമോ അധികച്ചെലവുകളോ ഈ രാജ്യങ്ങളിൽ ബാധകമായിരുന്നില്ല എന്നതുകൊണ്ടുതന്നെ മൂലധനം ഈ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്ത് ഉത്പാദനം അവിടേക്ക് മാറ്റി കൂടുതൽ ലാഭം കണ്ടെത്തി. കൂടാതെ, നേരത്തേ അടഞ്ഞുകിടന്ന ഈ രാജ്യങ്ങളിലെയും അതുപോലെ പഴയ സോഷ്യലിസ്റ്റ് ചേരിയിലുണ്ടായിരുന്ന രാജ്യങ്ങളിലെയും കമ്പോളങ്ങൾകൂടി ആഗോള കമ്പോളത്തിലേക്ക് കണ്ണിചേർക്കപ്പെട്ടു. തുടക്കത്തിൽ വൻലാഭം കൈയടക്കാനും അതിവേഗത്തിൽ വളർച്ച കാണിക്കാനും ഇതെല്ലാം മുതലാളിത്തത്തെ സഹായിച്ചു. എന്നാൽ കാലക്രമത്തിൽ സാഹചര്യം മാറി. ചൈനയും ഇന്ത്യയുമടക്കമുള്ള രാജ്യങ്ങളിലെ ദേശീയ മുതലാളിത്തം കരുത്താർജ്ജിച്ചു. വിവിധ മേഖലകളിൽ ആഗോളകുത്തകകളോട് മത്സരിക്കാനും ജയിക്കാനുമുള്ള ശേഷി ഈ രാജ്യങ്ങളിലെ ദേശീയകുത്തകകളും നേടിയെടുത്തുകൊണ്ട് അവയും സാമ്രാജ്യത്വ സ്വഭാവം കൈക്കൊണ്ടു. വിവിധ മുതലാളിത്ത രാഷ്ട്രങ്ങൾക്കിടയിലെ വൈരുദ്ധ്യം, ഇങ്ങനെ പുതിയ സാമ്രാജ്യത്വശക്തികളുടെകൂടി കടന്നുവരവോടെ കൂടുതൽ രൂക്ഷമായി. ചൈനയുടെ അതിവേഗത്തിലുണ്ടായ വളർച്ച, അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ അധീശത്വത്തിന് വെല്ലുവിളിയായി. ലോകചേരികൾ മാറിമറിയുകയും രാഷ്ട്രങ്ങൾക്കിടയിലെ ബലാബലം പുതിയ മാനങ്ങൾ തേടുകയും ചെയ്തു. കോവിഡാനന്തരം മുതലാളിത്ത പ്രതിസന്ധി കൂടുതൽ രൂക്ഷമായപ്പോൾ പലയിടത്തും തുറന്ന യുദ്ധങ്ങൾതന്നെ പൊട്ടിപ്പുറപ്പെടുന്നതും നമ്മൾ കാണുന്നു.

അതേസമയംതന്നെ അതിരൂക്ഷമായി ലോകമെങ്ങും സാമ്പത്തിക അസമത്വം വ്യാപിക്കുന്നതാണ് ഇക്കഴിഞ്ഞ 30 വർഷങ്ങളിൽ നാം കാണുന്നത്. ലോകജനസംഖ്യയിൽ 50%, അതായത്, സാമ്പത്തികമായി പിന്നാക്കമായ ലോകത്തെ പകുതിയോളം ജനങ്ങൾക്കുംകൂടി, ലോകത്തിലെ സമ്പത്തിന്റെ 2 ശതമാനമേ സ്വന്തമായുള്ളൂ. ഏറ്റവും സമ്പന്നരായ 10 ശതമാനമാകട്ടെ, ലോകസമ്പത്തിന്റെ 76% കൈയടക്കിയിരിക്കുന്നു. എല്ലാ രാജ്യങ്ങളിലും സമ്പത്ത് കുറച്ചുപേരിലേക്ക് ചുരുങ്ങുകയും, ഭൂരിഭാഗവും ദാരിദ്ര്യത്തിലും ജീവിതദുരിതങ്ങളിലും പെടുഴലുകയും ചെയ്യുന്നു. ആഗോളവൽക്കരണത്തിന്റെ നേരിട്ടുള്ള പ്രത്യാഘാതം പല മേഖലകളിലുമുണ്ടാകുന്ന തൊഴിൽനഷ്ടമാണ്. തുടക്കത്തിലെ വളർച്ചയുടെ കാലത്തിനുശേഷം, പുതിയ തൊഴിലുകൾ ഉണ്ടാകുന്നില്ലെന്നു മാത്രമല്ല, പല മേഖലകളിലും അനവധിപേർക്ക് തൊഴിലില്ലാതാകുന്നു. പല വികസ്വര രാജ്യങ്ങളിലെയും കർഷകർക്ക് ആഗോളഭീമന്മാരുടെ കടന്നുവരവോടെ ജീവിതം വഴിമുട്ടി. പരമ്പരാഗത-ചെറുകിട വ്യവസായങ്ങൾ പലതും നാമാവശേഷമായി. വികസിതരാജ്യങ്ങളിൽപോലും ഔട്ട്‌സോഴ്സിങ് പല മേഖലകളിലെയും തൊഴിൽ ഇല്ലാതാക്കി. അമേരിക്കയിലെ വാഹനവ്യവസായത്തിനുണ്ടായ തളർച്ചയും, ഡെട്രോയിറ്റ് നഗരം തന്നെ നിശ്ചലമാകുന്നതും ഓർക്കുക. കൂടുതൽപേർക്ക് തൊഴിലും വരുമാനവും നഷ്ടമായതും തൊഴിലില്ലായ്മ വർദ്ധിച്ചതും കമ്പോളപ്രതി

(ശേഷം 6–ാം പേജിൽ)

വിലക്കയറ്റത്തിനെതിരായ പ്രതിഷേധങ്ങളുടെ ഭാഗമായി സെക്രട്ടേറിയറ്റിന് മുന്നിൽ നടന്ന ധർണ്ണ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടേറിയറ്റ് അംഗം ആർ.ബിജു ഉദ്ഘാടനം ചെയ്യുന്നു. ആലപ്പുഴ കളക്ട്രേറ്റ് മാർച്ച് ജില്ലാസെക്രട്ടറി എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു. പാലക്കാട് നടന്ന പ്രതിഷേധ ധർണ്ണ ജില്ലാ സെക്രട്ടറി അബ്ദുൾ അസ്സീസ് ഉദ്ഘാടനം ചെയ്യുന്നു.

സർക്കാർ ജീവനക്കാരെ ആവർത്തിച്ച് വഞ്ചിക്കുന്ന പിണറായി സർക്കാർ

ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കും പുല്ലുവില പോലും കൽപ്പിക്കാത്ത സംസ്ഥാന ഗവൺമെന്റിന്റെ തൊഴിലാളിദ്രോഹ നടപടികൾ സർവ്വ സീമകളും ലംഘിച്ച് മുന്നേറുകയാണ്. ഈ കഴിഞ്ഞ പതിറ്റാണ്ട് ജീവനക്കാരെ സംബന്ധിച്ച് നഷ്ടങ്ങളുടെ മാത്രം കാലഘട്ടമാണ്. മാറ്റിവെക്കപ്പെട്ട വേതനം എന്ന് സുപ്രീംകോടതി പ്രഖാപിച്ച 'സ്റ്റാറ്റ്യൂട്ടറി പെൻഷൻ' നിഷേധിച്ചുകൊണ്ട് 2013 ഏപ്രിലിൽ ഉമ്മൻ ചാണ്ടി സർക്കാർ തുടക്കമിട്ട കൂലിക്കൊള്ള പിന്നീടുവന്ന പിണറായി സർക്കാരും നിർബാധം തുടർന്നു കൊണ്ടിരിക്കുന്നു. ഈ കാലഘട്ടത്തിൽ ജീവനക്കാർക്ക്, അടിസ്ഥാന ശമ്പളം ഒഴികെ ത്യാഗഭരിതമായ സമരങ്ങളിലൂടെ നേടിയ എല്ലാ അനുകൂല്യങ്ങളും നഷ്ടപ്പെട്ടിരിക്കുന്നു. ഡിഎ, ലീവ് സറണ്ടർ, ഹൗസ് ബിൽഡിങ് അഡ്വാൻസ്, ചികിൽസ ആനുകൂല്യം, ശമ്പള പരിഷ്കരണ കുടിശിക തുടങ്ങി നഷ്ടങ്ങളുടെ പട്ടിക നീളുന്നു.

മൂന്നു പതിറ്റാണ്ടിലധികമായി രാജ്യത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ആഗോളവത്കരണത്തിന്റെ ഭാഗമായ ഭരണ പരിഷ്കാരങ്ങൾ കേരളത്തിലും സിവിൽ സർവീസിനെ തകർച്ചയുടെ വക്കത്തെത്തിച്ചിരിക്കുന്നു. ആഗോള സാമ്പത്തിക ഏജൻസികളുടെ നിർദ്ദേശ പ്രകാരം സർക്കാർ വകുപ്പുകളെ പഞ്ചായത്തുകൾക്ക് കീഴിലാക്കികൊണ്ട് ജനകീയാസൂത്രണമെന്ന പേരിൽ നടപ്പാക്കിയ പങ്കാളിത്ത വികസന പരിപാടിയിൽ തുടങ്ങിയ പരിഷ്കാരങ്ങൾ ഇന്ന് സർക്കാർ വകുപ്പുകൾക്ക് സമാന്തരമായി മിഷനുകളും സൊസൈറ്റികളും രൂപീകരിച്ചുകൊണ്ടും പുറംതൊഴിൽ കരാർ നടപ്പാക്കിക്കൊണ്ടും സർക്കാർ വകുപ്പുകളെ അപ്രസക്തമാക്കികൊണ്ടിരിക്കുന്നു. ഈ മിഷനുകളിലും സൊസൈറ്റികളിലുംപൂർണ്ണമായും കരാർ തൊഴിൽ മാത്രമാണുള്ളത്. ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ തുടങ്ങിയ പല പോസ്റ്റുകളും നിർത്തലാക്കിക്കൊണ്ടിരിക്കുന്നു. പരിഷ്കരണങ്ങളുടെ പേരിൽ പല വകുപ്പുകളിലും തസ്തികകൾ വെട്ടിക്കുറക്കാൻ തീരുമാനം എടുത്തിരിക്കുന്നു. തസ്തിക പുനഃർനിർണ്ണയത്തിനായി എല്ലാ വകുപ്പുകളിലും കമ്മിറ്റികളെ നിയോഗിച്ചു കഴിഞ്ഞിരിക്കുന്നു.

രാജ്യത്തെ സാമ്പത്തിക നിയമങ്ങളെയെല്ലാം വെല്ലുവിളിച്ചുകൊണ്ട് നടത്തുന്ന കൂലിക്കൊള്ള 80000 കോടി രൂപയായിരിക്കുന്നു! അതോടൊപ്പം വഷളൻ മുതലാളിത്ത മാനേജ്മെന്റ് തന്ത്രങ്ങൾ സർവ്വീസിൽ ഏർപ്പെടുത്തുക വഴി ഉണ്ടാകുന്ന മാനസിക സമ്മർദ്ദം ജീവനക്കാരുടെ ജീവനെടുക്കുന്ന തരത്തിലേക്ക് വളർന്നിരിക്കുന്നു. കേന്ദ്രസർക്കാരിന്റെ കോർപ്പറേറ്റ് വികസന നയമായ 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് ' നടപ്പാക്കുന്നതിൽ ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളെപ്പോലും പിന്തള്ളി ഒന്നാം റാങ്ക് കേരളത്തിനു ലഭിച്ചിരിക്കുന്നത്, ഇത്തരത്തിൽ പണിയെടുക്കുന്നവരുടെ ശമ്പളവും അവകാശങ്ങളും ചവിട്ടിമെതിക്കുന്നതിനും അവക്കെതിരെ ഉണ്ടാകുന്ന പ്രതിഷേധങ്ങളെ കൈകാര്യം ചെയ്യുന്നതിനുമുള്ള പ്രതിഫലം എന്നനിലയിലാണ്

സാമ്പത്തിക വിപണിയെ വളർത്തുക എന്ന ഏക അജണ്ടയെ മുൻനിർത്തി പ്രവർത്തിക്കുന്ന സർക്കാർ, ജീവനക്കാരുടെ ആനുകൂല്യങ്ങളും സാമ്പത്തിക വിപണിയുടെ ദയാദാക്ഷണ്യത്തിന് വിധേയപ്പെട്ടുമാത്രമേ ലഭ്യമാക്കു എന്ന നയം നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. പങ്കാളിത്ത പെൻഷനിൽ ജീവനക്കാരുടെ ശമ്പളത്തിന്റെ 10 ശതമാനത്തോടൊപ്പം സർക്കാരും 10 ശതമാനം മാച്ചിങ് ഫണ്ട് അടക്കേണ്ടിവരുമ്പോൾ സർക്കാരിന് യഥാർത്ഥത്തിൽ ലാഭം ഒന്നുമില്ല പക്ഷെ മുതലാളിത്ത താൽപര്യം മാത്രം പേറുന്ന സർക്കാർ ജനങ്ങളുടെ നികുതിപ്പണം പെൻഷന്റെ പേരിൽ ഷെയർ മാർക്കറ്റിലേക്ക് ഒഴുക്കുന്നു. മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് നിർത്തലാക്കി ജീവനക്കാരുടെ പണം നിർബന്ധിതമായി പിടിച്ചെടുത്ത് 'മെഡിസെപ്പ്' എന്ന ചാപിള്ളയെ അവരോധിച്ചപ്പോഴും ഹൗസ്ബിൽഡിംങ് അഡ്വാൻസ് നിർത്തലാക്കി ബാങ്ക് വഴിനൽകും എന്ന പാഴ്വാഗ്ദാനം നൽകിയപ്പോഴും സർക്കാരിന്റെ വിപണി താൽപര്യമാണ് വെളിവാകുന്നത്.

കൊള്ളയടിച്ച 80,000 കോടി രൂപ ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കും തിരികെ കൊടുക്കുക

ജീവനക്കാരുടെ ഡിഎ, പെൻഷൻ പറ്റിയവരുടെ ഡി ആർ, 11-ാം ശമ്പള പരിഷ്കരണ കുടിശിക, 12-ാം ശമ്പള പരിഷ്കരണം നടപ്പാക്കതിരിക്കൽ, ലീവ് സറണ്ടർ, എൻപിഎസ്, മെഡിസെപ്പ്, ഹൗസ് ബിൽഡിങ് അഡ്വാൻസ്, സിസിഎ തുടങ്ങിയ ഇനങ്ങളിലായി 80,000 കോടിരൂപയാണ് ഈ സർക്കാർ, ജീവനക്കാരുടെ പക്കൽ നിന്നും കൊള്ളയടിച്ചിരിക്കുന്നത്. ശമ്പളവും- പെൻഷനും പൈസക്കണക്കിൽ വർദ്ധിക്കുന്നുണ്ടെങ്കിലും യഥാർത്ഥ വേതനവും പെൻഷൻ ആനുകൂല്യങ്ങളും ശമ്പള പരിഷ്കരണങ്ങളിലൂടെ വെട്ടിക്കുറയ്ക്കപ്പെടുകയാണ്. പ്രകൃതി ദുരന്തങ്ങളും മഹാമാരിയുമൊക്കെ ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും കവർന്നെടുക്കാനുള്ള അവസരമാക്കി ഉപയോഗിക്കുന്നു.

ഏറ്റവും വലിയ കൊള്ള ഡിഎയുടെ കാര്യത്തിലാണ് ഉണ്ടായിരിക്കുന്നത്. ഒരു നിശ്ചിത സമയത്തെ വിപണി വിലപ്പെരുപ്പം, പണപ്പെരുപ്പം, നാണയമൂല്യ ശോഷണം തുടങ്ങിയ സൂചകങ്ങളെ ആധാരമാക്കി ശാസ്ത്രീയമായി നിർണ്ണയിക്കുന്നതാണ് ക്ഷാമബത്ത അഥവാ ഡിഎ. അതായു സമയത്ത് ക്ഷാമബത്ത പ്രഖ്യാപിക്കാതെയും അഥവാ കേന്ദ്രം പ്രഖ്യാപിച്ചാൽത്തന്നെ സംസ്ഥാനത്ത് അനുവദിക്കാതെയും ഇരിക്കുന്നത് വഴി ജീവനക്കാർ സാമ്പത്തികമായി എല്ലായ്പ്പോഴും ക്ഷാമത്തിലാകുന്നു. ഏതാണ്ട് 22019 കോടി രൂപയാണ് ഡിഎ കുടിശിക. സമാനമായി പെൻഷൻകാരുടെ ഡി ആർ കുടിശിക ഏതാണ്ട് 15286 കോടിയിൽ എത്തി നിൽക്കുന്നു. 2021 ജനുവരി മുതൽ

(ശേഷം 7-ാം പേജിൽ)

(5-ാം പേജിൽ നിന്ന്)

സന്ധി രൂക്ഷമാക്കി. ആഗോളവൽക്കരണത്തിന്റെ ചങ്ങലക്കണ്ണികളിൽ കൊരുത്തിടപ്പെട്ടതു മൂലം, ഒരു രാജ്യത്തിലെ പ്രതിസന്ധി അടുത്ത രാജ്യത്തെയും ബാധിക്കുന്ന ഒന്നായി, ആർക്കും രക്ഷയില്ലാതായി.

വ്യാപാരയുദ്ധം വെളിവാക്കുന്ന മുതലാളിത്ത പ്രതിസന്ധി

ഇന്നു നാം കാണുന്ന വ്യാപാരയുദ്ധവും ചുങ്കഭീഷണികളും വാസ്തവത്തിൽ രാഷ്ട്രങ്ങൾക്കിടയിലെ ബലാബലമല്ല, ദേശീയ മുതലാളിത്തങ്ങൾ തമ്മിലുള്ള മത്സരമാണെന്നു കാണണം. മറ്റൊരർത്ഥത്തിൽ മുതലാളിത്തത്തിന്റെ അപരിഹാര്യമായ പ്രതിസന്ധി തന്നെയാണ് വീണ്ടും വീണ്ടും ഉയർന്നുവരുന്നത്. വ്യാപാരയുദ്ധവും താരിഫുകൾ ഉയർത്തിയുള്ള വെല്ലുവിളിയും വെളിവാക്കുന്നത് ഈ പ്രതിസന്ധിയാണ്. ലോകമെമ്പാടുമുള്ള തൊഴിലാളിവർഗ്ഗത്തിന്റെ അദ്ധ്വാനഫലമായുണ്ടാകുന്ന മിച്ചമൂല്യം കൈയടക്കുന്നതുമായി ബന്ധപ്പെട്ട മത്സരമാണിത് എന്നതാണ് കൗതുകകരം. ഒപ്പം, സാങ്കേതികവിദ്യയിലുണ്ടായ കുതിച്ച ചാട്ടത്തിന്റെ ഫലമായി തുറന്നുവന്ന വിവര സാങ്കേതികവിദ്യ, ഡാറ്റ അനലിറ്റിക്സ്, നിർമ്മിതബുദ്ധി തുടങ്ങിയ പുതിയ മേഖലകളിലെ മേൽക്കൈക്കുവേണ്ടിയും തീക്ഷ്ണമായ മത്സരമുണ്ടാകുന്നു. ഇതുമായി ബന്ധപ്പെട്ട സാങ്കേതികവിദ്യ കൈമാറ്റങ്ങൾക്കും കയറ്റുമതികൾക്കും വിലക്കുണ്ടാകുന്നു. ലോക വ്യാപാര സംഘടനയെ നോക്കുകുത്തിയാക്കിക്കൊണ്ട് ഏകപക്ഷീയമായി ചുങ്കങ്ങളും വിലക്കുകളും അടിച്ചേൽപ്പിക്കുന്നു. ഇതൊക്കെ മരണാസന്ന മുതലാളിത്തത്തിന്റെ നിവൃത്തിയില്ലായ്മയല്ലാതെ മറ്റൊന്നുമല്ല. ഇത്തരം നടപടികളാകട്ടെ ലോകമുതലാളിത്ത സമ്പദ്ഘടനയെ കൂടുതൽ കുഴപ്പങ്ങളിലേക്ക് നയിക്കുന്നു. കൂടാതെ, തന്താങ്ങളുടെ കാർഷികമേഖലയിലും വ്യവസായത്തിലും, ആഗോളവൽക്കരണത്തിന്റെ അന്തഃസത്തയെതന്നെ ചോദ്യം ചെയ്യുന്ന വിധം ദേശീയ മുതലാളിത്ത ഭരണകൂടങ്ങൾ സബ്സിഡികളും സംരക്ഷണവും ആഭ്യന്തരമായി നൽകുന്നു. തൊഴിലാളികളെയും പരിസ്ഥിതിയെയും ദുർബലവിഭാഗങ്ങളെയും ചൂഷണം ചെയ്യുന്ന കാര്യത്തിലാകട്ടെ ഇവരെല്ലാം ഒറ്റക്കെട്ടാണ താനും. സോവിയറ്റ് യൂണിയനെ പോലെയൊരു ബദൽശക്തിയുടെ അഭാവം ലോകത്തിന്ന് കൂടുതൽ പ്രകടമാകുന്നു. കാരണം, ഇന്നത്തെ ഈ വ്യാപാര യുദ്ധത്തിനു പിന്നിലെ ശീതയുദ്ധം, ഒരു സോഷ്യലിസ്റ്റ് ചേരിയും മുതലാളിത്ത ചേരിയും തമ്മിലല്ല; വിവിധ മുതലാളിത്ത താത്പര്യങ്ങൾ തമ്മിലാണ്. അതുതന്നെ, ലോകമുതലാളിത്തം നേരിടുന്ന അന്തമില്ലാത്ത പ്രതിസന്ധിയുടെ സാക്ഷ്യമാണ്.

രൂക്ഷമാകുന്ന മുതലാളിത്ത പ്രതിസന്ധി

ആഗോളതലത്തിലെ തുറന്ന വ്യാപാരവും സഹകരണവുമെന്നത്, ചില രാജ്യങ്ങളുടെയോ രണ്ടു രാജ്യങ്ങളുടെയോ മാത്രം ഇടയിലെ കരാറുകളിലൂടെയുള്ള സ്വതന്ത്ര വ്യാപാരമായി രൂപാന്തരപ്പെടുകയാണ്. ആഗോളവൽക്കരണത്തിന്റെ പരാജയത്തെ തന്നെയാണിത് കുറിക്കുന്നത്. എന്നുതന്നെയുമല്ല, ലോകരാജ്യങ്ങളെ വിവിധ ചേരികളിലായി വിഭജിക്കാനും, ഈ ചേരികൾക്കിടയിലെ വൈരുദ്ധ്യങ്ങളും സംഘർഷങ്ങളും കാലാന്തരത്തിൽ വർദ്ധിക്കാനുമാകും അത് വഴിതെളിക്കുക. ആഗോളതലത്തിലെ വർദ്ധിച്ച ആവശ്യകതയ്ക്കും ഉത്പാദനശേഷിക്കും അനുസൃതമായി ഉത്പാദനം വർദ്ധിപ്പിക്കാൻ സാധിക്കാതെ വരിക, ഉത്പാദനത്തിനനുസൃതമായി വിപണി കണ്ടെത്താൻ പറ്റാതെ വരിക, ലഭ്യമായ വിപണികളിൽതന്നെ, ജനം കൂടുതൽ പാപ്പാരാകുന്നതുമൂലം ക്രയശേഷി കുറയുകയും വിൽപ്പന നടക്കാതിരിക്കുകയും ചെയ്യുക, അതിലൂടെ കമ്പോളം കൂടുതൽ ചുരുങ്ങുക – ഇതാണ് സംഭവിക്കുക എന്ന് വ്യക്തം. ആഗോളവൽക്കരണം എന്ത് ലക്ഷ്യം വെച്ചോ അതിനു നേരേ വിപരീതദിശയിൽ കാര്യങ്ങൾ എത്തിയെന്നു മാത്രമല്ല, കാൾ മാർക്സ് ചൂണ്ടിക്കാട്ടിയ പാഠങ്ങൾ വീണ്ടും സാധൂകരിക്കപ്പെടുകയാണ്.

ഇതോടൊപ്പം തന്നെ കുടിയേറ്റത്തോടുള്ള സമീപനവും നമ്മൾ കണക്കിലെടുക്കണം. ആഗോളവൽക്കരണത്തിന്റെ തുടക്കകാലത്ത് വികസിതരാജ്യങ്ങളെല്ലാം വൻതോതിൽ കുടിയേറ്റം പ്രോത്സാഹിപ്പിച്ചിരുന്നുവെങ്കിൽ ഇന്ന് അതിർത്തികൾ അടക്കാൻ രാജ്യങ്ങൾ മത്സരിക്കുകയാണ്. ജോലിക്കായുള്ള നിയമാനുസൃതവും അല്ലാതെയുമുള്ള കുടിയേറ്റം മാത്രമല്ല, യുദ്ധങ്ങളും ദാരിദ്ര്യവും പ്രകൃതിദുരന്ത ങ്ങളുമെല്ലാം സൃഷ്ടിക്കുന്ന അഭയാർത്ഥികളും പല വികസിത രാജ്യങ്ങളുടേയും വാതിലിൽ മുട്ടിവിളിക്കുകയാണ്. എന്നാൽ, യഥാർത്ഥത്തിൽ ഈ സമ്പദ്ഘടനകളൊക്കെ വികസിക്കുകയല്ല ചുരുങ്ങുകയാണ് എന്ന വസ്തുതമൂലം, രാജ്യത്തുള്ളവർക്കുതന്നെ മതിയായ തൊഴിലോ വിഭവങ്ങളോ പഴയതുപോലെ നൽകാൻ ഈ രാജ്യങ്ങൾ അശക്തരായിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. അത് മറച്ചുവെക്കാനായി, പുറമേനിന്നുള്ളവർക്കുനേരേ, വാതിലുകൾ കൊട്ടിയടക്കാനാണ് ഈ രാജ്യങ്ങളിലെ ഭരണകൂടങ്ങൾ ശ്രമിക്കുന്നത്. അത് മറച്ചുവെക്കാനായി അഭയാർത്ഥികൾക്കും കുടിയേറ്റക്കാർക്കുമെതിരേ വെറുപ്പിന്റെ രാഷ്ട്രീയവും ഇവിടങ്ങളിലെ തീവ്രവലതുപക്ഷം ഉയർത്തുന്നു, ജനത്തെ വഞ്ചിക്കുന്നു. ജീവിതദുരിതങ്ങൾകൊണ്ടു പൊറുതിമുട്ടുന്ന ഈ നാടുകളിലെ സാധാരണക്കാർ പലപ്പോഴും ഇത്തരം പ്രചാരണങ്ങളിൽ വീണുപോകുന്നു. ഈ രാജ്യങ്ങളിലെ ഭരണകൂടങ്ങളും ഇത് പ്രോത്സാഹിപ്പിച്ച് ജനത്തിന്റെ കണ്ണിൽ പൊടിയിടാൻ കൂട്ടുനിൽക്കുന്നു. ഇതും ആഗോളവൽക്കരണത്തിന്റെ അവകാശവാദങ്ങളുടെ പരാജയം തന്നെയാണ്.

വ്യാപാരയുദ്ധത്തെ മുതലാളിത്തത്തിന്റെ സാധാരണപ്രവർത്തനത്തിൽനിന്നൊരു വ്യതിചലനമായി കാണാനാകില്ല. അത് മുതലാളിത്ത പ്രതിസന്ധിയുടെ ഒരു ഘട്ടം മാത്രമാണ്. പ്രതിസന്ധിയിൽനിന്നു കരകയറാൻ മുതലാളിത്തം ആവിഷ്കരിച്ച നടപ്പാക്കിയ ഒറ്റമൂലി രോഗത്തെ മൂർച്ഛിപ്പിക്കുമ്പോൾ, മുതലാളിവർഗ്ഗ സർവ്വാധിപത്യത്തിൽ അധിഷ്ഠിതമായ, മരണാസന്നമായ ഈ ചൂഷണവ്യവസ്ഥിതിയെ തകർത്തെറിഞ്ഞ്, അവിടെ തൊഴിലാളിവർഗ്ഗത്തിന്റെ ഭരണകൂടം സാധ്യമാക്കുമ്പോൾ മാത്രമേ ജനങ്ങൾക്ക് എല്ലാ ദുരിതങ്ങളിൽ നിന്നും വിമോചനം കൈവരികയുള്ളൂ. കഴിഞ്ഞ മൂന്നു ദശകങ്ങളായി നമുക്കുമേൽ അടിച്ചേൽപ്പിച്ച നവലിബറൽ നയങ്ങൾക്കും ആഗോളവൽക്കരണത്തിനും പിന്നിലെ പൊള്ളത്തരവും വഞ്ചനയും തിരിച്ചറിഞ്ഞുകൊണ്ട് തൊഴിലാളിവർഗ്ഗമുന്നേറ്റങ്ങളും ബഹുജന പ്രക്ഷോഭങ്ങളും കെട്ടിപ്പടുക്കുക എന്നതാണ് നാം ഇപ്പോൾ ചെയ്യേണ്ടത്. മരണാസന്നമായ സാമ്രാജ്യത്വമുതലാളിത്തത്തെയും അതിന്റെ മാനസസന്തതിയായ ആഗോളവൽക്കരണത്തെയും ഇനിയും ചുമന്നാൽ അത് സാധാരണക്കാരുടെ ജീവിതങ്ങളെ കൂടുതൽ നാശോന്മുഖമാക്കും എന്നും നാം തിരിച്ചറിയണം. ■

ജീവനക്കാരിൽ കനത്ത ജോലിഭാരം അടിച്ചേൽപ്പിച്ചുകൊണ്ട് നിയമന നിരോധനവും തസ്തിക വെട്ടിച്ചുരുക്കലും നടപ്പാക്കുന്നു

(6-ാം പേജിൽ നിന്ന്)

തുടർച്ചയായി 39 മാസം ഡിഎ അനുവദിക്കാതിരുന്നതിനെ തുടർന്ന് ജീവനക്കാരുടെ പ്രതിഷേധം ശക്തമായപ്പോൾ പ്രതിവർഷം രണ്ടു ഗഡു ഡിഎ നൽകും എന്ന് 2024 ജൂലൈ 10 ന് മുഖ്യമന്ത്രി ചട്ടം 300 അനുസരിച്ച് നിയമസഭയിൽ പ്രസ്താവിച്ചു. എന്നാൽ ഓരോ വർഷവും ജനുവരിയിലും ജൂലൈയിലും പുതുക്കി പ്രഖാപിക്കു ന്നതിനാൽ എല്ലായിപ്പോഴും 6 ഗഡു ഡിഎ കുടിശിക ഉണ്ടാകും എന്ന് സർക്കാർ ഉറപ്പാക്കിയിരിക്കുന്നു.

ഡിഎ ഉത്തരവ് ഇറങ്ങിയപ്പോൾ എന്നു മുതലുള്ള ഗഡുവാണെന്നു വ്യക്തമാക്കാതെയും കുടിശിക നൽകുന്നതിനെ കുറിച്ച് പരാമർശിക്കാതെയും ഇരുന്നതുവഴി വലിയ നഷ്ടമാണ് ഉണ്ടായിരിക്കുന്നത്.

1. 2021 ജനുവരി - 2024 മാർച്ച് - 39 മാസം
2. 2021 ജൂലൈ - 2024 സെപ്റ്റം. - 39 മാസം
3. 2022 ജനുവരി - 2025 മാർച്ച് - 39 മാസം
4. 2022 ജൂലൈ - 2025 ജൂലൈ - 36 മാസം

എന്ന നിലയിൽ ഡിഎ കുടിശിക നഷ്ടമായി.സർക്കാരിന്റെ തന്നെ അഭിപ്രായത്തിൽ 3% ഡിഎ നൽകുമ്പോൾ പ്രതിവർഷം 2000 കോടി ചെലവുവരും. അങ്ങനെയെങ്കിൽ പിണറായി സർക്കാർ കഴിഞ്ഞ 4 ഡിഎ ഉത്തരവുകളിലുംകൂടി 11 ശതമാനം ഡിഎ കുടിശിക നിഷേധിച്ചത് വഴി ജീവനക്കാർക്കും പെൻഷൻകാർക്കും 24000 കോടി രൂപയുടെ നഷ്ടമാണ് ഉണ്ടാകുന്നത്. ഏതാണ്ട് രണ്ടുമാസത്തെ ശമ്പളം/പെൻഷനു തുല്യമായ തുകയാണ് ഒരോ ജീവനക്കാരുടെ/പെൻഷൻകാരുടെ പക്കൽനിന്നും കൊള്ളയടിക്കപ്പെടുന്നത്. ലഭിക്കേണ്ടുന്ന ശമ്പളത്തിന്റെ/പെൻഷന്റെ ഏതാണ്ട് അഞ്ചിൽ നാലു മാത്രമാണ് ഓരോ ജീവനക്കാരും പെൻഷൻകാരും കൈപ്പറ്റുന്നത്.

2021 വരെയുള്ള ഡിഎ ഉത്തരവുകളിൽ കേന്ദ്ര ഗവൺമെന്റ് ഡിഎ അനുവദിക്കുന്ന ഉത്തരവു പരാമർശിച്ചുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് ഡിഎ ഉത്തരവുകൾ ഇറക്കിയിരുന്നത്. കൂടാതെ ഈ ഉത്തരവുകളിൽ കേന്ദ്ര ഗവൺമെന്റ് ഡിഎ അനുവദിക്കുന്ന തീയതി മുതലുള്ള കുടിശിക കേരളത്തിലെ ജീവനക്കാർക്ക്/പെൻഷൻകാർക്ക് നൽകുന്നതിനുള്ള സമയബന്ധിതമായ നടപടിക്രമങ്ങളും ഉണ്ടായിരുന്നു. പിണറായി സർക്കാരിന്റെ ഡിഎ കുടിശിക സംബന്ധിച്ച നയം കഴിഞ്ഞകാല സർക്കാരുകൾ പാലിച്ചു പോന്ന വ്യവസ്ഥാപിത കീഴ്‌വഴക്കങ്ങളുടെ നഗ്നമായ ലംഘനമാണ്.

ശമ്പള പരിഷ്കരണം

ശമ്പള പരിഷ്കരണത്തിലും വലിയ തട്ടിപ്പാണ് നടക്കുന്നത്. 2019ൽ ഏറ്റവും കുറഞ്ഞ അടിസ്ഥാന ശമ്പളം 27000 രൂപയെങ്കിലും ആവേണ്ടിയിരുന്നത് രണ്ടുകൊല്ലങ്ങൾക്കു ശേഷംനടന്ന പരിഷ്കരണത്തിൽ 23000 മായി കുറഞ്ഞു. അതിനകം രാജ്യത്തിന്റെ ആഭ്യന്തര പൊതുവിപണിവില സൂചികകൾ എത്രയോതവണ ഉയർന്നത് ശമ്പള പരിഷ്കരണ കമ്മീഷൻ തന്ത്രപൂർവ്വം മറച്ചുവെച്ചു. പണത്തിന്റെ കണക്കിൽ വർദ്ധനവ് കാണിച്ച് യഥാർത്ഥ വേതനം വെട്ടിക്കുറയ്ക്കുന്ന വിദ്യയാണ് ഏതാനും പരിഷ്കരണങ്ങളിലായി ശമ്പളക്കമ്മീഷനുകൾ പയറ്റുന്നത്.

കാലാകാലങ്ങളായി നിലനിൽക്കുന്ന, അഞ്ചുവർഷ കാലയളവിൽ ശമ്പള പരിഷ്കരണം എന്ന കീഴ്‌വഴക്ക പ്രകാരം കേരള സർക്കാർ സർവീസിൽ ജീവനക്കാരുടെയും അധ്യാപകരുടെയും പുതുക്കിയ ശമ്പളം 2024 ജൂലൈയിൽ നിലവിൽ വരേണ്ടതായിരുന്നു. എന്നാൽ നാളിതുവരെയായി ശമ്പളകമ്മീഷനെ നിയമിക്കാനുള്ള നീക്കം പോലും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. 2019ൽ നടപ്പാക്കേണ്ടിയിരുന്ന പതിനൊന്നാം ശമ്പള പരിഷ്കരണം രണ്ടുകൊല്ലം വൈകി 2021ൽ നടപ്പാക്കിയപ്പോൾ അരിയറുകൾ അനുവദിക്കുന്നതിനായി ഏർപ്പെടുത്തിയ വ്യവസ്ഥകൾ പാലിക്കപ്പെടുകയുണ്ടായില്ല. ആറ് കൊല്ലങ്ങൾ പിന്നിട്ട് ഈ അടുത്ത നാളുകളിൽ അവ പിഎഫിൽ ലയിപ്പിക്കാൻ ഉത്തരവിറക്കിയപ്പോഴാകട്ടേ അരിയർ തുകകൾ പിൻവലിക്കാൻ 2026 വരെ കാത്തിരിക്കേണ്ട നിബന്ധനകൾ എഴുതിച്ചേർത്തു. ആയതിനാൽ പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ സാമ്പത്തികഫലം ഇന്നേവരെ പൂർണ്ണമായി ജീവനക്കാർക്ക് ലഭിച്ചിട്ടില്ല.

മിനിമം വേതനം സംബന്ധിച്ച് ഇന്ത്യൻ ലേബർകോൺഫറൻസുകൾപ്രഖാപിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം പരിശോധിച്ചാൽ 38500 രൂപ മിനിമം ശമ്പളം ലഭിക്കേണ്ടതാണ്. പതിനൊന്നാം ശമ്പള പരിഷ്കരണം നടത്തിയപ്പോൾ ആകെ ശമ്പളത്തിൽ നാമമാത്രമായ വർദ്ധനവ് മാത്രമാണ് ലഭിച്ചത്. മാത്രമല്ല സർവീസ് വെയ്റ്റേജ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്തു. കൂടാതെ 2021 ജനുവരി മുതലുള്ള ഡിഎ നിഷേധിക്കപ്പെട്ടതിനാൽ ശമ്പള പരിഷ്കരണത്തിന്റെ ഒരുഫലവും ജീവനക്കാർക്ക് ലഭിച്ചില്ല.

നഷ്ടം: 11-ാം ശമ്പള പരിഷ്കരണ അരിയർ-3000 കോടി, 12-ാം ശമ്പള പരിഷ്കരണം നടത്തിയില്ല- 9100 കോടി, പെൻഷൻ പരിഷ്കരണ അരിയർ- 500കോടി, പെൻഷൻ പരിഷ്കരണം നടത്തിയില്ല-4000 കോടി

പങ്കാളിത്ത പെൻഷൻ: സർക്കാർ തുടരുന്ന വഞ്ചന

കേരളത്തിൽ 2013 ഏപ്രിൽ 1ന് യുഡിഎഫ് സർക്കാർ എൻപിഎസ് നടപ്പാക്കി. ജീവനക്കാരുടെ ഇടയിൽ ഇതിനെതിരെ വ്യാപക പ്രതിഷേധം ഉണ്ടായത് പരിഗണിച്ച് 2016ൽ തിരഞ്ഞെടുപ്പു പ്രകടന പത്രികയിൽ പങ്കാളിത്ത പെൻഷൻ പുനഃപരിശോധിക്കും എന്നു വാഗ്ദാനം നൽകി എൽഡിഎഫ് തിരഞ്ഞടുപ്പിനെ നേരിട്ടു. ഈ വാഗ്ദാനം കേരളത്തിലെ ജീവനക്കാർക്ക് വലിയ പ്രതീക്ഷ നൽകിയിരുന്നു. പക്ഷേ, അധികാരത്തിൽവന്ന ഇടതുപക്ഷ സർക്കാർ എൻപിഎസിന് നിയമപ്രാബല്യം സിദ്ധിക്കാൻ 2020 മെയ് 13ന് അസാധാരണ ഗസറ്റ് വിജ്ഞാപനം ഇറക്കുന്നതാണു നാം പിന്നീട് കണ്ടത്. ജീവനക്കാരുടെ പ്രതിഷേധത്തെ തുടർന്ന് 2018 നവംബറിൽ നിയമിച്ച സർക്കാരിന്റെ പുനഃപരിശോധനാ കമ്മിറ്റി എൻപിഎസ് പിൻവലിക്കുന്നതിന് നിയമതടസ്സം ഇല്ലെന്ന് റിപ്പോർട്ട് നൽകി. പക്ഷേ പഠനത്തിന് മേൽ പഠനവുമായി തിരുമാനം അനന്തമായി നീളുന്നു. എന്നാൽ എൻപിഎസിൽ നിന്നു പിൻമാറില്ലെന്ന ഗ്യാരണ്ടി നൽകി കേന്ദ്ര ഗവൺമെന്റിൽ നിന്ന് എല്ലാ വർഷവും വായ്പ എടുത്തുകൊണ്ടിരിക്കുകയുമാണ് ഈ ഗവൺമെന്റ്. കഴിഞ്ഞ 9 വർഷമായി ജീവനക്കാരുടെ ശമ്പള വിഹിതവും നികുതിപണവും ഓഹിരി വിപണിയിൽ എത്തിക്കുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്തം ഈ സർക്കാരിനാണ്.

എൻപിഎസിൽ രാജ്യത്ത് ഏറ്റവും അധികം ചൂഷണം നേരിടുന്നത് കേരളത്തിലെ ജീവനക്കാർ

രാജ്യത്ത് പശ്ചിമ ബംഗാൾ ഒഴികെയുള്ള എല്ലാ സംസ്ഥാനങ്ങളും എൻപിഎസ് നടപ്പാക്കി. അവിടങ്ങളിലെല്ലാം ജീവനക്കാർ വിരമിക്കുമ്പോൾ ഡിസിആർജി (ഗ്രാറ്റുവിറ്റി) നൽകുന്നുണ്ട്. എന്തിന് സ്വകാര്യ സ്ഥാപനങ്ങൾപോലും അവരുടെ തൊഴിലാളികൾ വിരമിക്കുമ്പോൾ ഗ്രാറ്റുവിറ്റി നൽകുന്നു. എന്നാൽ കേരളത്തിലെ എൻപിഎസ് പദ്ധതിയിൽ പെട്ട ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നിഷേധിച്ചിരിക്കുന്നു. അതോടൊപ്പം മറ്റൊരു വിവേചനം എൻപിഎസിലേക്കുള്ള സർക്കാർ വിഹിതത്തിന്റെ കാര്യത്തിലാണ്. കേന്ദ്രഗവൺമെന്റും മറ്റ് എല്ലാ സംസ്ഥാനങ്ങളും തൊഴിലുടമ വിഹിതമായി ശമ്പളത്തിന്റെ 14% അടക്കുമ്പോൾ കേരളത്തിൽ അത് 10% മാത്രമാണ്.

പ്രക്ഷോഭ ചൂടിൽ സംസ്ഥാനങ്ങൾ എൻപിഎസ് പിൻവലിക്കുമ്പോൾ കേരളത്തിന് കേന്ദ്രത്തിന്റെ അതേ നിലപാട്

എൻപിഎസിനെതിരെ ഉയർന്നുവന്ന വമ്പൻ പ്രക്ഷോഭത്തെ തുടർന്ന് രാജസ്ഥാൻ, ഛത്തീസ്ഗഢ്, പഞ്ചാബ്, ഹിമാചൽപ്രദേശ് തുടങ്ങി പല സംസ്ഥാനങ്ങളും പദ്ധതിയിൽനിന്ന് പുറത്തുവന്നുകഴിഞ്ഞു. ഇനിയും ചില സംസ്ഥാന സർക്കാരുകൾ ഈ നെറികെട്ട പദ്ധതി പിൻവലിക്കും എന്നറിയിച്ചു കഴിഞ്ഞു. എന്നാൽ കേരളത്തിലെ ഗവൺമെന്റ്, ജീവനക്കാരുടെ വർദ്ധിച്ചു വരുന്ന പ്രതിഷേധത്തെ ഭയപ്പെടുന്നുണ്ടെങ്കിലും ഈ ആവശ്യം കേട്ടതായിപോലും നടിക്കുന്നില്ല. മാത്രമല്ല, ഭരണാനുകൂല സംഘടനയെ ഉപയോഗിച്ച് പിഎഫ്ആർഡിഎ പിൻവലിച്ചെങ്കിൽ മാത്രമേ എൻപിഎസ് പിൻവലിക്കാൻ കഴിയു എന്നും ജീവനക്കാർ എൻപിഎസിലേക്ക് അടച്ചപണം തിരികെകിട്ടില്ല എന്നുമുള്ള പ്രചാരണം അഴിച്ചുവിട്ട് ജീവനക്കാരുടെ ഇടയിൽ ആശയക്കുഴപ്പവും അഭിപ്രായ ഭിന്നതയുമുണ്ടാക്കാൻ ശ്രമം നടത്തികൊണ്ടിരിക്കുന്നു. പിഎഫ്ആർഡിഎ പിൻവലിക്കണമെന്നകാര്യത്തിൽ ആർക്കും തർക്കമില്ല. പക്ഷേ അത് കേന്ദ്രനിയമമാണ്, പിൻവലിക്കേണ്ടത് കേന്ദ്ര സർക്കാരും. അതുപിൻവലിക്കാനായി അഖിലേന്ത്യാ തലത്തിൽ ജീവനക്കാരുടേയും തൊഴിലാളികളുടേയും ഐക്യം രൂപപ്പെടുത്തി വലിയ സമരം കെട്ടിപ്പടുക്കേണ്ടതുണ്ട്. എന്നാൽ നയപരമായിത്തന്നെ എൻപിഎസിനോട് വിയോജിപ്പുണ്ട് എന്നവകാശപ്പെടുന്ന കേരള സർക്കാർ ഇവിടെ എൻപിഎസ് പിൻവലിച്ചാൽ രാജ്യമെങ്ങും നടക്കുന്ന പ്രക്ഷോഭങ്ങൾക്ക് അത് കരുത്തുപകരുകയും കേന്ദ്രം പിഎഫ്ആർഡിഎ തന്നെ പിൻവലിക്കാൻ നിർബന്ധിതമാകുകയും ചെയ്യും എന്ന കാര്യം അവർ സൗകര്യപൂർവ്വം മറക്കുന്നു.

സംസ്ഥാനങ്ങൾ പങ്കാളിത്ത പെൻഷൻ ഉപേക്ഷിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ തിരികെ കൊണ്ടുവരാൻ തുടങ്ങിയതോടെ, കോർപ്പറേറ്റുകൾക്ക് കൈയാളാൻ കിട്ടിയ 12 ലക്ഷം കോടിയിൽപ്പരം രൂപ നഷ്ടപ്പെട്ടേക്കുമെന്ന ഭയത്താൽ കേന്ദ്രഗവൺമെന്റ് കഴിഞ്ഞ ബഡ്ജറ്റിൽ അഷ്വേഡ് പെൻഷൻ എന്ന പുതിയ പദ്ധതി നടപ്പാക്കുന്നതിനു ആസൂത്രണം ചെയ്തുകൊണ്ട് ഒരു കമ്മിറ്റിയെ നിയോഗിച്ചു. അതേ മാതൃകയിൽ പിണറായി സർക്കാരും അഷ്വേഡ് പെൻഷൻ നടപ്പാക്കും എന്ന് പ്രഖാപിക്കുകയും 'ജീവാനന്ദം' എന്ന പേരിൽ സമാന പദ്ധതി നടപ്പാൻ ശ്രമം തുടങ്ങുകയും ചെയ്തു.

തുടർന്ന് കേന്ദ്രസർക്കാർ ഏകീകൃത പെൻഷൻ പദ്ധതി (യുപിഎസ്) എന്ന പേരിൽ ഓഹരി വിപണിയെ അടിസ്ഥാനപ്പെടുത്തി തന്നെയുള്ള പുതിയ പദ്ധതി 2024 ആഗസ്റ്റിൽ പ്രഖാപിച്ചു. യുപിഎസും പങ്കാളിത്ത പെൻഷൻ പദ്ധതി തന്നെയാണ്. 2003 ജനുവരിയിൽ റിസർവ് ബാങ്ക് നിയോഗിച്ച വിദഗ്ധസമിതി സംസ്ഥാനങ്ങൾക്കായി ശുപാർശ ചെയ്ത മൂന്ന് പെൻഷൻ പദ്ധതികളിൽ ഒന്നാണിത്.

ദുരിതത്തിലായ എൻപിഎസ് പെൻഷൻകാർ

സംസ്ഥാനത്ത് എൻപിഎസ് ഏർപ്പെടുത്തിയിട്ട് 12 വർഷം കഴിഞ്ഞ ഈ കാലയളവിൽ ആയിരക്കണക്കിന് ജീവനക്കാർ എൻപിഎസ് വഴി റിട്ടയറാകുകയും, പെൻഷൻ നിഷേധിക്കപ്പെട്ട്, വാർദ്ധക്യത്തിന്റെ നാളുകളിൽ ദാരിദ്രത്തിലേക്ക് തള്ളി വിടപ്പെടുകയും ചെയ്തിരിക്കുന്നു. ഇതിൽ ബഹുഭൂരിപക്ഷവും സ്പെഷ്യൽ റൂൾവഴി നിയമനം ലഭിച്ച അംഗപരിമിതരായവരാണ്. കൂടാതെ, താൽക്കാലിക ജോലികളിൽനിന്നും അംഗൻവാടി ജീവനക്കാരിൽനിന്നും മറ്റും കുറഞ്ഞകാലത്തേക്ക് സ്ഥിരനിയമനം ലഭിച്ച ഏറ്റവും സാധാരണക്കാരായ ജീവനക്കാരാണ് റിട്ടയറായതോടെ ഒരു വരുമാനവുമില്ലാത്തവരായി മാറിയിരിക്കുന്നത്. കുറഞ്ഞകാലത്തെ സർവ്വീസുമാത്രമുള്ള ഈ ജീവനക്കാർ സ്റ്റാറ്റ്യൂട്ടറി പെൻഷൻ സ്കീമിലായിരുന്നു എങ്കിൽ അവരുടെ സർവ്വീസ് അനുസരിച്ച് 3550 രൂപ മുതൽ 11000 രൂപ വരെ പെൻഷന് അർഹരാകുമായിരുന്നു. കൂടാതെ മെഡിക്കൽ അലവൻസ്, ഡിയർനസ് റിലീഫ്, ഫാമിലി പെൻഷൻ, അഞ്ചുവർഷം സർവ്വീസുള്ളവർക്ക് ഡിസിആർജി തുടങ്ങിയ ആനുകൂല്യങ്ങളും ലഭിക്കുമായിരുന്നു. എന്നാൽ സർവ്വീസിൽ ഉണ്ടായിരുന്നപ്പോൾ ലഭിച്ചിരുന്ന ശമ്പളത്തിന്റെ 10 ശതമാനം പെൻഷൻ ഫണ്ടിലേക്കടച്ച എൻപിഎസ് ജീവനക്കാർ റിട്ടയർചെയ്തപ്പോൾ വഴിയാധാരമായിരിക്കുന്നു. എന്നാൽ രാഷ്ട്രീയ സ്വാധീനം മാത്രം യോഗ്യതയായുള്ള, നിശ്ചിതകാലത്തേക്ക് നിയമനം ലഭിക്കുന്ന മന്ത്രിമാരുടെയും മറ്റും പേഴ്സണൽ സ്റ്റാഫിന് മേൽ പറഞ്ഞ സ്റ്റാറ്റ്യൂട്ടറി പെൻഷന്റെ ആനുകൂല്യങ്ങൾ എല്ലാം ലഭിക്കുന്നു എന്നത് തുല്യ നീതിയുടെ ലംഘനമായി നിലകൊള്ളുന്നു.

അമിതജോലിഭാരവും അധിക്ഷേപങ്ങളും ജീവനക്കാരുടെ ജീവനെടുക്കുന്നു

നിയമന നിരോധനം, പ്രമോഷൻ നിഷേധം, അമിത ടാർജറ്റുകൾ, പീഡനമാകുന്ന റിവ്യൂമീറ്റിങ്ങുകൾ, പല ഓഫീസുകളുടെ ചാർജ്ജ് ഒരേ സമയം എടുക്കേണ്ടി വരിക, അധികാരസ്ഥാനങ്ങളിൽനിന്നുള്ള അധിക്ഷേപം തുടങ്ങിയ വഷളൻ മുതലാളിത്ത മാനേജ്മെന്റ് തന്ത്രങ്ങൾ വഴി ഉണ്ടാകുന്ന മാനസ്സിക സമ്മർദ്ദം- ഇവയെല്ലാം ഇതിനകം തന്നെ സംസ്ഥാനത്ത് നിരവധി ജീവനക്കാരുടെ ജീവനെടുത്തിക്കുകയാണ്. കണ്ണൂർ എഡിഎം ആയിരുന്ന നവീൻ ബാബുവിന്റെ മരണം ഭരണാധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടായ അവഹേളനത്തെ തുടർന്നായിരുന്നു. ജീവനക്കാരെ ആർക്കും യാതൊരു അടിസ്ഥാനവുമില്ലാതെ എവിടെവച്ചും അവഹേളിക്കാം വ്യക്തിഹത്യ നടത്താം എന്നൊരു സ്ഥിതി ഇന്ന് കേരളത്തിൽ നിലനിൽക്കുന്നു. അതിന്റെ പരിണിതഫലമാണ് ഈ വ്യക്തിഹത്യയും ആത്മഹത്യയും.

സർക്കാർ വകുപ്പുകളിൽ പലതും പതി

(ശേഷം 8-ാം പേജിൽ)

പണിയെടുക്കുന്നവരുടെ ആനുകൂല്യങ്ങൾ നിഷേധിക്കാൻ സാമ്പത്തിക പ്രതിസന്ധിയെന്ന കപടന്യായം ഉന്നയിക്കുന്നു

(7–ാം പേജിൽ നിന്ന്)

റ്റാണ്ടുകൾ പഴക്കമുള്ള സ്റ്റാഫ് പാറ്റേണാണ് ഇപ്പോഴും തുടർന്നു വരുന്നത്. കാലാനുസൃതമായി വർദ്ധിച്ച ജോലിഭാരത്തിന് ആനുപാതികമായി തസ്തികകൾ വർദ്ധിപ്പിക്കുന്നതിനുപകരം ആഗോളവൽക്കരണ പരിഷ്കരണ നടപടികളുടെ ഭാഗമായി നിയമന നിരോധനവും തസ്തിക വെട്ടിച്ചുരുക്കലുമാണ് ഇവിടെ നടക്കുന്നത്. കനത്ത ജോലി ഭാരം മൂലം സർക്കാർ ജീവനക്കാർ മാനസിക സമ്മർദ്ദവും നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതിനൊപ്പം ശമ്പളവും ആനുകൂല്യങ്ങളും തടഞ്ഞുവെച്ചിരിക്കുന്നതുവഴി ലോണടവ് മുടങ്ങുന്നതും കടക്കെണിയിലാകുന്നതും സാധാരണക്കാരായ ജീവനക്കാർക്ക് താങ്ങാനാവുന്നതല്ല. വിദ്യാഭ്യാസ വകുപ്പിലെ ഒരു സീനിയർ സൂപ്രണ്ട് പല ഓഫീസുകളുടെ ഉത്തരവാദിത്വങ്ങൾ ഒരേ സമയം നിറവേറ്റേണ്ടുന്ന അവസ്ഥ ഉണ്ടായതിനാൽ വന്ന ജോലി സമ്മർദ്ദത്താൽ ആത്മഹത്യചെയ്ത സംഭവം അടുത്തിടെ പുറത്തുവന്നിരുന്നു. 90 പോലീസുദ്യോഗസ്ഥർ ജോലി സമ്മർദ്ദം മൂലം സംസ്ഥാനത്ത് ആത്മഹത്യചെയ്തതായി റിപ്പോർട്ടുകൾ ഉണ്ട്. റിവ്യൂമീറ്റിങ്ങിൽ ജീവനക്കാരി കുഴഞ്ഞുവീണതിനെ തുടർന്ന് ഇത്തരം മീറ്റിങ്ങുകൾ ജീവനക്കാരുടെ പീഡന കേന്ദ്രങ്ങളാകരുതെന്ന് തദ്ദേശസ്വയം ഭരണ വകുപ്പിന് സർക്കുലർ ഇറക്കേണ്ടി വന്നിരിക്കുന്നു. പോലീസ്, പഞ്ചായത്ത്, വില്ലേജ് ഓഫീസ്, സർക്കാർ ആശുപത്രികൾ തുടങ്ങി നിരവധി ഇടങ്ങളിൽ ജീവനക്കാർ ജോലി ഭാരം മൂലം ആത്മഹത്യയുടെ വക്കത്താണ്.

മെഡിസെപ്പ് പ്രീമിയം വർധിപ്പിച്ച് ജീവനക്കാരെ വീണ്ടും പിഴിയുന്നു

500 രൂപ പ്രതിമാസ പ്രീമിയം ഈടാക്കി 2022 ജൂലൈ 1 മുതൽ നടപ്പാക്കിവരുന്ന മെഡിസെപ്പ്, പ്രീമിയം 750 രൂപയായി വർധിപ്പിച്ച് രണ്ടു വർഷം(രണ്ടാം വർഷം പ്രീമിയം ഇനിയും വർധിപ്പിക്കും) കൂടി തുടരുവാനുള്ള ഉത്തരവ് ഇറങ്ങിയിരിക്കുകയാണ്. ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കാത്തതിനാൽ ജീവനക്കാരുടെയും പെൻഷൻകാരുടേയും ഇടയിൽ ശക്തമായ പ്രതിഷേധം നിലനിൽക്കെയാണ് സർക്കാരിന്റെ ഈ നടപടി. ജീവനക്കാരുടെ പക്കൽ നിന്ന് ഒരു വിഹിതവും പിരിക്കാതെ പ്രതിവർഷം ലഭിച്ചുകൊണ്ടിരുന്ന 200 കോടിയിലധികം രൂപയുടെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റും പെൻഷൻകാരുടെ 500 രൂപ പ്രതിമാസ മെഡിക്കൽ അലവൻസും ഇല്ലാതാക്കികൊണ്ടു നടപ്പാക്കിയ മെഡിസെപ്പിനു വേണ്ടി 2000 കോടിരൂപയിലധികം കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ സർക്കാർ കൊള്ളയടിച്ചു. ഈ കൊള്ളയിൽ 50 ശതമാനം വർധനവ് നടത്താനാണ് മന്ത്രി സഭതീരുമാനിച്ചിരിക്കുന്നത്. ഇനി വർഷം തോറും ഈ കൊള്ള വർധിച്ചുകൊണ്ടുമിരിക്കും. ജീവനക്കാരുടെയും പെൻഷൻകാരുടെയും കണ്ണിൽ പൊടിയിടാൻ വേണ്ടി ചില്ലറ പരിഷ്കാരങ്ങൾ വരുത്തി പ്രീമിയം ഭീമമായി വർദ്ധിപ്പിച്ചെടുത്ത് ഇൻഷ്വറൻസ് കമ്പനിക്ക് ലാഭം പെരുപ്പിക്കുകയാണ് സർക്കാരിന്റെ ഉദ്ദേശം.

പരിരക്ഷ 3 ലക്ഷത്തിൽ നിന്നും 5 ലക്ഷമാക്കി എന്നാണ് സർക്കാർ അവകാശപ്പെടുന്നത്. എന്നാൽ അതുകൊണ്ട് ചികിത്സ ലഭിക്കില്ല. ക്ലയിം പാക്കേജിൽ നിലനിൽക്കുന്ന അപാകതയും പ്രധാന പല ആശുപത്രികളും മെഡിസെപ്പ് സ്വീകരിക്കാത്തതുമാണ് പദ്ധതിയുടെ പരാജയത്തിന് പ്രധാന കാരണം. സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ ചികിത്സാചെലവ് ഈടാക്കുന്നകാര്യത്തിൽ സർക്കാർ ഒരു റെഗുലേഷനും ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ തന്നെ സ്വകാര്യ ആശുപത്രികളിൽ ചികിൽസാ പാക്കേജുകളുടെ നിരക്ക് വളരെ ഉയർന്നതാണ്. ഈ വൈരുധ്യവും ക്ലെയിം അനുവദിക്കുന്നതിന് കമ്പനി താമസം വരുത്തുന്നതും രോഗി-ആശുപത്രി സംഘർഷം ഉണ്ടാക്കുകയും ക്ലെയിം ലഭിക്കുന്നത് നിയമകുരുക്കിലേക്ക് നീളുകയും ചെയ്യുന്നു. ഈ വിഷയങ്ങൾ പരിഹരിക്കുന്നതിന് ഒരു നടപടിയും സ്വീകരിച്ചതായി ഉത്തരവിൽ പറയുന്നില്ല. ഗവൺമെന്റ് ആശുപത്രികളിലും ഏതാനും സ്വകാര്യ ആശുപത്രികളിലും മാത്രമാണ് മെഡിസെപ്പ് ലഭ്യമാകുന്നത്. മെഡിസെപ്പ് വരുന്നതിനുമുമ്പ് ഗവൺമെന്റ് ആശുപത്രികളിൽ എല്ലാ ചികിത്സക്കും തിരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ആശുപത്രികളിൽ വ്യവസ്ഥകൾക്കു വിധേയമായും മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ആനുകൂല്യം, ഒരു പ്രീമിയവും അടക്കാതെതന്നെ, ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്നതാണ്. അതിനാൽ തന്നെ മെഡിസെപ്പിലൂടെ പെരുപ്പിച്ചു കാട്ടുന്ന ആനുകൂല്യ വിതരണ കണക്കുകൾ പോലും യാഥാർഥ്യത്തിന് നിരക്കുന്നതല്ല. 2019ൽ ഈ പദ്ധതിയെപ്പറ്റി ആലോചന വന്ന കാലത്തുതന്നെ പദ്ധതി പരാജയപ്പെടുമെന്നും ഇതുവഴി ജീവനക്കാർക്കും പെൻഷൻകാർക്കും കാര്യമായ പ്രയോജനം ഉണ്ടാവില്ലെന്നും ജെപിഎ പോലുള്ള സംഘടനകൾ ചൂണ്ടിക്കാണിച്ചതാണ്.

ഇൻഷ്വറൻസ് കമ്പനികൾക്ക് ലാഭമുണ്ടാക്കുന്നതിനായി നടപ്പാക്കുന്ന മെഡിസെപ്പ് പിൻവലിച്ച് 1960ലെ മെഡിക്കൽ അറ്റൻഡന്റസ് റൂൾ ഉറപ്പ നൽകുന്ന സൗജന്യവും, പുതിയ കാലത്തിനനുസരിച്ച് ക്യാഷ് ലെസ്ട്രീറ്റ്മെന്റ് എന്ന രൂപത്തിലുള്ളതുമായ ആരോഗ്യ പരിരക്ഷ ജീവനക്കാർക്കും പെൻഷൻകാർക്കും ഉറപ്പാക്കുകയാണ് സർക്കാർ ചെയ്യേണ്ടത്. അതിനുവേണ്ടി അലോട്ട്മെന്റ് അനുവദിച്ചും നടപടിക്രമങ്ങളിലെ സങ്കീർണ്ണതകൾ ഒഴിവാക്കിയും മെഡിക്കൽറീഇംപേഴ്സ്മെന്റ്പുനരുജ്ജീവിപ്പിക്കുകയും അവശ്യകതക്കനുസരിച്ച് പലിശ രഹിത ചികിൽസാ അഡ്വാൻസ് അനുവദിക്കുകയും ചെയ്യണം. എൻപിഎസ് പെൻഷൻകാർ ഉൾപ്പെടെ എല്ലാ വിഭാഗം പെൻഷൻകാർക്കും പ്രതിമാസം മെഡിക്കൽ അലവൻസ് നൽകുകയും മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് അനുവദിക്കുകയും ചെയ്യണം

സർക്കാർ ജീവനക്കാരെ കൊള്ളയടിക്കാൻ മാത്രം സാമ്പത്തിക പ്രതിസന്ധിയുടെ കാരണം പറയുന്നു

പ്രതിസന്ധി എങ്ങനെയുണ്ടായി? വായ്പാധിഷ്ഠിത വികസനം' എന്ന ജ്വരം ബാധിച്ചവരാണ് കേരളം ഭരിക്കുന്നത്.

1999 -2000 വർഷത്തിൽ 20176 കോടി രൂപയായിരുന്ന സംസ്ഥാനത്തിന്റെ പൊതുകടം ഇന്നിപ്പോൾ അഞ്ച് ലക്ഷം കോടിയിലേക്ക് അടുക്കുന്നു. പശ്ചാത്തല വികസനം എന്ന് വിളിക്കപ്പെടുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടിയാണ് ഈ കടമെല്ലാം വാങ്ങിക്കൂട്ടിയത്. എഡിബി, ലോകബാങ്ക് പോലുള്ള ആഗോള വായ്പ ഏജൻസികളിൽ നിന്നും കടം വാങ്ങി അവരുടെ ക്രൂരമായ നിബന്ധനകൾക്ക് അനുസരിച്ച് നടപ്പിലാക്കിയ പദ്ധതികളാണ് കേരളത്തിന്റെ ആരോഗ്യം, വിദ്യാഭ്യാസം അടക്കമുള്ള സകല രംഗങ്ങളെയും തകർത്തത്. അതിൽ നിന്ന് കിട്ടുന്ന അന്തം വിട്ടുന്ന കമ്മീഷൻ ആണ് ഒരു പ്രധാന ആകർഷണം. നാടിന്റെ വികസനം എന്ന പേരിൽ നടപ്പിലാക്കുന്ന ഈ വൻകിട നിർമാണ പദ്ധതികൾ അദാനി, ഊരാളുങ്കൽ തുടങ്ങിയ ഒരു കൂട്ടം കോർപ്പറേറ്റ് ശക്തികളുടെ ആസ്തി പെരുപ്പിക്കാൻ മാത്രം ഉതകുന്ന പദ്ധതികളാണ്. ഇതിനോടകം 10000 കോടിയിലധികം രൂപയാണ് അദാനി എന്ന കുത്തക ഭീമന് വിഴിഞ്ഞം പദ്ധതിയിലൂടെ മാത്രം കേരളം സർക്കാർ ഒഴുക്കിയത്. ഇതിനൊക്കെവേണ്ടി വാങ്ങിക്കൂട്ടുന്ന കടത്തിന്റെ പലിശയുടെയും തിരിച്ചടവിന്റെയും ഭാരം ഏറ്റുവാങ്ങുന്നത് നിരപരാധികളായ ജനങ്ങളാണെന്നതാണ് സത്യം.

2023-24 ബഡ്ജറ്റിൽ വകയിരുത്തിയതിൽ ശമ്പളത്തിന്റെ വിഹിതം 1864 കോടി രൂപ കുറച്ചാണ് ചെലവഴിച്ചത്. പെൻഷൻ ഇനത്തിൽ 2057 കോടി രൂപ കുറച്ചാണ് നൽകിയത്. അതേസമയം പലിശയിനത്തിൽ 597 കോടി രൂപ അധികം നൽകിയിരിക്കുന്നു. ശമ്പളത്തിനും പെൻഷനും വേണ്ടിവരുന്ന തുക അടിച്ചുമാറ്റി പലിശ നൽകുകയാണ് എന്ന് ഇത് വ്യക്തമാക്കുന്നു. ആകെ റവന്യൂ വരുമാനത്തിന്റെ 21 ശതമാനമാണ് ഇന്ന് പലിശ നൽകാൻ വേണ്ടി വരുന്നത്. ഓരോ വർഷവും കടമെടുക്കുന്നത് പലിശ നൽകാൻ തികയാത്ത കടക്കെണിയുടെ അവസ്ഥയിൽ എത്തിയിരിക്കുന്നു. കഴിഞ്ഞ എട്ടുവർഷംകൊണ്ട് പലിശയിനത്തിൽ 116% വർദ്ധനവാണ് ഉണ്ടായത്. ശമ്പളയിനത്തിലെ വിഹിതം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. 1999-20ൽ റവന്യൂ വരുമാനത്തിന്റെ 56.7 ശതമാനം ആയിരുന്നെങ്കിൽ 2024-25ൽ അത് 27 ശതമാനമായി കുറഞ്ഞു.

ഭരണഘടനയുടെ നിർദ്ദേശാത്മക തത്വങ്ങളും പതിനഞ്ചാം ഇന്ത്യൻ ലേബർ കോൺഫറൻസ് അംഗീകരിച്ച മാനദണ്ഡവും പ്രകാരം കണക്കാക്കുകയാണെങ്കിൽ മിനിമം വേതനമായി 2024 ൽ ഒരു തൊഴിലാളിക്ക് 39000 രൂപയും ഫെയർവേജ് തത്വം അടിസ്ഥാനത്തിലാണെങ്കിൽ53050രൂപയും നൽകണം. പക്ഷേ കേരളത്തിലെ ക്ലാസ് 4, 3 സർക്കാർ ജീവനക്കാരന് യഥാക്രമം 23,000 രൂപയും 26,500 രൂപയുമാണ് അടിസ്ഥാന ശമ്പളം. സർക്കാർ ജോലി ചെയ്യുന്ന ആശാ ഹെൽത്ത് വർക്കേഴ്സിന് 7000 രൂപമാത്രമാണ്പ്രതിമാസഓണറേറിയമായി നൽകുന്നത്.

ജീവനക്കാരുടെ ശമ്പളത്തിന്റെ കാര്യം വരുമ്പോൾ സർക്കാർ ഖജനാവ് കാലി എന്നു പറയുന്നു. പക്ഷേ, അന്തമില്ലാത്ത ധൂർത്ത് നടത്തുന്നതിൽ ഒരു കുറവുമില്ല. 'മാനവീയം' 'നവോത്ഥാന യാത്ര' എന്നൊക്കെ പേരിട്ട് സർക്കാരിന്റെ ഇമേജ് വർദ്ധിപ്പിക്കാനും വോട്ട് ലക്ഷ്യംവച്ചും നടത്തുന്ന കെട്ടുകാഴ്ചകൾ ഘോഷയാത്രകളാണ്. ഭരണകക്ഷി എംഎൽഎമാരുടെ നാലിലൊന്നും മന്ത്രിമാരോ, മന്ത്രി പദവി വഹിക്കുന്നവരോ ആണ്. അവരുടെ പേഴ്സണൽ സ്റ്റാഫ് 750 ഓളം പേരുണ്ട്. അതുപോലെ പെരുത്ത ശമ്പളം കൈപ്പറ്റുന്ന 21 പിഎസ്സി അംഗങ്ങൾ. റിട്ടയർ ചെയ്തതിനുശേഷം ഉപകാരസ്മരണപോലെ ഉന്നത ഉദ്യോഗസ്ഥർക്ക് ദാനംചെയ്യുന്ന ഉന്നത പദവികൾ. അങ്ങനെ, ഒഴിവാക്കാവുന്ന ചെലവുകൾക്ക് ഒരു കുറവും വരുത്തുന്നില്ല. ഇങ്ങനെയായിരിക്കെ, സർക്കാർ ജീവനക്കാർക്ക് ശമ്പളം നൽകിയിട്ടാണ് സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിലായത് എന്ന് പറയുന്നത് എന്ത് മാനദണ്ഡം വെച്ചിട്ടാണ്? ■

സൗജന്യ ചികിത്സ ഉറപ്പാക്കുക: ജില്ലാ മെഡിക്കൽ ഓഫീസ് മാർച്ച്

എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസ് ധർണ്ണ എസ്യുസിഐ(കമ്മ്യൂണിസ്റ്റ്)സംസ്ഥാന കമ്മിറ്റിയംഗം ജ്യോതികൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു. ധർണ്ണയ്ക്കുമുന്നോടിയായി നടന്ന പ്രതിഷേധ മാർച്ച്.

സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സയും മരുന്നും ഉറപ്പാക്കണമെന്നാവശ്യപ്പെട്ട്, എസ്യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസിലേയ്ക്ക് മാർച്ചും ധർണ്ണയും നടത്തി. സംസ്ഥാന കമ്മിറ്റിയംഗം ജ്യോതികൃഷ്ണൻ ഉദ്ഘാടനംചെയ്തു. സ്വകാര്യ ആരോഗ്യമേഖലയുടെ താൽപ്പര്യമാണ് സർക്കാർ സംരക്ഷിക്കുന്നതെന്ന് പൊതുജനാരോഗ്യ മേഖലയോടുള്ള അവഗണന വ്യക്തമാക്കുന്നുവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പൊതുജനാരോഗ്യ മേഖല സംരക്ഷിക്കപ്പെടുന്നില്ലെങ്കിൽവലിയ സാമൂഹിക ദുരന്തത്തിനാവും നാടു സാക്ഷ്യം വഹിക്കേണ്ടി വരികയെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ജില്ലാസെക്രട്ടറി എൻ.ആർ.മോഹൻകുമാർ അധ്യക്ഷത വഹിച്ചു. ജില്ലാകമ്മിറ്റിയംഗങ്ങളായ പി.എം. ദിനേശൻ, ഫ്രാൻസിസ് കളത്തുങ്കൽ, കെ.എസ്. ഹരികുമാർ, ജോർജ് ജോസഫ്, എഐകെകെഎംഎസ് സംസ്ഥാന കമ്മിറ്റിയംഗം പി.സി.ജോളി, എഐയുടിയുസി ജില്ലാ കമ്മിറ്റിയംഗം സി.കെ.ശിവദാസൻ, എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി കെ.കെ.ശോഭ, കീച്ചേരി ആശുപത്രി സംരക്ഷണ സമിതി കൺവീനർ കെ.ഒ. സുധീർ, കെ.പി. സാൽവിൻ, എം.കെ.ഉഷ, അഡ്വ.പോൾ ടി.സാമുവൽ, നിള മോഹൻകുമാർ, ജോണി ജോസഫ് എന്നിവർ പ്രസംഗിച്ചു. പ്രകടനത്തിനും ധർണ്ണക്കും സി.ബി.അശോകൻ, പി.പി. എബ്രഹാം, സി.എൻ മുകുന്ദൻ, സി.കെ.രാജേന്ദ്രൻ, എ. റജീന, സി.കെ.തമ്പി, നിഖിൽ സജി തോമസ് തുടങ്ങിയവർ നേതൃത്വം നൽകി. ■

മൂന്നര നൂറ്റാണ്ടുകൊണ്ട് മുതലാളിത്തം സൃഷ്ടിച്ച വികാസത്തെ മൂന്ന് പതിറ്റാണ്ടിൽ മറികടന്ന സോവിയറ്റ് യൂണിയൻ

25 വർഷം മുൻപ്, നാഗ്പൂരിലെ ഹിംഗ്ന താലൂക്കിലെ നിൽഡോഹ് ഗ്രാമത്തിൽ നിന്നുള്ള ഫാക്ടറി തൊഴിലാളിയായിരുന്ന സുനിൽ കാംബ്ലെ, തന്റെ ജോലിയെയും ജോലി സമയത്തെയും കുറിച്ച് ചോദിച്ചപ്പോൾ ഇങ്ങനെ മറുപടി പറഞ്ഞു: 'ഞങ്ങൾ രാവിലെ 8 മണിക്ക് ഫാക്ടറിയിൽ പ്രവേശിക്കും, പക്ഷേ, എപ്പോൾ ജോലിയിൽ നിന്ന് തിരിച്ച് ഇറങ്ങുമെന്ന് അറിയില്ല. അത് 8 മണിക്കൂറോ, 12 മണിക്കൂറോ, അല്ലെങ്കിൽ 16 മണിക്കൂറോ ആകാം'. അക്കാലത്ത് മഹാരാഷ്ട്രയിലെ വ്യാവസായിക മേഖലയിലെ സാധാരണ കാഴ്ചയായിരുന്നു ഇത്. എന്നാൽ ഇന്ന് മുതലാളിത്ത സമ്പദ്‌വ്യവസ്ഥയുടെ ആഗോളവൽക്കരണത്തിനുശേഷം ഇത് ഇന്ത്യയിലുടനീളമുള്ള ഒരു സാധാരണ സ്ഥിതിയായി മാറിയിരിക്കുന്നു.

കാലം മാറിയപ്പോൾ, സ്ഥിരമായ തൊഴിൽ എന്നത് ഏതാണ്ട് ഇല്ലാതായി. പകരം, സ്ഥിരസ്വഭാവമുള്ള ജോലികൾക്കായി തൊഴിലാളികളെ കരാർ അടിസ്ഥാനത്തിൽ വളരെ കുറഞ്ഞ വേതനത്തിൽ നിയമിക്കുന്നു. അവരുടെ തൊഴിൽ സാഹചര്യങ്ങൾ വളരെ മോശമാണ്, ജോലിയും സുരക്ഷിതമല്ല. ഈ കുറഞ്ഞ വേതനക്കാരായ കരാർ തൊഴിലാളികൾ അതിക്രൂരമായ ചൂഷണത്തിന് വിധേയരാവുകയാണ്.

ജോലിസമയം വർദ്ധിപ്പിക്കുന്നതിലെ ധാർഷ്ട്യം

ഐടി ഭീമനായ ഇൻഫോസിസിന്റെ സഹസ്ഥാപകൻ നാരായണ മൂർത്തി ആഴ്ചയിൽ 70 മണിക്കൂർ ജോലി ചെയ്യണമെന്ന് വാദിച്ചത് അടുത്തയിടെയാണ്. അതായത് ഒരു ദിവസം 12 മണിക്കൂർ. മുൻ ഇൻഫോസിസ് സിഎഫ്ഒ മോഹൻദാസ് പൈയുമായുള്ള ഒരു സംഭാഷണത്തിൽ അദ്ദേഹം പറഞ്ഞു, "ഇന്ത്യയുടെ തൊഴിൽ ഉത്പാദനക്ഷമത ലോകത്തിലെ ഏറ്റവും കുറഞ്ഞ ഒന്നാണ്. അതിനാൽ, എന്റെ അഭ്യർത്ഥന നമ്മുടെ യുവതാരങ്ങൾ 'ഇതാണ് എന്റെ രാജ്യം' എന്ന് പറയണം, ഞാൻ ആഴ്ചയിൽ 70 മണിക്കൂർ ജോലി ചെയ്യും". പ്രമുഖ വ്യവസായിയും പ്രമുഖ ഇന്ത്യൻ ബഹുരാഷ്ട്ര കമ്പനിയായ ലാർസൻ ആൻഡ് ടൂബ്രോയുടെ ചെയർമാനുമായ എസ്.എൻ. സുബ്രഹ്മണ്യൻ ഒരു പടി കൂടി കടന്ന് ആഴ്ചയിൽ 90 മണിക്കൂർ ജോലി ചെയ്യണമെന്ന് പ്രസംഗിച്ചു. ഞായറാഴ്ചകളിൽ തൊഴിലാളികളെക്കൊണ്ട് ജോലി ചെയ്യിപ്പിക്കാൻ കഴിയാത്തതിൽ തനിക്ക് ഖേദമുണ്ടെന്നും, ആഴ്ചയിൽ 90 മണിക്കൂർ ജോലി എന്ന സമ്പ്രദായം നടപ്പിലാക്കാൻ കഴിഞ്ഞിരുന്നെങ്കിൽ താൻ കൂടുതൽ സന്തോഷവാനായേനെ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. താൻ ഞായറാഴ്ചകളിലും ജോലി ചെയ്യുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

"വീട്ടിലിരുന്ന് നിങ്ങൾ എന്ത് ചെയ്യാനാണ്? എത്ര സമയം നിങ്ങൾക്ക് ഭാര്യയെ നോക്കിയിരിക്കാൻ കഴിയും? ഭാര്യമാർക്ക് എത്ര സമയം ഭർത്താക്കന്മാരെ നോക്കിയിരിക്കാൻ കഴിയും? ഓഫീസിലേക്ക് പോയി ജോലി ചെയ്യാൻ തുടങ്ങുക." എന്നും അദ്ദേഹം പറഞ്ഞു. "ലോകത്തിന്റെ നെറുകയിൽ എത്തണമെങ്കിൽ, നിങ്ങൾ ആഴ്ചയിൽ 90 മണിക്കൂർ ജോലി ചെയ്യണം" എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ബിജെപി സർക്കാർ ബൂർഷ്വാവർഗ പദ്ധതിയാണ് നടപ്പിലാക്കുന്നത്

ഭരണത്തിലുള്ള ഇന്ത്യൻ ബൂർഷ്വാസിയുടെ വർഗ്ഗതാൽപര്യങ്ങൾ സംരക്ഷിക്കുന്നതിന്, കേന്ദ്രത്തിലെ ബിജെപി സർക്കാർ തൊഴിലാളി നിയമങ്ങളിൽ വലിയ മാറ്റങ്ങൾ വരുത്തി, ഒരു ദിവസം 8 മണിക്കൂർ ജോലി എന്ന പഴയ വ്യവസ്ഥ ഇല്ലാതാക്കി. ഈ തൊഴിൽ നിയമങ്ങളിലെ ഭേദഗതികൾ തൊഴിലാളികളുടെ താൽപര്യത്തിനുവേണ്ടിയാണെന്ന് അവർ പറഞ്ഞു. വിശ്വസിക്കാൻ കഴിയാത്ത ഒരു കാര്യമാണിത്! മുകളിൽ സൂചിപ്പിച്ചതുപോലെ, സ്ഥിരമായ ജോലികൾ ക്രമേണ ഇല്ലാതാവുകയും, നിശ്ചിത തൊഴിൽ സമയമില്ലാത്ത, കുറഞ്ഞ ശമ്പളമുള്ള കരാർ ജോലികൾ സാധാരണമാവുകയുമാണ്.

ഇപ്പോൾ, ഇന്ത്യയിലെ ഏറ്റവും വലിയ ഐടി കമ്പനിയായ ടാറ്റാ കൺസൾട്ടൻസി സർവീസസ് (ടിസിഎസ്), അവരുടെ ലാഭം കുതിച്ചുയരുമ്പോഴും 12,000 സ്ഥിരം ജീവനക്കാരെ, അതായത് അവരുടെ മൊത്തം ജീവനക്കാരുടെ 2% പേരെ പിരിച്ചുവിടാൻ തീരുമാനിച്ചു. 2025 ജൂണിൽ അവസാനിച്ച പാദത്തിൽ 12,760 കോടി രൂപയുടെ അറ്റാദായം അവർ രേഖപ്പെടുത്തി, ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ രേഖപ്പെടുത്തിയ 12,040 കോടി രൂപയെക്കാൾ കൂടുതലാണ്. അതിനാൽ, ഒരു ചോദ്യം ഉയരുന്നു: കോർപ്പറേറ്റ് ഭീമന്മാർ തൊഴിലാളികളുടെ വേതനം വെട്ടിക്കുറച്ച് വലിയ ലാഭം കൊയ്യുമ്പോൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള പുതിയ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഉത്പാദനശേഷി വർദ്ധിപ്പിക്കുകയും, അതേ സമയം ലജ്ജയില്ലാതെ ഒരുവശത്ത് തൊഴിൽ സമയം വർദ്ധിപ്പിക്കണമെന്ന് വാദിക്കുകയും, മറുവശത്ത് മനുഷ്യശക്തിയെ ക്രൂരമായി വെട്ടിച്ചുരുക്കുകയും ചെയ്യുന്നു. ടിസിഎസ് മാത്രമല്ല, ഐബിഎം, ഇന്റൽ, മൈക്രോസോഫ്റ്റ്, പാനസോണിക്, ടെസ്‌ല, സോണി, കോഗ്നിസന്റ്, ഗൂഗിൾ, അക്സെഞ്ചർ തുടങ്ങിയ എല്ലാ ആഗോള ഐടി ഭീമന്മാരും ഇതുതന്നെയാണ് ചെയ്യുന്നത്. ഈ പ്രവണത തുടർന്നാൽ, സമീപഭാവിയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഐടി വ്യവസായങ്ങളിലും മറ്റ് വ്യവസായങ്ങളിലും വലിയ നാശം വരുത്തും. എഐ എന്നത് ആധുനിക ശാസ്ത്രത്തിന്റെ ഒരു അനുഗ്രഹമാണ് എന്നു പറയാതെവയ്യെങ്കിലും ലോകമെമ്പാടുമുള്ള ലക്ഷക്കണക്കിന് തൊഴിലാളികൾക്കും ജീവനക്കാർക്കും ജോലി നഷ്ടപ്പെട്ടും.

അതിനാൽ, ഒരു പരിഷ്കൃത ലോകത്തിൽ, അത്തരം നൂതന സാങ്കേതികവിദ്യകൾ തൊഴിലാളികളുടെ കായികവും ബൗദ്ധികവുമായ അമിതാധ്വാനത്തിൽനിന്ന് അവരെ മോചിപ്പിക്കുവാനാണ് ഉപയോഗപ്പെടുത്തേണ്ടത്, ഈ അധിക സമയം അവർക്ക് വിശ്രമത്തിനായി ഉപയോഗിക്കുകയും ചെയ്യാം. എന്നാൽ, ഈ ജീർണ്ണിച്ച മുതലാളിത്ത വ്യവസ്ഥയിൽ, ആധുനിക ശാസ്ത്രത്തിന്റെ ഈ സംഭാവന ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് തൊഴിലാളികൾക്കും ജീവനക്കാർക്കും ഒരു ശാപമായി മാറിയിരിക്കുന്നു. കാരണം, ഈ വ്യവസ്ഥ തൊഴിലാളികളുടെ ജീവിതത്തെയും ഉപജീവനത്തെയും അവഗണിച്ച്, മുതലാളിത്ത പ്രഭുക്കന്മാർക്ക് പരമാവധി ലാഭം ഉറപ്പുനൽകുന്നു. എന്തൊരു തട്ടിപ്പും കടുത്ത അനീതിയുമാണിത്!

മുതലാളിത്തത്തെക്കുറിച്ചുള്ള മാർക്സിന്റെ പ്രവചനം

ഏകദേശം 150 വർഷം മുൻപ്, ലോക തൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ നേതാവ് കാൾ മാർക്സ് പറഞ്ഞു: "ചുരുങ്ങിയ മൂലധനം ഉപയോഗിച്ച് പരമാവധി മിച്ചമൂല്യം അഥവാ മിച്ചോത്പന്നം ഉത്പാദിപ്പിക്കുക എന്നതാണ് മുതലാളിത്ത ഉത്പാദനത്തിന്റെ സ്ഥിരമായ ലക്ഷ്യം; ഈ ഫലം തൊഴിലാളികളെക്കൊണ്ട് കൂടുതൽ സമയം ജോലിചെയ്യിച്ച് നേടാൻ കഴിയുന്നില്ലെങ്കിൽ, തൊഴിൽ ശക്തിയിലും ചെലവുകളിലും പരമാവധി ലാഭമുണ്ടാക്കിക്കൊണ്ട് ഒരു ഉത്പന്നം ഉത്പാദിപ്പിക്കാൻ ശ്രമിക്കുക എന്നത് മൂലധനത്തിന്റെ ഒരു പ്രവണതയാണ്".

മാർക്സ് ഇത് പറഞ്ഞപ്പോൾ, അത് സ്വതന്ത്ര മത്സരത്തിന്റെയും (laissez faire economy) ശരാശരി ലാഭത്തിന്റെയും കാലഘട്ടമായിരുന്നു. മുതലാളിത്തത്തിന് അപ്പോഴും പുരോഗമനപരമായ ഒരു പങ്കുണ്ടായിരുന്നു. അത് കുത്തകയുടെയും സാമ്രാജ്യത്വത്തിന്റെയും ഘട്ടത്തിലെത്തിയിരുന്നില്ല, അതിനാൽ സാമൂഹിക വികസനത്തിന് ഒരു തടസ്സമായി മാറിയിരുന്നില്ല. എന്നിട്ടും, തൊഴിലാളികളുടെ ക്രൂരമായ ചൂഷണത്തെ അടിസ്ഥാനമാക്കിയുള്ള മുതലാളിത്തത്തിന്റെ അന്തർലീനമായ നിയമം മാർക്സിന് മനസ്സിലാക്കാൻ കഴിഞ്ഞു. അതുകൊണ്ടാണ് അദ്ദേഹം അത്തരം അടിച്ചമർത്തൽ വ്യവസ്ഥയെ തകർത്തെറിയുവാൻ ആഹ്വാനം ചെയ്തത്. എന്നാൽ ഇപ്പോൾ, ജീർണ്ണിച്ച മുതലാളിത്ത വ്യവസ്ഥയുടെ ഈ ഘട്ടത്തിൽ, തൊഴിലാളികളുടെമേലുള്ള അടിച്ചമർത്തലും പീഡനവും അതിന്റെ പാരമ്യത്തിലെത്തിയിരിക്കുന്നു. മുതലാളിത്ത ഉടമകളുടെ കൈകളിൽ, മനുഷ്യരാശിയുടെയും നാഗരികതയുടെയും വികസനത്തിന് സഹായിയായി പ്രവർത്തിച്ച ശാസ്ത്രം, സാമൂഹിക പുരോഗതിയെ തടസ്സപ്പെടുത്താനും, ദശലക്ഷക്കണക്കിന് അധ്വാനിക്കുന്ന ജനങ്ങളെ ദരിദ്രവൽക്കരിക്കാനും ദുരുപയോഗം ചെയ്യപ്പെടുന്നു, ഇത് നാഗരികതക്ക് തന്നെ വലിയ അപകടമുണ്ടാക്കുന്നു.

8 മണിക്കൂർ തൊഴിൽ ദിനത്തിന്റെ ചരിത്രം

8 മണിക്കൂർ തൊഴിൽ ദിനം എന്ന ആവശ്യം തൊഴിലാളികളുടെ രക്തരൂക്ഷിതമായ പോരാട്ടത്തിലൂടെ നേടിയെടുത്തതാണെന്ന് ഓർക്കുന്നത് നല്ലതാണ്. 1880കളിൽ തൊഴിലാളികൾ വളരെ മോശമായ സാഹചര്യങ്ങളിൽ (ഒരു ദിവസം 10-16 മണിക്കൂർ) ജോലി ചെയ്തിരുന്നു. അതിനാൽ, 1880 മെയ് 1ന് അവർ 8 മണിക്കൂർ തൊഴിൽ ദിനം നടപ്പാക്കാനുള്ള ചരിത്രപരമായ പ്രക്ഷോഭണം സംഘടിപ്പിച്ചു. അത് ഓരോ ദിവസം കഴിയുന്തോറും കൂടുതൽ ശക്തി പ്രാപിച്ചു. 1886 മെയ് 4ന്, ചിക്കാഗോയിലെ ഹേമാർക്കറ്റിൽ നടന്ന ഒരു റാലിക്കിടെ തൊഴിലാളികളും പോലീസും തമ്മിൽ അക്രമാസക്തമായ ഏറ്റുമുട്ടലുണ്ടായി. അതിനുശേഷം, 1889ൽ കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ രണ്ടാം ഇന്റർനാഷണലിന്റെ തീരുമാനപ്രകാരം, മെയ് 1 ചരിത്രപരമായ 'മെയ് ദിനം' അഥവാ 'അന്താരാഷ്ട്ര തൊഴിലാളി ദിനം' ആയി ആചരിച്ചുവരുന്നു. അതിനാൽ, 8 മണിക്കൂർ തൊഴിൽ ദിനം തൊഴിലാളികൾ കഠിനാധ്വാനത്തിലൂടെ നേടിയെടുത്ത ഒരവകാശമാണ്. എന്നാൽ ഇപ്പോൾ, മുതലാളിത്ത-സാമ്രാജ്യത്വ ഭരണാധികാരികൾ തൊഴിലാളികളെകൂടുതൽ ക്രൂരമായി ചൂഷണം ചെയ്യുന്നതിനായി ആ അവകാശം നഗ്നമായി വെട്ടിച്ചുരുക്കുകയാണ്.

സോഷ്യലിസ്റ്റ് യുഎസ്എസ്ആറിലെ സാഹചര്യം

മാർക്സ് തന്റെ പ്രവചനത്തിൽ "മുതലാളിത്ത സമൂഹത്തെ സോഷ്യലിസ്റ്റ് സമൂഹമാക്കി മാറ്റുന്നത് മുതലാളിത്ത സമൂഹത്തിന്റെ സാമ്പത്തിക ചലനനിയമത്തിൽ നിന്നുതന്നെയാണ്" എന്ന് പ്രവചിച്ചു. മുതലാളിത്തത്തിന്റെ നിയമമനുസരിച്ച് അതിന്റെ ഉള്ളിൽനിന്നുതന്നെ സോഷ്യലിസം രൂപപ്പെടാനുള്ള ചരിത്രപരമായ സാധ്യതയുണ്ടെന്നാണ് ഇതിനർത്ഥം. മാർക്സിന്റെ പ്രവചനം നൂറു ശതമാനം ശരിയാണെന്ന് തെളിയിച്ചുകൊണ്ട്, മഹാനായ ലെനിന്റെ നേതൃത്വത്തിൽ 1917ൽ നടന്ന ചരിത്രപരമായ നവംബർ വിപ്ലവത്തിനുശേഷം സോഷ്യലിസ്റ്റ് സോവിയറ്റ് യൂണിയൻ സ്ഥാപിക്കപ്പെട്ടു. അതിനുശേഷം, മനുഷ്യനെ മനുഷ്യൻ ചൂഷണംചെയ്യുന്നത് നിരോധിച്ച ഒരു തൊഴിലാളിവർഗ്ഗ രാഷ്ട്രം സ്ഥാപിക്കപ്പെട്ടു.

വിപ്ലവത്തിനുമുമ്പ്, സർ ചക്രവർത്തിയുടെ കാലഘട്ടത്തിലും, 1917 ഫെബ്രുവരി മുതൽ നവംബർവരെയുള്ള ഹ്രസ്വകാല റഷ്യൻ ബൂർഷ്വാ ഭരണകാലത്തും, വ്യവസായ തൊഴിലാളികൾക്ക് ഒരു ദിവസം 12 മുതൽ 13 മണിക്കൂർവരെ ജോലി ചെയ്യേണ്ടി വന്നിരുന്നു. തുണി വ്യവസായത്തിൽ ഇത് 15 മുതൽ 16 മണിക്കൂർ വരെയായിരുന്നു, അതും വളരെ കഠിനമായ സാഹചര്യങ്ങളിൽ. ശമ്പളം വളരെ കുറവായിരുന്നു, അതും കൃത്യമായി നൽകിയിരുന്നില്ല. തൊഴിലാളികൾക്കിടയിൽ പോഷകാഹാരക്കുറവുമൂലമുള്ള മരണം സാധാരണമായിരുന്നു.

എന്നാൽ സോഷ്യലിസ്റ്റ് വിപ്ലവത്തിന് ശേഷം തൊഴിലാളികളുടെ അവസ്ഥ സമൂലമായി മാറി. സോവിയറ്റ് യൂണിയനിൽ, ആഴ്ചയിൽ 6 ദിവസവും ഒരു ദിവസം 8 മണിക്കൂറുമായി ജോലി സമയം നിശ്ചയിച്ചു. 1926-ൽ ഇത് ഏഴര മണിക്കൂറായും, 1929-ൽ വീണ്ടും ഒരു ദിവസം 7 മണിക്കൂറായും ആഴ്ചയിൽ 5 ദിവസമായും കുറച്ചു. ബോൾഷെവിക് പാർട്ടിയുടെയും (സി.പി.എസ്.യു-ബി) സോഷ്യലിസ്റ്റ് സോവിയറ്റ് സ്റ്റേറ്റിന്റെയും തീരുമാനത്തെ ഉയർത്തിപ്പിടിച്ച്, മഹാനായ സ്റ്റാലിൻ 1929ൽ പാർട്ടി പ്ലീനത്തിൽ പ്രഖ്യാപിച്ചു, "ഒരു ദിവസം 7 മണിക്കൂർ ജോലി നടപ്പാക്കിയതുപോലുള്ള ഒരു നടപടി സ്വീകരിക്കുക. സമീപകാല

(ശേഷം 10-ാം പേജിൽ)

അസമിൽ നടക്കുന്ന ക്രൂരമായ കുടിയൊഴിപ്പിക്കലും കൊലപാതകങ്ങളും

കൈയേറ്റ ഭൂമി തിരിച്ചുപിടിക്കാനെന്ന വ്യാജേന, ബിജെപി നേതൃത്വത്തിലുള്ള അസം സർക്കാർ, വർഷങ്ങളായി സർക്കാർ ഭൂമിയിൽ താമസിക്കുന്ന നിസ്സഹായരായ എണ്ണമറ്റ ദരിദ്രജനങ്ങളെ വിവേചനരഹിതമായി കുടിയിറക്കുകയാണ്. നദികളിലെ തീരശോഷണംമൂലം ഭൂരഹിതരായവരെ, പുനരധിവാസംഒരുക്കാതെകുടിയിറക്കിവിടാൻ സർക്കാർ മുന്നിട്ടിറങ്ങി യിരിക്കുന്നു. കുടിയിറക്കപ്പെടുന്ന, ദരിദ്രരായ ഈ ഇന്ത്യൻ പൗരന്മാരിൽ കൂടുതലും മുസ്ലീങ്ങളാണ്. ഇതോടൊപ്പം, അങ്ങേയറ്റം വിവാദമായ എൻആർസി പട്ടികയുമായി ബന്ധപ്പെടുത്തി, ഇവർക്കെതിരെ ജാതി-മത-സങ്കുചിത വിദ്വേഷം പരത്തുകയും ചെയ്യുന്നു.

വീടുകളിൽ നിന്നും ബലമായി പിഴുതെറിയപ്പെട്ട ദരിദ്രമനുഷ്യരുടെ വിലാപങ്ങളും ദുരിതങ്ങളും അന്തരീക്ഷത്തിൽ അലയടിക്കുന്നു. എന്നിട്ടും, ഭരണം കൈയാളുന്ന ബിജെപി സർക്കാർ, ഫാസിസ്റ്റ് സ്വേച്ഛാധിപത്യ ദംഷ്ട കാട്ടി കുടിയിറക്കപ്പെട്ട ആളുകളെ വെടിവെച്ച് കൊന്നുകൊണ്ട് ആഹ്ലാദനൃത്തമാടുന്നു.

മഹാനായ മത-സാമൂഹിക പരിഷ്കർത്താവും, അസമിന്റെയും മുഴുവൻ ഇന്ത്യയുടെയും അഭിമാനപാത്രമായ, പിതൃതുല്യനായ ശ്രീമന്ത ശങ്കർ ദേബിന്റെ പാഠങ്ങൾക്കും, അഭ്യർത്ഥനകൾക്കും, അപേക്ഷകൾക്കും വിരുദ്ധമായി സർക്കാർ പ്രവർത്തിക്കുകയും ഈ ക്രൂരമായ പ്രവൃത്തികളെയെല്ലാം നിർലജ്ജം പ്രതിരോധിക്കുകയും ചെയ്യുന്നു. സർക്കാരിന്റെ നിർബന്ധിത കുടിയിറക്കു നടപടിയുമായി ചേർന്നുകൊണ്ടുള്ള ആർഎസ്എസ്-ബിജെപിയുടെ വർഗീയ വിദ്വേഷ പ്രചാരണം സാമൂഹിക ചുറ്റുപാടുകളെ വളരെയധികം ദുഷിപ്പിച്ചിരിക്കുന്നു. ഇതാകട്ടെ, ജീവിതത്തിന്റെ നീറുന്ന വിഷയങ്ങളിൽ ജനാധിപത്യ പ്രക്ഷോഭം സംഘടിപ്പിക്കുതിനുള്ള സാഹചര്യത്തെ ക്രമാനുഗതമായി ഇല്ലാതാക്കിയിരിക്കുന്നു. ഈ കുടിയൊഴിപ്പിക്കൽ ന്യൂനപക്ഷ ആധിപത്യമുള്ള പ്രദേശങ്ങളിൽ മാത്രമായി ഒതുങ്ങിനിൽക്കില്ല, മറിച്ച് കൊക്രജാർ, ഷിൽസാങ്കോ, മറ്റ് പ്രദേശങ്ങൾ എന്നിവിടങ്ങളിലേക്ക് ഉടൻ വ്യാപിക്കും. നിയമവിരുദ്ധമായ ഒഴിപ്പിക്കലിലൂടെ തിരിച്ചുപിടിക്കുന്ന ഭൂമി വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി അംബാനി, അദാനി തുടങ്ങിയ വ്യാവസായിക പ്രമുഖന്മാർക്ക് കൈമാറും.

രാഷ്ട്രീയ പാർട്ടികളുടെയും, ജനാധിപത്യത്തെ സ്നേഹിക്കുന്ന, ചിന്തിക്കുന്ന ബുദ്ധിജീവികളുടെയും, ആഴത്തിൽ മാനവികത പുലർത്തുന്ന ജനങ്ങളുടെയും കടുത്ത ആശങ്കയും പരിഭ്രാന്തിയും അവഗണിച്ചുകൊണ്ട് സംസ്ഥാന സർക്കാരിന്റെ ഈ ഏറ്റവും മനുഷ്യത്വരഹിതമായ പ്രവൃത്തിയിൽ, എസ്യുസിഐ(സി) അസം സംസ്ഥാന സെക്രട്ടറി സഖാവ് ചന്ദ്രലേഖ ദാസ്, ജൂലൈ 13ന് പുറത്തിറക്കിയ പ്രസ്താവനയിൽ, അഗാധമായ വേദനയും, രോഷവും പ്രകടിപ്പിച്ചു. വളരെ വിവേകമുള്ള, മനുഷ്യത്വമുള്ള അസമീസ് സംസാരിക്കുന്ന ജനങ്ങളുടെ യഥാർത്ഥ അഭിലാഷങ്ങൾ പൂർണ്ണമായി മനസ്സിലാക്കാനും, അവരെ യുക്തിരഹിതമായി വികാരഭരിതരാക്കുന്ന ഫാസിസ്റ്റ് പാത ഉപേക്ഷിക്കാനും, അവരിൽ ചില തെറ്റായ ധാരണകൾ അടിച്ചേൽപ്പിക്കുന്നതിന് വിരാമമിടാനും, അസം ജനതയുടെ ഭാവി സംരക്ഷിക്കാനെന്ന പേരിൽ അങ്ങേയറ്റത്തെ അനീതി നടപ്പാക്കുന്നതിന് തടയിടാനും അവർ അസം സർക്കാരിനോട് വീണ്ടും അഭ്യർത്ഥിച്ചു. അനീതിചെയ്തുകൊണ്ട്, ഏതെങ്കിലും അധാർമിക പാത സ്വീകരിച്ചുകൊണ്ട്, ഒരു ഗുണവും ക്ഷേമവും ജനങ്ങളിലേക്ക് എത്തിക്കാൻ കഴിയില്ല എതാണ് ചരിത്രത്തിന്റെ പാഠം. നേരെമറിച്ച്, അത് അനിവാര്യമായും ഭീകരദുരന്തത്തിലേക്ക് നയിക്കും. മാത്രമല്ല, ബംഗാളി സംസാരിക്കുന്ന എല്ലാ ജനങ്ങളും ബംഗ്ലാദേശികളാണെന്ന അസം ബിജെപി മുഖ്യമന്ത്രി സമീപകാലത്ത് തുടങ്ങിവെച്ച പ്രചാരണം, കാലങ്ങളായി തികഞ്ഞ സമാധാനവും, ഐക്യവും, സാഹോദര്യവുമുള്ള അസം നിവാസികളായ സമാധാനപ്രിയരായ വിവിധ സമൂഹങ്ങൾക്കിടയിൽ ഭാഷയുടെ പേരിൽ ഭിന്നത സൃഷ്ടിക്കുന്നതിന്റെ സൂചനയാണ്. ഭാഷപോലുള്ള സെൻസിറ്റീവും വൈകാരികവുമായ ഒരു വിഷയത്തിൽ അഭിപ്രായം പറയുന്നതിൽ എല്ലാവരും സംയമനം പാലിക്കേണ്ടതാണ്. അതിനാൽ, ഈ മനുഷ്യത്വരഹിതമായ കുടിയിറക്കൽ പദ്ധതി ഉടനടി നിർത്തണമെന്നും, കുടിയിറക്കപ്പെട്ട ആയിരക്കണക്കിന് ദരിദ്രരെ പട്ടിണിക്കിട്ടു കൊല്ലുന്ന നടപടി ഉപേക്ഷിക്കണമെന്നും, അങ്ങനെ മഹാനായ ശ്രീമന്ത ശങ്കർ ദേബിന്റെ പാഠങ്ങളെയും, സംസ്കാരത്തെയും, ഐക്യത്തിന്റെ ആഹ്വാനത്തെയും മാനിക്കണമെന്നും അവർ ശക്തമായി ആവശ്യപ്പെട്ടു.

അസമിന്റെ സാമൂഹിക അന്തരീക്ഷം, ഗുരുതരമായ മാനുഷികപ്രതിസന്ധിയിലേക്ക് നീങ്ങുന്ന ഈ നിമിഷത്തിൽ, ജാതി, മത, ഭാഷാ വ്യത്യാസങ്ങളില്ലാതെ ജനങ്ങളോടുള്ള ഞങ്ങളുടെ ഹൃദയംഗമമായ അഭ്യർത്ഥന, എല്ലാത്തരം വിഭജനങ്ങൾക്കും, സങ്കുചിതത്വങ്ങൾക്കും, വിഭാഗീയതയ്ക്കും, യുക്തിരഹിതമായ ചിന്തകൾക്കും, വർഗീയതയ്ക്കും അതീതമായി ഉയർന്നുവന്ന്, ജനാധിപത്യപരവും, മാനുഷികവുമായ മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങളുടെ ഐക്യം കെട്ടിപ്പടുത്തുകൊണ്ട്, ശക്തമായ ബഹുജന പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചുകൊണ്ട്, കുടിയൊഴിപ്പിക്കൽ പോലെയുള്ള വിനാശകരമായ നീക്കങ്ങളെ തടയുകയും, എല്ലാ വിഭാഗം ജനങ്ങളുടെയും ഐക്യം കണ്ണിലെ കൃഷ്ണമണിപോലെ സംരക്ഷിക്കാൻ അസം സർക്കാരിനെ നിർബന്ധിക്കുകയും ചെയ്യുക എന്നതാണ്. ■

സോഷ്യലിസ്റ്റ് നിർമ്മാണത്തിനും സമഗ്രപുരോഗതിക്കും സ്റ്റാലിൻ നേതൃത്വം നൽകി

(9-ാം പേജിൽ നിന്ന്)

ത്ത് നമ്മുടെ പാർട്ടി നടപ്പാക്കിയ ഏറ്റവും വിപ്ലവകരമായ നടപടികളിൽ ഒന്നാണിത് എന്നതിൽ യാതൊരു സംശയവുമില്ല".

20 വർഷത്തിനുള്ളിൽ സോവിയറ്റ് യൂണിയൻ അമേരിക്കയെ മറികടന്നു

ആസൂത്രിതമായ സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ വഴി, യുഎസ്എസ്ആറിൽ വ്യവസായവൽക്കരണം വളരെ വേഗത്തിൽ നടന്നു. ഇതിന്റെ ഒരു പ്രത്യേകത, ഏതാനും വർഷങ്ങൾക്കുള്ളിൽ തൊഴിലില്ലായ്മ എന്ന പ്രശ്നം യുഎസ്എസ്ആറിൽ ഇല്ലാതായി എന്നതാണ്. മുതലാളിത്ത ലോകം മുഴുവൻ 'മഹാമാന്ദ്യത്തിൽ' കഷ്ടപ്പെടുമ്പോൾ, യുഎസ്എസ്ആർ അതിവേഗം മുന്നോട്ട് കുതിക്കുകയായിരുന്നു. 1917 മുതൽ 1932 വരെയുള്ള 15 വർഷത്തിനുള്ളിൽ, യു.എസ്.എസ്.ആറിലെ വ്യാവസായിക ഉത്പാദനം 334% വർദ്ധിച്ചു. മഹത്തായ സോഷ്യലിസ്റ്റ് ആശയത്തിലും ആവേശത്തിലും അടിയുറച്ച തൊഴിലാളിവർഗ്ഗത്തിന്റെ ആത്മാർത്ഥത, സമർപ്പണം, ഉത്പാദനക്ഷമത, സർഗ്ഗാത്മകത എന്നിവ കാരണമാണ് ഇത് സാധ്യമായത്. അതേസമയം, ഇതേ കാലയളവിൽ അമേരിക്കയിൽ വ്യാവസായിക ഉത്പാദനം 84% കുറഞ്ഞു, ബ്രിട്ടനിൽ 75% കുറഞ്ഞു, ജർമ്മനിയിൽ 55% കുറഞ്ഞു. യുഎസ്എസ്ആറിലെ തൊഴിലാളികളുടെ ശമ്പളം 5 വർഷത്തിനുള്ളിൽ (1928-1933) 4 ഇരട്ടിയായി വർദ്ധിച്ചു.

വർഗ്ഗ വിഭജിത സമൂഹത്തിൽ തൊഴിലിനോടുള്ള തൊഴിലാളിയുടെ വിമുഖത

ഒരു വർഗ്ഗവിഭജിത സമൂഹത്തിൽ തൊഴിലാളികൾക്ക് അവരുടെ അധ്വാനത്തോടു തന്നെ വിമുഖത (alienation) സംഭവിക്കുന്നു. ജീവിക്കാനുള്ള വക കണ്ടെത്താൻ വേണ്ടിയാണ് തൊഴിലാളികൾ അത്യധ്വാനം ചെയ്യുന്നത്. മുതലാളിത്തം ഉൾപ്പെടെയുള്ള ഏതൊരു ചൂഷണ വ്യവസ്ഥയിലും അധ്വാനത്തിന്റെ അന്തസ്സ് പണിയാളർക്ക് അന്യമാണ്. ഈ അകൽച്ചയുടെ കാതൽ, "തൊഴിൽ ഉത്പാദിപ്പിക്കുന്ന വസ്തു-തൊഴിലിന്റെ ഉത്പന്നം-അവർക്ക് അന്യമായ, ഉത്പാദകനിൽനിന്ന് സ്വതന്ത്രമായ ഒരു ശക്തി അതിനെ കൈയടക്കുന്നു" എന്ന വസ്തുതയിലാണ്. "അധ്വാനത്തിന്റെ ഉത്പന്നം ഒരു വസ്തുവിൽ ഉൾച്ചേർന്ന അധ്വാനമാണ്, അത് ഭൗതികമായി മാറിയിരിക്കുന്നു, അത് അധ്വാനത്തിന്റെ മൂർത്തീകരണമാണ്. അധ്വാനത്തിന്റെ സാക്ഷാത്കാരമാണ് അതിന്റെ മൂർത്തീകരണം". *(കാൾ മാർക്സ്, സാമ്പത്തികവും ദാർശനികവുമായ കൈയെഴുത്തുപ്രതികൾ, 1844, പേജ് 68)*

തൽഫലമായി, തൊഴിൽ എന്നത് ബാഹ്യവും നിർബന്ധിതവുമായ ഒന്നായി മാറുന്നു. "അതുകൊണ്ട്, ജോലി ചെയ്യാത്തപ്പോൾ മാത്രം തൊഴിലാളി സ്വസ്തത അനുഭവിക്കുന്നു, ജോലി ചെയ്യുമ്പോൾ അയാൾക്ക് സ്വസ്തത അനുഭവപ്പെടുന്നില്ല". *(അതേ കൃതി പേജ് 274)*

സോഷ്യലിസം തൊഴിലിനോടുള്ള അകൽച്ച ഇല്ലാതാക്കുന്നു

എന്നാൽ സോഷ്യലിസത്തിൽ അങ്ങനെയല്ല, കാരണം അത് തൊഴിലാളികൾക്ക് സ്വന്തം വീട്ടിലായിരിക്കുന്നതുപോലുള്ള ഒരു അവസ്ഥ സൃഷ്ടിക്കുന്നു. തൊഴിലാളികളുടെ അധ്വാനമാണ് സോഷ്യലിസ്റ്റ് നിർമ്മാണത്തിന്റെ കേന്ദ്രബിന്ദു. തന്റെ അധ്വാനം ഉത്പാദന ഉപാധികളുടെ ഏതെങ്കിലും ഉടമ സ്വന്തമാക്കുന്നില്ല, മറിച്ച് തന്റേതടക്കം മുഴുവൻ സമൂഹത്തിന്റെയും പ്രയോജനത്തിനായിഭൗതികസമ്പത്ത്സൃഷ്ടിക്കുകയാണെന്ന് തൊഴിലാളി മനസ്സിലാക്കുന്നു.

ഇത് സാധ്യമാകുന്നത്, തൊഴിലിനോടുള്ള അകൽച്ചയിൽ നിന്ന് മോചിപ്പിക്കാനുള്ള മുൻ ഉപാധിയെന്ന നിലയിൽ ഭൗതിക ഉത്പാദനത്തിൽ സമൃദ്ധി സൃഷ്ടിക്കുന്നതിലൂടെയാണ്. അതോടൊപ്പം, സമൂഹത്തിന്റെ സാംസ്കാരിക ഘടനയിൽ, പ്രത്യേകിച്ചും അധ്വാനത്തോടുള്ള കാഴ്ചപ്പാടിൽ ഒരു വിപ്ലവകരമായ മാറ്റം സാധ്യമാക്കുകയും, കായിക അധ്വാനവും മാനസിക അധ്വാനവും, വ്യവസായവും കൃഷിയും, പട്ടണവും ഗ്രാമവും തമ്മിലുള്ള അടിസ്ഥാനപരമായ വേർതിരിവുകൾ അത് ഇല്ലാതാക്കുകയും ചെയ്യുന്നു.

സോഷ്യലിസ്റ്റ് സോവിയറ്റ് യൂണിയൻ അത്ഭുതങ്ങൾ സൃഷ്ടിച്ചു

ഈ മാറ്റം യുഎസ്എസ്ആറിൽ വലിയൊരളവിൽ സംഭവിച്ചു. സ്റ്റാഖ്നോവൈറ്റ് പ്രസ്ഥാനം ഓർക്കുന്നത് ഉചിതമാണ്. 1935ൽ, അലക്സി സ്റ്റാഖനോവിന്റെ, റെക്കോർഡ് ഭേദിച്ച കൽക്കരി ഖനനത്തെ തുടർന്നാണ് ഈ പ്രസ്ഥാനം ആരംഭിച്ചത്. ഒരൊറ്റ ഷിഫ്റ്റിൽ അദ്ദേഹം 102 ടൺ കൽക്കരി ഖനനം ചെയ്ത്, തന്റെ ക്വോട്ടയുടെ 14 ഇരട്ടി നേടി. സോഷ്യലിസ്റ്റ് അദ്ധ്വാനത്തിന്റെ ഉദാത്ത മാതൃകയായി സ്റ്റാഖനോവിനെ ഉയർത്തിക്കാട്ടിക്കൊണ്ട്, തൊഴിലാളികളെ അവരുടെ ഉത്പാദനക്ഷമതയും ഉത്പാദനവും വർദ്ധിപ്പിക്കാൻ പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. അധ്വാനത്തിന്റെ അന്തസ്സ് എങ്ങനെ തൊഴിലാളികൾ ഉൾക്കൊണ്ടു എന്നതിന്റെ ഉദാഹരണം കൂടിയാണിത്, കാരണം സോഷ്യലിസത്തിൽ അത് ആദരിക്കപ്പെട്ടിരുന്നു. അങ്ങനെ, അധ്വാനത്തിൽനിന്ന് അകന്നുനിൽക്കുന്നതിനു പകരം, അവർ സന്തോഷത്തോടെ കൂടുതൽ ജോലി ചെയ്യാനും, അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്താനും സ്വമേധയാ മുന്നോട്ട് വന്നു.

അതുകൊണ്ട്, യുഎസ്എസ്ആർ പൂർണ്ണമായി തകർന്നുപോവുകയും രാജ്യമൊട്ടാകെ വലിയ പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടക്കുകയും ചെയ്ത രണ്ടാം ലോക മഹായുദ്ധത്തിനുശേഷവും, മഹാനായ സ്റ്റാലിൻ തന്റെ പ്രസിദ്ധമായ 'യുഎസ്എസ്ആറിലെ സോഷ്യലിസത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ' (1951) എന്ന പുസ്തകത്തിൽ പറഞ്ഞു, "സമൂഹത്തിലെ എല്ലാ അംഗങ്ങൾക്കും അവരുടെ ശാരീരികവും മാനസികവുമായ കഴിവുകളുടെ സർവ്വതോന്മുഖമായ വികസനം ഉറപ്പാക്കുന്ന ഒരു സാംസ്കാരിക മുന്നേറ്റം ഉറപ്പാക്കേണ്ടത് ആവശ്യമാണ്... സമൂഹത്തിലെ അംഗങ്ങളുടെ സാംസ്കാരിക നിലവാരത്തിൽ അത്തരമൊരു ഗണ്യമായ മുന്നേറ്റം, നിലവിലെ തൊഴിൽ സാഹചര്യങ്ങളിൽ കാര്യമായ മാറ്റങ്ങളില്ലാതെ കൊണ്ടുവരാൻ കഴിയുമെന്ന് കരുതുന്നത് തെറ്റാണ്. ഇതിനായി, ഒന്നാമതായി, തൊഴിൽ ദിനം കുറഞ്ഞത് 6 മണിക്കൂറായും, പിന്നീട് 5 മണിക്കൂറായും കുറയ്ക്കേണ്ടത് ആവശ്യമാണ്. സമൂഹത്തിലെ അംഗങ്ങൾക്ക് സർവ്വതോന്മുഖമായ വിദ്യാഭ്യാസം നേടുന്നതിന് ആവശ്യമായ ഒഴിവു സമയം ലഭിക്കുന്നതിന് ഇത് ആവശ്യമാണ്". മുകളിൽ സൂചിപ്പിച്ച നടപടികൾ സ്വീകരിക്കാതെ സോഷ്യലിസ്റ്റ് യുഎസ്എസ്ആറിന് സോഷ്യലിസത്തിന്റെ ഉയർന്ന ഘട്ടത്തിലേക്കും പിന്നീട് കമ്മ്യൂണിസത്തിന്റെ ആദ്യഘട്ടത്തിലേക്കും പുരോഗമിക്കാൻ കഴിയില്ലെന്ന് ഇതിലൂടെ മഹാനായ സ്റ്റാലിൻ പറഞ്ഞു. അതിനാൽ 350 വർഷത്തെ മുതലാളിത്തത്തിന് സ്വപ്നം കാണാൻ കഴിയാത്തത്, യുഎസ്എസ്ആറിലെ 30 വർഷത്തെ സോഷ്യലിസത്തിന് നേടാൻ കഴിഞ്ഞു.

അതുകൊണ്ട്, തൊഴിൽ സമയം തുടർച്ചയായി വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള മുതലാളിത്ത ചൂഷണത്തിന്റെ പിടിയിൽ നിന്ന് മോചിതരാകാൻ തൊഴിലാളിവർഗ്ഗം ആഗ്രഹിക്കുന്നുവെങ്കിൽ, ശരിയായ വിപ്ലവകരമായ നേതൃത്വത്തിന്റെ കീഴിൽ വർഗ്ഗ-ബഹുജന സമരങ്ങൾ വികസിപ്പിക്കുകയും ശക്തമാക്കുകയും ചെയ്യേണ്ടതുണ്ട്. അതിലൂടെ അടിച്ചമർത്തുന്ന മുതലാളിത്ത വ്യവസ്ഥയെ അട്ടിമറിക്കാനും, നിർദ്ദയമായ ചൂഷണത്തിൽ നിന്ന് അവരുടെ വിമോചനം നേടാനും സാധിക്കും. ■

വംശഹത്യക്ക് ചൂട്ടുപിടിക്കുന്ന അമേരിക്കൻ മാധ്യമപ്രവർത്തനം

ഗസയിൽനിന്ന് പുറത്തുവരുന്ന ഫോട്ടോകൾ–പട്ടിണികൊണ്ട് അസ്ഥികൂടം പോലെയായ ശരീരവും, വികൃതമായ ഉന്തിയ വയറുമുള്ള കുട്ടികളുടെ നിർവ്വികാരമായ നോട്ടം–മനുഷ്യമനഃസാക്ഷിയെ മരവിപ്പിക്കുന്നവയാണ്. തകർന്നടിഞ്ഞ ആശുപത്രികളുടെയും സർവകലാശാലകളുടെയും അവശിഷ്ടങ്ങൾ, ഗസയിലെ ജനങ്ങളെയും അടിസ്ഥാന സൗകര്യങ്ങളും ഒരുപോലെ ഉന്മൂലനം ചെയ്തതിന്റെ ഭയാനകമായ സ്മാരകങ്ങളായി നിലകൊള്ളുന്നു. 60,000ത്തിലധികം പലസ്തീനികൾ കൊല്ലപ്പെട്ടു. 17,400ലധികം കുട്ടികൾ വെടിയേറ്റോ, തകർന്നുവീണ കെട്ടിടങ്ങൾക്കടിയിൽപ്പെട്ടോ മരണമടഞ്ഞു. ബോംബുകൾകൊണ്ടു മാത്രമല്ല, ഉപരോധം സൃഷ്ടിച്ച ക്ഷാമംമൂലവും, ഒരു ജനതയെ മനഃപൂർവ്വം പട്ടിണിക്കിട്ടുകൊണ്ട് ശിശുക്കൾ ഉൾപ്പെടെയുള്ള പലസ്തീൻകാരെ കൊന്നൊടുക്കുന്നതായി ആരോഗ്യ ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്യുന്നു.

ഐക്യരാഷ്ട്രസഭ രേഖപ്പെടുത്തിയതും, അന്താരാഷ്ട്ര നീതിന്യായ കോടതി വംശഹത്യയാണെന്ന് സ്ഥിരീകരിച്ചതും, ലോകമെമ്പാടുമുള്ള മനുഷ്യാവകാശ സംഘടനകൾ സൂക്ഷ്മമായി രേഖപ്പെടുത്തിയതുമായ യാഥാർത്ഥ്യമാണിത്. എന്നാൽ, അമേരിക്കയിലെ ഏറ്റവും സ്വാധീനമുള്ള പത്രങ്ങളിൽ, ഒരു സമാന്തര യാഥാർത്ഥ്യം നിർമ്മിക്കപ്പെടുന്നു-വംശഹത്യ നടക്കാത്ത, ഉദ്ദേശ്യം മായ്ക്കപ്പെടുന്ന, കൂട്ടക്കൊലയെ ദൗർഭാഗ്യകരമായ ആവശ്യകതയാക്കുന്ന യാദൃശ്ചികമായ നാശനഷ്ടം അല്ലെങ്കിൽ നിയന്ത്രിച്ചുനിർത്തലായി- പുനർനിർമ്മിക്കുന്ന ഒരു യാഥാർത്ഥ്യം. ഇത് വെറും പക്ഷപാതമല്ല; ഇത് ഒരു പുതിയ രീതിയിലുള്ള പത്രപ്രവർത്തനത്തിന്റെ ഉദയമാണ്: വംശഹത്യാ പത്രപ്രവർത്തനം.

ജൂലൈ 31ലെ 'ദി ന്യൂയോർക്ക് ടൈംസ്' എന്ന പത്രത്തിൽ ബ്രെറ്റ് സ്റ്റീഫൻസ് എഴുതിയ കോളം നോക്കൂ: "ഇല്ല, ഇസ്രയേൽ, ഗസയിൽ വംശഹത്യ നടത്തുന്നില്ല." കൂട്ടക്കൊലയുടെ വികലമായ കണക്കുകളിലാണ് അദ്ദേഹത്തിന്റെ ഊന്നൽ. "ഇസ്രയേൽ സർക്കാരിന്റെ ഉദ്ദേശ്യം യഥാർത്ഥത്തിൽ വംശഹത്യയാണെങ്കിൽ, എന്തുകൊണ്ട് അത് കൂടുതൽ ചിട്ടയോടുകൂടിയതും വളരെ മാരകവുമാകുന്നില്ല? ഗസയുടെ നശീകരണത്തിനും, പതിനായിരക്കണക്കിന് നിരപരാധികളായ പലസ്തീനികളെ കൊന്നൊടുക്കിയതിനും മതിയായ തെളിവില്ല" സ്റ്റീഫൻസ് തുടരുന്നു. യുദ്ധത്തിൽ കൊല്ലപ്പെട്ട പലസ്തീനികളുടെ എണ്ണം 60,000 മാത്രമാണെന്നും ലക്ഷക്കണക്കിന് അല്ലെന്നുമുള്ള വാദവും അദ്ദേഹം ഉയർത്തുന്നു. ഈ വിചിത്രമായ യുക്തിയിലൂടെ വംശഹത്യയാണ് നടക്കുന്നതെങ്കിൽ മരണസംഖ്യ വളരെയധികം ഉയരേണ്ടതായിട്ടുണ്ട് എന്നാണ് അദ്ദേഹം പറഞ്ഞുവയ്ക്കുന്നത്. എന്നാൽ 70% ത്തിലധികം വീടുകൾ ഇതിനകം തകർക്കപ്പെട്ടു എന്നതാണ് യാഥാർത്ഥ്യം. എല്ലാ സർവകലാശാലകളെയും നിലംപരിശാക്കി, ആരോഗ്യ സംരക്ഷണ സംവിധാനം പൂർണ്ണമായും തകർക്കപ്പെട്ടിരിക്കുന്നു.

2024 അവസാനത്തോടെ ഉപരോധത്തിലൂടെ 1,86,000ത്തിലധികം പരോക്ഷ മരണങ്ങൾ സംഭവിക്കുമെന്ന 'ലാൻസെറ്റ്' പഠനത്തെ ഇത് അവഗണിക്കുന്നു. 'ഗസയിലെ പൗരന്മാരെ മനഃപൂർവ്വം കൊലപ്പെടുത്താനുള്ള ഇസ്രയേലിന്റെ പദ്ധതിക്ക് തെളിവുകളൊന്നുമില്ല' എന്ന സ്റ്റീഫൻസിന്റെ അഭിപ്രായം, യാഥാർത്ഥ്യത്തിന് നിരക്കുന്നതല്ല എന്നുമാത്രമല്ല വിചിത്രവുമാണ്. നിയുക്ത സുരക്ഷിത മേഖലകൾ, ആശുപത്രികൾ, ആംബുലൻസുകൾ, അഭയാർത്ഥി ക്യാമ്പുകൾ എന്നിവിടങ്ങളിൽ ഇസ്രയേൽ ബോംബുകൾ വർഷിക്കുന്നു. ജനസാന്ദ്രതയുള്ള പ്രദേശങ്ങളിൽ 2,000 പൗണ്ട് ഭാരമുള്ള ബങ്കർ ബസ്റ്റർ ബോംബുകൾ ഉപയോഗിക്കുന്നത് സ്വാഭാവികമായും വിവേചനരഹിതമാണ്. ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്ന് ലഭിക്കുന്ന അവശ്യം ഭക്ഷണ സാധനങ്ങൾ വാങ്ങാൻ ഗത്യന്തരമില്ലാതെ ഓടുന്ന വിശന്നുവലഞ്ഞ മനുഷ്യരെപ്പോലും അധിനിവേശ ഇസ്രയേലി സൈന്യം വെടിവച്ചുകൊല്ലുന്നു. ഇതിൽനിന്നൊക്കെ വെളിവാകുന്നത് എന്താണ്?

ഇസ്രയേലിലെ ഉന്നത ഓഫീസുകളിൽ നിന്ന് ഉയർന്ന കേൾക്കുന്നതിതാണ്: പ്രതിരോധമന്ത്രി യോവ് ഗാലന്റ്, 'നമ്മൾ മനുഷ്യമൃഗങ്ങളോട് പോരാടുന്നതിനാൽ പൂർണ്ണ ഉപരോധം പ്രഖ്യാപിക്കുന്നു' എന്നു പറയുന്നു. ദേശീയ സുരക്ഷാ മന്ത്രി ഇറ്റാമർ ബെൻ-ഗ്വിർ 'രണ്ടാമത്തെ നഖ്ബ'ക്കുവേണ്ടി വാദിക്കുന്നു. ഡെപ്യൂട്ടി നെസൈറ്റ് സ്പീക്കർ നിസ്സിം വാതൂരി 'ഗസയെ അറവുശാല ആക്കണ'മെന്ന് ഉദ്ഘോഷിക്കുന്നു. പ്രസിഡന്റ് ഐസക് ഹെർസോഗ് പറയുന്നത് 'ഗസയിലെ സിവിലിയന്മാരെല്ലാം ഹമാസിനൊപ്പമാണ്' എന്നാണ്. അതിനാൽ സ്റ്റീഫൻസിന്റെ ലേഖനം വിശകലനമല്ല; മറിച്ച് കൂട്ടക്കൊലയുടെ യഥാർത്ഥ ഉദ്ദേശ്യം മൂടിവക്കുന്നതിനും, അത് നിയമാനുസൃതമാക്കുന്നതിനുമുള്ള ഒരു ഗൂഢപദ്ധതിയാണ്. ന്യൂയോർക്ക് ടൈംസിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല ഇത്. വാൾ സ്ട്രീറ്റ് ജേണലിന്റെ എഡിറ്റോറിയൽ ബോർഡ് ഇസ്രയേലി സുരക്ഷാ ആവശ്യങ്ങളുടെ കണ്ണിലൂടെ മാത്രമാണ് കൂട്ടക്കൊല ചിത്രീകരിച്ചുകൊണ്ടിരിക്കുന്നത്. അന്താരാഷ്ട്ര നിയമങ്ങൾ, അവ പക്ഷപാതപരമാണെന്നു പറഞ്ഞുകൊണ്ട് തള്ളിക്കളയുകയും, വംശഹത്യയെക്കുറിച്ചുള്ള ഏതൊരു ആരോപണത്തെയും സ്വതസിദ്ധമായ സെമിറ്റിക് വിരുദ്ധതയായി ചിത്രീകരിക്കുകയും ചെയ്യുന്നു. ഭക്ഷണം, വെള്ളം, ഇന്ധനം, മരുന്ന് എന്നിവയുടെ തടസ്സപ്പെടുത്തൽ, ബേക്കറികൾ, കൃഷിഭൂമി എന്നിവയുടെ നാശം, ഹ്യൂമൻ റൈറ്റ്സ് വാച്ച്, ഓക്സ്ഫാം എന്നിവ രേഖപ്പെടുത്തിയ സഹായമെത്തിക്കുന്ന വാഹനവ്യൂഹങ്ങളെ ലക്ഷ്യം വച്ചുള്ള ആക്രമണം തുടങ്ങിയ ഉപരോധത്തിന്റെ വംശഹത്യയുടെ മാനങ്ങളെ, അവരുടെ വിവരണങ്ങൾ മറച്ചുവെയ്ക്കുന്നു. സ്റ്റീഫൻസിന്റെ തന്ത്രങ്ങൾ പകർത്തുന്ന, 'ദി വാഷിംഗ്ടൺ പോസ്റ്റ്' ഇസ്രയേൽ സർക്കാരിന്റെ ചർച്ചാ വിഷയങ്ങൾ ഉയർത്തിപ്പിടിക്കുമ്പോൾ തന്നെ, വംശഹത്യക്ക് തെളിവുകൾ ആവശ്യപ്പെട്ടുകൊണ്ട് നിരൂപകർക്ക് വേദിയൊരുക്കുന്നു. പലസ്തീൻ ദുരിതങ്ങളെക്കുറിച്ച് 'പോസ്റ്റ്' റിപ്പോർട്ട് ചെയ്യുമ്പോൾ, പലപ്പോഴും ഇസ്രയേലി കാഴ്ചപ്പാടുകൾ ഊന്നിപ്പറയുന്ന തലക്കെട്ടുകൾ ഉപയോഗിക്കുകയോ, ഹമാസിനെ വേരോടെ പിഴുതെറിയേണ്ടത് അനിവാര്യമായ ഒന്നായി ചിത്രീകരിക്കുകയോ ചെയ്യുന്നു. പ്രമുഖ പത്രങ്ങളിൽ ഉടനീളമുള്ള ഈ രീതി, സംഘർഷങ്ങളെയും അതിക്രമങ്ങളെയും വിലയിരുത്താൻ ഉപയോഗിക്കുന്ന നിയമപരവും ധാർമ്മികവുമായ ചട്ടക്കൂടുകൾ മനഃപൂർവ്വം തിരസ്കരിക്കുന്നു.

വംശഹത്യയ്ക്ക് കൂട്ടു നിൽക്കുന്ന പത്രപ്രവർത്തന സമ്പ്രദായമാണിത്. നിലവിലുള്ള അതിക്രമങ്ങളെ മനഃപൂർവ്വം നിഷേധിക്കുകയും, അവ്യക്തമാക്കുകയും ചെയ്യുന്നതിനുവേണ്ടിയുള്ള പത്രപ്രവർത്തനമെന്നാണിത്. അന്താരാഷ്ട്ര നിയമങ്ങളെ വളച്ചൊടിക്കുക, നിയമപരമായ നിർവചനത്തിനപ്പുറം വംശഹത്യയുടെ ഉദ്ദേശ്യം തെളിയിക്കുന്നതിന് ഉയർന്ന മാനദണ്ഡങ്ങൾ വക്കുക, കുറ്റവാളിയുടെ ആഖ്യാനത്തിന് പ്രാധാന്യം നൽകുക, ഇരകളുടെ മാനവികതയെ പാർശ്വവൽക്കരിക്കുക, വിമർശനത്തെ നിശബ്ദമാക്കാൻ യഹൂദവിരുദ്ധതയെ ആയുധമാക്കുക, ആത്യന്തികമായി, തീവ്രപ്രവൃത്തികളെ സാധാരണവൽക്കരിച്ചുകൊണ്ട് അതിക്രമങ്ങൾ തുടരുന്നതിന് ജനസമ്മതി സൃഷ്ടിക്കുക എന്നിവയാണ് ഇതിലൂടെ ചെയ്യുന്നത്. അമേരിക്കൻ രാഷ്ട്രീയ, നയതന്ത്ര ഉന്നതർക്ക് ന്യായീകരിക്കാനാവാത്തവയെ വെള്ളപൂശാനായി ഒരു പുകമറ സൃഷ്ടിക്കുക എന്നതാണ് ഇതിന്റെ ധർമ്മം! ഇത് ആരെയാണ് സേവിക്കുന്നത്? പിന്നാമ്പുറങ്ങളിലേക്ക് ഒന്നു നോക്കുക. ഇസ്രയേലിന് ആയുധങ്ങൾ വിതരണം ചെയ്യുന്ന ഒരു പ്രധാന പ്രതിരോധ കരാറു കമ്പനിയായ ബോയിംഗിനെ പ്രശംസിച്ചുകൊണ്ട് സ്റ്റീഫൻസ് മുമ്പ് കോളങ്ങൾ എഴുതിയിട്ടുണ്ട്. 'വാൾ സ്ട്രീറ്റ് ജേണൽ' എഡിറ്റോറിയൽ ബോർഡ് യുഎസ് സൈനിക ചെലവിനെയും ഇടപെടലിനെയും ശക്തമായി പിന്തുണയ്ക്കുന്നു. പ്രതിരോധ വ്യവസായ സഖ്യകക്ഷികൾ ധനസഹായം നൽകുന്ന 'വിദഗ്ധർ ചമച്ചുവിടുന്ന റിപ്പോർട്ടുകളും, ചർച്ചാ വിഷയങ്ങളും ഈ മാധ്യമങ്ങൾ അത്യുത്സാഹത്തോടെ പ്രസിദ്ധീകരിക്കുന്നു. ഈ ബന്ധം എല്ലായ്പ്പോഴും നേരിട്ടു പ്രതിഫലം കിട്ടുന്ന ഒരു സേവനം മാത്രമല്ല; അതൊരു മാരകമായ സഹവർത്തിത്വമാണ്.

ഈ പത്രങ്ങൾ, ബോധപൂർവ്വമോ അല്ലാതെയോ, ഇസ്രയേലിലേക്കുള്ള നിരന്തരമായ ആയുധപ്രവാഹത്തെ -യുദ്ധക്കുറ്റകൃത്യങ്ങൾക്കും വംശഹത്യയ്ക്കും ഉപയോഗിക്കുന്ന ആയുധങ്ങൾ - ചോദ്യം ചെയ്യുന്നത് നിയമവിരുദ്ധമാക്കപ്പെടുന്ന ഒരു അന്തരീക്ഷം വളർത്തുന്നു. അവരുടെ വംശഹത്യാ പത്രപ്രവർത്തനം, സയണിസ്റ്റ് ഇസ്രയേലി ഭരണാധികാരികളുടെ മാർഗ്ഗദർശിയും രക്ഷാധികാരിയുമായ യുഎസിലെ സൈനിക വ്യാവസായിക സമുച്ചയത്തിന്, നാശത്തിൽ നിന്ന് ലാഭം നേടാൻ കഴിയുന്ന രാഷ്ട്രീയ സമവായത്തെ സംരക്ഷിക്കുന്നു. വംശഹത്യയെ നിഷേധിക്കുന്നതിലൂടെ, അതിനെ സഹായിക്കുന്ന ആയുധ കൈമാറ്റത്തെ അവർ പരോക്ഷമായി അംഗീകരിക്കുന്നു.

ഈ സ്ഥാപനങ്ങൾ അവരുടെ പ്രതിരോധത്തിനായി ചൂണ്ടിക്കാണിക്കുന്ന വ്യക്തികൾ ഉയർത്തിപ്പിടിച്ച മൂല്യങ്ങളോടുള്ള അഗാധമായ വഞ്ചനയെയാണ് ഇത് പ്രതിനിധീകരിക്കുന്നത്. ബൂർഷ്വാ ജനാധിപത്യത്തിന്റെ സ്ഥാപക പിതാവും, മുതലാളിത്തത്തിന്റെ വളർച്ചയുടെ കാലഘട്ടത്തിൽ അമേരിക്കയുടെ മൂന്നാമത്തെ പ്രസിഡന്റുമായ തോമസ് ജെഫേഴ്സൺ, മാധ്യമങ്ങളെ സ്വേച്ഛാധിപത്യത്തിനെതിരായ ഒരു കോട്ടയായി വിഭാവന ചെയ്തുകൊണ്ട് എല്ലാവരുടെയും ഏക സുരക്ഷ സ്വതന്ത്ര മാധ്യമങ്ങളിലാണ് എന്ന് പ്രഖ്യാപിച്ചു. അടിമത്ത സമ്പ്രദായത്തെ നേരിടാനുള്ള ധാർമ്മിക അനിവാര്യതയുമായി എബ്രഹാം ലിങ്കൺ മല്ലിട്ടു. വംശഹത്യാ പത്രപ്രവർത്തനം നേരെ വിപരീതമാണ് ചെയ്യുന്നത്: അത് അധികാരത്തിന്റെ സേവകനായി' മാറുന്നു, സ്വേച്ഛാധിപത്യത്തെ മറയ്ക്കുകയും തെറ്റുകളെ വെള്ളപൂശുകയും ചെയ്യുന്നു. ഇസ്രയേലിന്റെ നിരപരാധിത്വത്തിന് 'തെളിവായി കൂടുതൽ' പലസ്തീൻ മൃതദേഹങ്ങൾ വേണമെന്ന സ്റ്റീഫൻസിന്റെ ആവശ്യം ദി ന്യൂയോർക്ക് ടൈംസ് പ്രസിദ്ധീകരിക്കുമ്പോൾ, അത് അഭിപ്രായ സ്വാതന്ത്ര്യം പ്രയോഗിക്കുകയല്ല; ഗസയിൽ ഭയാനകമായ കൂട്ടക്കൊല സാധ്യമാക്കുന്ന മനുഷ്യത്വരഹിത പ്രവർത്തനങ്ങളുടെ തനിപ്പകർപ്പാവുകയാണ്. സാക്ഷ്യം വഹിക്കാനും, സത്യം പറയാനും നിർദ്ദേശിക്കുന്ന സത്യസന്ധമായ പത്രപ്രവർത്തന സംഹിതയോടുള്ള കടമ അത് ഉപേക്ഷിക്കുന്നു.

പ്രത്യാഘാതങ്ങൾ ഗുരുതരമാണ്. ഭരണകർത്താക്കളും അവരുടെ ആജ്ഞാനുവർത്തികളായ നയരൂപീകരണ വിദഗ്ദരും, സേവകരായ അക്കാദമിക് വിദഗ്ദരും പൊതുജനങ്ങളെ ആശയക്കുഴപ്പത്തിലാക്കാനും കബളിപ്പിക്കാനും ഉപയോഗിക്കുന്ന ആഖ്യാനങ്ങളെ ഈ പത്രങ്ങൾ രൂപപ്പെടുത്തുന്നു. അവരുടെ നിഷേധം മനസ്സാക്ഷിയെ മരവിപ്പിക്കുകയും, നടപടികളെ തളർത്തുകയും, യുദ്ധക്കുറ്റവാളികൾക്കും ഭ്രാന്തന്മാർക്കും ശിക്ഷ ലഭിക്കാതിരിക്കാനുള്ള ന്യായീകരണമാകുകയും ചെയ്യുന്നു. ബോംബുകളുടെയും ഉപരോധങ്ങളുടെയും പേരിൽ ഗസ പട്ടിണി കിടക്കുമ്പോൾ, അമേരിക്കയിലെ പ്രമുഖ പത്രങ്ങളിലെ വംശഹത്യാ പത്രപ്രവർത്തനം ഒരു ദുരന്തത്തെക്കുറിച്ച് റിപ്പോർട്ട് ചെയ്യുക മാത്രമല്ല; അവർ കുറ്റകൃത്യത്തിന്റെ ഭാഗഭാക്കാകുകയാണ്. ഇരകളെ നിശബ്ദരാക്കുന്നത് മോശം പത്രപ്രവർത്തനമാണ്. അവരുടെ ഉന്മൂലനത്തെ നിഷേധിക്കുന്നത് അതിലേറെ മോശവും, കുറ്റകൃത്യത്തിലെ പങ്കാളിത്തം ഏറ്റുകയുമാണ്. അതിനെ പേരെടുത്ത് പറയുകയും, അഭിമുഖീകരിക്കുകയും, നിർത്തലാക്കുകയും വേണം. അല്ലാത്തപക്ഷം അമേരിക്കൻ പത്രപ്രവർത്തനത്തിന് ഇപ്പോഴുള്ള നാമമാത്രമായ വിശ്വാസ്യത കൂടി, ഇല്ലാതാകും. ഭരണകക്ഷിയായ യുഎസ് കത്തകകളുടെയും ബഹുരാഷ്ട്ര കമ്പനികളുടെയും തികഞ്ഞ നുണയും ലജ്ജയില്ലാത്ത പാദസേവയും കണ്ട് യുഎസ് ജനതയും ആഗോള വായനക്കാരും നിങ്ങളെ കൈവെടിയും. ■

കാശ്മീരിൽ ഹിന്ദി അടിച്ചേൽപ്പിക്കരുത്

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷിന്റെ പ്രസ്താവന

ജമ്മു-കാശ്മീരിലെ പരസ്യങ്ങളിലും ബോർഡുകളിലും ഉർദു ഭാഷയ്ക്കുപകരം ഹിന്ദി ഉപയോഗിക്കാനുള്ള ഭരണകൂടത്തിന്റെ കുത്സിതമായ നീക്കത്തെ സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) ശക്തമായി അപലപിക്കുന്നു. വിവിധ പ്രാദേശിക ഭാഷകൾക്കൊപ്പം വ്യാപകമായി സംസാരിക്കപ്പെടുന്നതും, ചരിത്രപരവും സാംസ്കാരികവുമായ പ്രാധാന്യമുള്ളതും, ഔദ്യോഗിക ഭാഷകളിലൊന്നായി അംഗീകരിക്കപ്പെട്ടതുമായ ഉർദുവിനു പകരം ബോധപൂർവ്വം നിർബന്ധിച്ച് ഹിന്ദി അടിച്ചേൽപ്പിക്കാനുള്ള നീക്കമാണിത്.

ഇന്ത്യൻ ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഉർദു ഭാഷയെ ആസൂത്രിതമായി പാർശ്വവൽക്കരിക്കാനുള്ള ഈ ശ്രമത്തിൽ ഞങ്ങൾ കടുത്ത ആശങ്ക രേഖപ്പെടുത്തുന്നു. ഉൽകൃഷ്ടമായ സാഹിത്യം, കവിത, ക്ലാസിക്കൽ ഗസലുകൾ എന്നിവക്ക് വലിയ സംഭാവനകൾ നൽകിയിട്ടുള്ള ഒരു സമ്പന്നമായ പാരമ്പര്യം ഉർദു ഭാഷയ്ക്കുണ്ട്. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിലെ പല നേതാക്കളുടെയും ആശയവിനിമയa ഉപാധിയായിരുന്നു ഈ ഭാഷ. കാലക്രമേണ, ഉർദു വെറുമൊരു ആശയവിനിമയ ഉപാധി എന്നതിലുപരി, ഇന്ത്യയുടെ സാംസ്കാരിക വിതാനത്തിന്റെ അവിഭാജ്യ ഘടകമായി മാറിയിരിക്കുന്നു.

ജമ്മു-കാശ്മീരിലെ ദൈനംദിന കാര്യങ്ങളിൽ ഉർദുവിനുപകരം ഹിന്ദി ഉപയോഗിക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനം താഴ്‌വരയിലെ ജനങ്ങളുടെ അകൽച്ചയുടെ ആഴം വർദ്ധിപ്പിക്കാനും, അതു വഴി രാജ്യത്തിന്റെ മുഖ്യധാരയുമായുള്ള അവരുടെ യഥാർത്ഥ സംയോജനത്തിന് തടസ്സമുണ്ടാക്കാനും സാധ്യതയുണ്ട്.

ഹിന്ദി ഭാഷ നിർബന്ധപൂർവം അടിച്ചേൽപ്പിക്കാനുള്ള കേന്ദ്രസർക്കാരിന്റെ ഈ തീരുമാനം ജനങ്ങൾക്കിടയിൽഭിന്നതവളർത്താൻ മാത്രമേ ഉപകരിക്കൂ. , സാംസ്കാരിക ഐക്യം ഭാഷാപരമായ ആധിപത്യത്തിലൂടെ നേടാനാവില്ല, അത് വിവിധ ഭാഷകളോടുള്ള യഥാർത്ഥ ബഹുമാനത്തിൽ വേരൂന്നിയതാകണം. കാശ്മീരിൽ ഹിന്ദി അടിച്ചേൽപ്പിക്കുന്നതിനുള്ള ഈ ശ്രമത്തെ ഞങ്ങൾ ശക്തമായി എതിർക്കുന്നു, ഈ ജനാധിപത്യ വിരുദ്ധ നീക്കം കേന്ദ്ര സർക്കാർ ഉടൻ അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നു. ■

ബാനർ സാംസ്കാരിക സമിതി കണ്ണൂർ ജില്ലാകമ്മിറ്റി സംഘടിച്ച 'എം.ജി.എസും കേരള ചരിത്രവും' എന്ന പരിപാടിയിൽ സംസ്ഥാന കൺവീനർ കെ.കെ.സുരേന്ദ്രൻ പ്രഭാഷണം നടത്തുന്നു.

വിക്ടർ ഹ്യൂഗോയുടെ 'പാവങ്ങളു'ടെ വിവർത്തനത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച് ബാനർ സാംസ്കാരിക സമിതി കോട്ടയം കുറിച്ചിയിൽ അക്ഷരമുറ്റത്ത് നടത്തിയ സംഗമത്തിൽ പ്രശസ്ത സാഹിത്യകാരൻ ബാബു കുഴിമറ്റം പ്രസംഗിക്കുന്നു.

കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയന്റെ നേതൃത്വത്തിൽ നിർമ്മാണത്തൊഴിലാളികൾ സെക്രട്ടേറിയറ്റ് നടയിൽ നടത്തിയ ധർണ്ണ എഐയുറ്റിയുസി സംസ്ഥാന പ്രസിഡന്റ് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു.

നിർമ്മാണ തൊഴിലാളികളുടെ സെക്രട്ടേറിയറ്റ് ധർണ്ണ

17 മാസത്തെ പെൻഷൻ കുടിശികയും മറ്റ് ആനുകൂല്യങ്ങളും ഉടൻ നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ സെക്രട്ടേറിയറ്റിനു മുന്നിൽ ധർണ്ണ നടത്തി. യൂണിയൻ സംസ്ഥാന പ്രസിഡന്റ് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്തു.

തൊഴിലാളികളുടെ ക്ഷേമത്തിന് രൂപീകരിച്ച ക്ഷേമനിധി ബോർഡുകൾ തൊഴിലാളികളെ ചൂഷണം ചെയ്യുന്ന സംവിധാനമാക്കി സർക്കാർ മാറ്റിയെന്ന് അദ്ദേഹം ആരോപിച്ചു. പ്രതിമാസം 50 രൂപ വീതം തൊഴിലാളി നല്കുന്ന അംശാദായവും തൊഴിലാളികളുടെ തന്നെ അദ്ധ്വാനത്തിന്റെ ഭാഗമായി ലഭിക്കുന്ന നിർമ്മാണ സെസ്സും ചേർന്ന വലിയ ഫണ്ട് ക്ഷേമനിധിയിലെത്തുന്നുണ്ട്. ഉദ്യോഗസ്ഥരുടെ ശമ്പളത്തിനും ഓഫീസ് ചെലവിനുമായി ഈ തുക ചെലവഴിക്കുമ്പോൾ തൊഴിലാളികൾ പട്ടിണിയും രോഗവും കൊണ്ട് മരണമടയുകയാണ്. ക്ഷേമനിധി ആനുകൂല്യങ്ങൾ നല്കാൻ പെട്രോളിനും ഡീസലിനും പ്രത്യേക സെസ്സ് ഏർപ്പെടുത്തി പിരിച്ചെടുക്കുന്ന കോടികൾ എന്തു ചെയ്യുകയാണെന്ന് സർക്കാർ വ്യക്തമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. സംസ്ഥാനവൈസ്പ്രസിഡന്റ്എൻ.എസ്.ബിജുമോൻ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി വി.പി. കൊച്ചുമോൻ സ്വാഗതം പറഞ്ഞു. എഐയുറ്റിയുസി സംസ്ഥാന സെക്രട്ടറി ബി. വിനോദ് മുഖ്യ പ്രസംഗം നടത്തി. എ.ജി. അജയകുമാർ, ബി.രാമചന്ദ്രൻ, ബിജു സേവ്യർ, സി.കെ.ശിവദാസൻ, സി.കെ.രാജേന്ദ്രൻ, കെ.എസ്.ചെല്ലമ്മ, ശശി പള്ളിപ്പുറം തുടങ്ങിയവർ പ്രസംഗിച്ചു.

തൊഴിലാളിക്ഷേമനിധി ഫണ്ട് വകമാറ്റി ചെലവഴിക്കരുത്, ക്ഷേമനിധിയിൽ നിന്നും സർക്കാർ എടുത്ത കോടികൾ തിരിച്ചു നൽകുക, വൻകിട നിർമ്മാണ കമ്പനികളിൽ നിന്നും സെസ്സ് ഇനത്തിൽ ലഭിക്കാനുള്ള കോടികൾ പിരിച്ചെടുത്ത് തൊഴിലാളികളുടെ പെൻഷൻ കുടിശികയും നൽകുക, ഓഫീസ് പ്രവർത്തനത്തിനും ഓഫീസ് ജീവനക്കാരുടെ ശമ്പളത്തിനും സർക്കാർ ഫണ്ട് നൽകുക തുടങ്ങിയ ഡിമാന്റുകളും സംഘടന ഉന്നയിച്ചു. ■

ഉന്നതവിദ്യാഭ്യാസ സംരക്ഷണ കൺവൻഷൻ

സർവകലാശാലകളുടെമേലുള്ള സംഘപരിവാർ കൈകടത്തലുകൾ അവസാനിപ്പിക്കുക, സ്വകാര്യ സർവകലാശാല ബിൽ പിൻവലിക്കുക, ഫീസ് വർദ്ധനവ് പിൻവലിക്കുക, യുജിസി ഗൈഡ്‌ലൈൻ പിൻവലിക്കുക, പാരലൽ കോളേജുകളെ സംരക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങൾ മുൻനിർത്തി എഐഡിഎസ്ഒയുടെ ആഭിമുഖ്യത്തിൽ ആലപ്പുഴ ജെൻഡർ പാർക്കിൽ ഉന്നത വിദ്യാഭ്യാസ സംരക്ഷണ കൺവൻഷൻ നടന്നു.

ഉന്നതവിദ്യാഭ്യാസ സംരക്ഷണ കൺവൻഷൻ എഐഡിഎസ്ഒ അഖിലേന്ത്യ ജനറൽ സെക്രട്ടറി ശിബാശിഷ് പ്രഹരാജ് ഉദ്ഘാടനം ചെയ്യുന്നു.

എഐഡിഎസ്ഒ അഖിലേന്ത്യ ജനറൽ സെക്രട്ടറി ശിബാശിഷ് പ്രഹരാജ് ഉദ്ഘാടനം ചെയ്ത കൺവൻഷനിൽ ആൾ ഇന്ത്യാ സേവ് എഡ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന വൈസ് പ്രസിഡന്റ് എം.ഷാജർഖാൻ മുഖ്യ പ്രഭാഷണം നടത്തി. സംസ്ഥാന സെക്രട്ടറി അഡ്വ. ഇ.എൻ.ശാന്തിരാജ്, എഐഡിഎസ്ഒ ജില്ലാ പ്രസിഡന്റ് വി.പി.വിദ്യ, സെക്രട്ടറി അലൻ റോയ്, വൈസ് പ്രസിഡന്റ് എസ്.പ്രത്യൂഷ്, ജോയിന്റ് സെക്രട്ടറി എ.തിങ്കൾ എന്നിവർ പ്രസംഗിച്ചു. ■

മുഖ്യമന്ത്രിക്ക് പത്തുലക്ഷംപേർ ഒപ്പിട്ട നിവേദനം സമർപ്പിക്കും

സർക്കാർ ഫണ്ടിംഗ് വർദ്ധിപ്പിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുക, വിദ്യാർത്ഥികളുടെ യാത്ര ചെലവ് സർക്കാർ ഏറ്റെടുത്ത് സൗജന്യമാക്കുക, അശാസ്ത്രീയമായ സ്കൂൾ സമയ വർദ്ധന പിൻവലിക്കുക, ഹയർസെക്കൻഡറിയിൽ ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ നടപ്പിലാക്കരുത്, നാലുവർഷ ഡിഗ്രി പിൻവലിക്കുക, സ്വകാര്യ സർവകലാശാല ബിൽ തള്ളിക്കളയുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ആൾ ഇന്ത്യ ഡെമോക്രാറ്റിക് സ്റ്റുഡൻസ് ഓർഗനൈസേഷൻ(എഐഡിഎസ്ഒ) സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പത്തുലക്ഷംപേർ ഒപ്പിട്ട നിവേദനം മുഖ്യമന്ത്രിക്ക് സമർപ്പിക്കും.

ആഗസ്റ്റ് 10 മുതൽ ഒക്ടോബർ 10 വരെ നടക്കുന്ന ഒപ്പുശേഖരണത്തിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പ്രചരണ പരിപാടികൾ സംഘടിപ്പിക്കും ■

ജനകീയ പ്രതിരോധ സമിതി പ്രതിഷേധ സംഗമം

സർക്കാർ ആശുപത്രികളിൽ സൗജന്യ പരിശോധനയും മരുന്നും ചികിത്സയും ഉറപ്പാക്കുക, ആവശ്യത്തിന് ഡോക്ടർമാരെയും നേഴ്സുമാരെയും ജീവനക്കാരെയും നിയമിക്കുക തുടങ്ങിയ ആവശ്യങ്ങളുയർത്തി സംസ്ഥാനത്തുടനീളം നടത്തിവരുന്ന പ്രക്ഷോഭ പരിപാടികളുടെ ഭാഗമായി കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി പത്തനംതിട്ട ജില്ലാകമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധ സംഗമം നടത്തി. ജനകീയ പ്രതിരോധ സമിതി സംസ്ഥാന കൗൺസിൽ അംഗം അഡ്വ. ടി. എച്ച്.സിറാജുദ്ദീൻ ഉദ്ഘാടനം ചെയ്തു.

Volume: 52 No:5 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: Jaison Joseph.